# നിത്യജീവങ്കലേക്ക് ദൈവം എന്നെ തിരഞ്ഞെടുത്തു

**ഹംറാൻ അംബ്രി**

*Published by*

P.O. BOX 45, KAYAMKULAM - 690 502,
KERALA.
PH: 0479 - 2444286

**GOD HAS CHOSEN FOR ME EVERLASTING LIFE**
*(Malayalam)*

By
**HAMRAN AMBRIE**

Published by

P.O. Box 45,
Kayamkulam - 690 502,
Kerala
PH: 0479 - 2444286

Price Rs. 5-00

No. of Copies: 5,000

All rights strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

Printed at :
**P.P. George & Sons**
Printers & Publishers
Angamaly - 683 572 - India.
Ph : 0484-2456719, 2456819, 2456919

# ഉള്ളടക്കം

ദൈവം വ്യക്തിപരമായി എന്നോട് സംസാരിക്കുന്നു 5

1. യേശുവിനെ ദൈവപുത്രൻ എന്ന് വിളിക്കുന്നു 21

2. യേശുക്രിസ്തു കർത്താവ് എന്നും വിളിക്കപ്പെട്ടു (തുഹാൻ) 25

3. ക്രിസ്തീയ മാർഗ്ഗത്തിലെ ഏകദൈവവിശ്വാസം 31

4. ദൈവത്തിന്റെ ത്രിത്വസിദ്ധാന്തം 38

5. യേശുക്രിസ്തുവിന്റെ മരണവും ഉയിർത്തെഴുന്നേല്പും 42

6. വേദപുസ്തകത്തിന്റെ പരമാർത്ഥത 57

7. ചുറ്റുപാടുകൾക്കെതിരെയുള്ള എന്റെ പോരാട്ടം 62

# ദൈവം വ്യക്തിപരമായി എന്നോട് സംസാരിക്കുന്നു

മുഹമ്മദീയ പ്രസ്ഥാനത്തിന്റെ ഒരു സംഘാടകൻ, ഇസ്ലാമിന്റെ ഒരു മതപ്രഭാഷകൻ എന്ന നിലയ്ക്ക് മുൻകാല ങ്ങളിൽ ഞാൻ ഒരു സജീവമായ മുസ്ലീം ആയിരുന്നു. 1947 ൽ K.H.Idham Chalid (ഇദാൻ ഖാലിദ്)നോടൊത്ത് Amuntai (അ മുൻടായി)യിൽ വച്ചു നടത്തപ്പെട്ട കലിമന്റൻ മുസ്ലീം കോൺഗ്ര സ്സിന്റെ അദ്ധ്യക്ഷനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. ബഞ്ചാർ മസിനിൽ വച്ചു 1950–51 കാലങ്ങളിൽ സെക്കന്റ് ലെഫ്ടനന്റിന്റെ പദവിയോട് കൂടെ ഞാൻ സൈന്യത്തിലെ ഒരു മുസ്ലീം പുരോ ഹിതനായും അവരോധിക്കപ്പെട്ടു.

സോലോയിൽ നിന്ന് (Solo) പ്രസിദ്ധീകരിക്കുന്ന മിൻഞ്ചുവാൻ ആദിൽ (Mingguan Adil) ജക്കാർത്തയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മിൻഞ്ചുവാൻ റിസാല ജിഹാദ് (Ming guan Risalah Jihad) ബാൻതുങ്ങിൽ (Bandung) നിന്നുള്ള മിൻഞ്ചു വാൻ ആന്റി കമ്മ്യൂണിസ്റ്റ് (Mingguan Anti Komunis) എന്നീ ഇസ്ലാമിക മാസികകളിൽ എന്റെ ലേഖനങ്ങൾ പ്രസിദ്ധീകരി ച്ചു. (Muara Teveh (Brito) മൗറ തിവാ(ബ്രിടോ)യിലുള്ള അക്രമ കാരികളായ ക്രിസ്തീയ മതവിദ്വേഷികളോടൊത്ത് 1936 മുതൽ ഞാൻ സഹകരിച്ചു പ്രവർത്തിക്കുകയും 1962 വരെ ഇന്തോ നേഷ്യയിൽ ഇസ്ലാമിക് ഭരണം സ്ഥാപിക്കുവാനായി പരിശ്ര മിച്ച വിഭാഗങ്ങളോട് ഞാൻ വളരെ അധികം സഹാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്തു. ഇത് സ്വാഭാവികമായി ക്രിസ്ത്യാ നികൾക്ക് എതിരായ നിലപാടാണല്ലോ? വാസ്തവത്തിൽ 1936 മുതൽക്കേ ഒരു ബൈബിൾ എനിക്ക് സ്വന്തമായുണ്ടായിരുന്നു. എങ്കിലും സത്യം കണ്ടെത്തുവാനായി അത് വായിക്കുന്നതിന്

പകരം മുസ്ലീം എന്ന നിലക്ക് എന്റെ നിലപാടുകളെ സാധൂക രിക്കുകയും തന്നിമിത്തം വളരെ അർത്ഥവത്തായ വിധത്തിൽ ക്രിസ്തീയ വിശ്വാസത്തെ എതിർക്കുകയും ചെയ്യാമല്ലോ എന്ന് കരുതിയാണ് അതിലെ ഓരോ ഖണ്ഡികകളും ഞാൻ പരി ശോധിച്ചത്.

40 വയസ്സ് വരെയും ക്രിസ്തുവിന്റെ ദിവ്യത്വം നിരാക രിച്ച ഒരു അപവാദിയായിരുന്നു ഞാൻ. മനഃപൂർവ്വം ഞാൻ സത്യത്തെ പരിഹസിക്കുകയും നിഷേധിക്കുകയും ചെയ്തു. എന്നിരുന്നാലും എന്നെ തേടി, കണ്ടുപിടിച്ചു, രക്ഷിക്കുവാൻ മാത്രം ദൈവത്തിന്റെ സ്നേഹം അത്ര വലുതായിരുന്നു.

1962-ൽ പള്ളിയിൽ പ്രസംഗിക്കുവാനായി ഞാൻ പ്രസംഗം എഴുതിക്കൊണ്ടിരുന്നപ്പോൾ എന്റെ ധ്യാനവചനമായ സൂറ അൽമായിദയിലെ 68-ാം വചനത്തെക്കുറിച്ചു കൂടുതലായി ചിന്തിക്കുവാൻ ഇടയായി. അതിപ്രകാരം പറയുന്നു.

وَقُلْ يَـٰأَهْلَ ٱلْكِتَـٰبِ لَسْتُمْ عَلَىٰ شَىْءٍ حَتَّىٰ تُقِيمُوا
ٱلتَّوْرَىٰةَ وَٱلْإِنجِيلَ وَمَا أُنزِلَ إِلَيكُم مِّن رَّبِّكُمْ.

"നീ പറയുക: വേദക്കാരേ! തൗറാത്തും, ഇഞ്ചീലും അല്ലാഹുവിങ്കൽ നിന്ന് നിങ്ങൾക്കിറക്കപ്പെട്ടിട്ടുള്ള സന്ദേശ ങ്ങളും നിങ്ങൾ നിലനിർത്തുന്നത് വരെ നിങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല."

ഒരു നൂറ് പ്രാവശ്യം ഈ വചനങ്ങൾ ഞാൻ വായിച്ചി ട്ടുണ്ട് എങ്കിലും അവസാനമായാണ് ഖുർ-ആൻ പ്രതിപാദിക്കുന്ന തൗറാത്തും സുവിശേഷവും യഥാർത്ഥത്തിൽ ഇന്നും ബൈബി ളിലുള്ള തൗറാത്തും സുവിശേഷവും എന്നു ദൈവം എന്റെ അന്തഃകരണത്തിൽ മന്ത്രിച്ചത്. ഖുർ ആനിൽ പ്രസ്താവിക്ക

പ്പെട്ടിട്ടുള്ള തൗറാത്തും ഇഞ്ചീലും അതിന്റെ തനതായ നിലയിൽ നിലനില്ക്കുന്നില്ലെന്നും അതിലെ ആശയങ്ങളെല്ലാം ഖുർ ആനിൽ സംക്ഷേപിക്കപ്പെട്ടിരിക്കുന്നു എന്നുമായിരുന്നു എല്ലായ്പ്പോഴും ഞാൻ ചിന്തിച്ചിരുന്നത്. അത്കൊണ്ട് ബൈബിളിനെ രൂപപ്പെടുത്തുന്ന തൗറാത്തും ഇഞ്ചീലും മിഥ്യയാണെന്നും, അതിന്റെ യഥാർത്ഥ ഉള്ളടക്കം തെറ്റായി ക്രമീകരിക്കുകയും മനുഷ്യരാൽ അത് കൂട്ടലുകൾക്കും കുറക്കലുകൾക്കും വിധേയമായിട്ടുണ്ടെന്നും എനിക്കു ബോധ്യമായിരുന്നു.

എന്നാൽ വേദപുസ്തകത്തിൽ ഇപ്പോൾ തൗറാത്തും ഇഞ്ചീലും സത്യമാണെന്ന് എന്റെ ഹൃദയം പറഞ്ഞു. പക്ഷെ എന്റെ ബുദ്ധി ഈ ആന്തരീക ശബ്ദത്തെ നിരന്തരം എതിർത്തു. ഇത് സത്യമല്ല! ബൈബിളിലെ തൗറാത്തും ഇഞ്ചീലും തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പറയുകയും ചെയ്തു. എന്റെ മനഃസ്സാക്ഷിയെയും ആത്മാവിനെയും എന്റെ ചിന്തകൾ എതിർത്തപ്പോൾ ഏതായിരിക്കും ശരി എന്നതിനെക്കുറിച്ചു ഞാൻ സംശയാലുവായിതീരുകയും ചെയ്തു. എന്റെ മനസ്സാക്ഷിക്കു സമാധാനം വരുത്തുവാനായി ഞാൻ ഈ പ്രശ്നം അർദ്ധരാത്രിയിലെ പ്രാർത്ഥനയ്ക്ക് കൊണ്ടുവന്നു. (തവാജൂദ് നമസ്ക്കാരം) സത്യത്തിന് വേണ്ടിയുള്ള വ്യക്തമായ അടയാളം ആവശ്യപ്പെട്ടുകൊണ്ടു ദൈവത്തോടുള്ള പ്രാർത്ഥനയാണിത്. ഈ രണ്ട് വിശ്വാസങ്ങളിൽ ഏതാണ് ശരിയെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ സഹായിക്കണമെന്ന് ഞാൻ പ്രാർത്ഥിച്ചു. അതിപ്രകാരമായിരുന്നു. “ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചവനായ ദൈവമേ, മുസ്ലീംകളുടെയും, ക്രിസ്ത്യാനികളുടെയും ബുദ്ധമതക്കാരുടെയും ദൈവമേ, ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും ദൈവവുമായുള്ളോവേ, പർവ്വതങ്ങളുടെയും താഴ്വരകളുടെയും നാഥനേ, ഈ അഖിലാണ്ഡത്തിന്റെയും ദൈവമേ; സുവിശേഷത്തെക്കുറിച്ചും തൗറാത്തിനെക്കുറിച്ചും ഖുർ ആനിൽ എന്താണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതെന്ന് എനിക്കു കാണിച്ചു തരേണമെ, മൂലകൃതി നിലനി

ല്ക്കുന്നില്ലെന്നിരിക്കെ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും ആശയങ്ങളുടെ സംക്ഷിപ്തം ഖുർ ആനിലുണ്ട് എന്നാണോ ഇതിനർത്ഥം ? ഖുർ ആനിൽ തൗറാത്തിന്റെയും സുവിശേഷ ത്തിന്റെയും "സത്ത" ഉള്ളതിൽ അവയുടെ മൂലകൃതികൾ റദ്ദാ ക്കപ്പെട്ടു എന്ന് അർത്ഥമാകുന്നോ? ഇത് സത്യമെങ്കിൽ, ദൈവമേ ഇനി ഒരിക്കലും ബൈബിൾ പഠിക്കാതിരിക്കുവാൻ എന്നെ ശക്തീകരിക്കേണമെ എന്ന് ഞാൻ നിന്നോട് കേണ പേക്ഷിക്കുന്നു. മറിച്ചു ഖുർ ആൻ പ്രതിപാദിക്കുന്ന തൗറാ ത്തിലും ഇഞ്ചീലിലുമാണ് സത്യമെങ്കിൽ, അതെ ഇന്ന് കാണ പ്പെടുന്ന ബൈബിളിലാണ് സത്യമെങ്കിൽ, സത്യസന്ധമായി വേദപുസ്തകം പഠിക്കുവാൻ ആകാംക്ഷയുള്ളവനായി തീരേ ണ്ടതിന് എന്റെ ഹൃദയത്തെ ദയവായി തുറന്നു തരേണമെ".

എന്റെ തീരുമാനം എടുക്കുന്നതിന് ആരുടെയും സഹായം ഞാൻ ആവശ്യപ്പെട്ടില്ല. ഒരു മതപ്രഭാഷകനോടൊ, ദൈവഭക്തനായ ഒരു മുസ്ലീമിനോടൊ, വ്യുൽപന്നരും ധിഷ ണാശാലികളുമായ എന്റെ സുഹൃത്തുക്കളോടൊ ഞാൻ സഹായം ആവശ്യപ്പെട്ടില്ല. പ്രത്യുത ദൈവത്തിന്റെ സ്വർഗ്ഗീയ ഹിതത്തിനനുസൃതമായി സത്യസന്ധമായ തീരുമാനത്തിൽ ഞാൻ എത്തിച്ചേരേണ്ടതിന് സർവ്വജ്ഞാനിയായ ദൈവം തന്നെ എനിക്കുവേണ്ടി തിരഞ്ഞെടുത്തുതരണമെന്ന് ഞാൻ അവനോട് ആവശ്യപ്പെട്ടു. ദൈവം തന്നെ സത്യം എനിക്ക് തിര ഞ്ഞെടുത്തു തരണമെന്നും യഥാർത്ഥ സത്യമതം ഇന്നതാ ണെന്ന് അറിയുവാനും അംഗീകരിക്കുവാനും ആവശ്യമായ ദൈവനടത്തിപ്പിന്നായും ആത്മാർത്ഥമായും തീഷ്ണമായും ഞാൻ അപേക്ഷിച്ചു.

മരണാനന്തരം യഥാർത്ഥ ജീവിതമുണ്ടെന്ന് ഓരോ മത വിശ്വാസിയും പ്രത്യാശിക്കുന്നു. ഈ വ്യക്തികളിൽ ഒരുവനെന്ന നിലക്ക് എന്റെ പ്രത്യാശയും ഞാൻ ദൈവത്തിൽ സമർപ്പിക്കു ന്നു. മരണാനന്തരം നമുക്കു പോകുവാൻ രണ്ട് സ്ഥലമേ ഉള്ളൂ

എന്ന് ഞാൻ വിശ്വസിച്ചു. ഒന്നുകിൽ അനന്തമായ ശിക്ഷയോ ടുകൂടിയ അനശ്വര അഗ്നികുണ്ഡം-നരകം; അല്ലെങ്കിൽ അന ശ്വരമായ സൗഭാഗ്യത്തിൽ ദൈവത്തോട് കൂടെ സ്വർഗ്ഗത്തിൽ. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എന്റെ നിത്യതയെ ക്കുറിച്ചു നിസ്സാരമായി ചിന്തിക്കുവാൻ എനിക്ക് കഴിഞ്ഞില്ല.

ഉദാഹരണമായി: 10 ഗ്രാം ശുദ്ധമായ സ്വർണ്ണം നാം വാങ്ങി എന്നിരിക്കട്ടെ, ആരും നമ്മെ വഞ്ചിച്ചിട്ടില്ലെന്ന് ഉറപ്പുവ രുത്തുവാനും ഭാവിയിൽ ഇത് മുഖേന ദുഃഖിക്കുവാൻ ഇടവ രാതിരിക്കുവാനുമായി അത് നാം ശ്രദ്ധയോടെ പരിശോധിക്കേ ണ്ടതായിട്ടുണ്ട്. എങ്കിൽ നാം നമ്മുടെ ആത്മാവിന്റെ ഭാവിയെ ക്കുറിച്ചു എത്രമാത്രം ഗൗരവത്തോടെ ചിന്തിക്കേണ്ടിയിരിക്കു ന്നു. ആ സ്വർഗ്ഗീയ ജീവിതത്തിന്റെ ഉടമസ്ഥനായ ദൈവത്തിന്റെ ഹിതമനുസരിച്ച് നമ്മുടെ ആരാധനയെ പരിശോധിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്. അല്ലാത്തപക്ഷം നമ്മുടെ അശ്ര ദ്ധയെക്കുറിച്ചു പിന്നീട് നാം ദുഃഖിക്കേണ്ടിവരും. സ്വർഗ്ഗത്തി ന്റെയും നരകത്തിന്റെയും സ്രഷ്ടാവ് ദൈവം തന്നെ ആണെന്ന് എനിക്ക് എല്ലായ്പ്പോഴും ഉറപ്പായിരുന്നു. അതുകൊണ്ട് തന്നെ യാണ് യാതൊരു മനുഷ്യരുടെയോ വിശേഷിച്ച് ക്രിസ്ത്യാനി കളുടെയോ മുസ്ലീം പുരോഹിതന്മാരുടെയോ ആലോചന ചോദി ക്കാതിരുന്നതും. അവർ മനുഷ്യരാണ്. അതുകൊണ്ടുതന്നെ ദൈവഹിതപ്രകാരമുള്ള യഥാർത്ഥ സത്യം അവർക്കു അറി യുവാനും കഴിയുന്നില്ല. നേരെ ഞാൻ ദൈവത്തെ സമീപിച്ചു. അവനാണ് സർവ്വ സത്യത്തിന്റെയും ഉടമസ്ഥൻ, പ്രത്യാശ യോടെ അവനോട് യാചിച്ചു. യഥാർത്ഥ മാർഗ്ഗദർശനം അവൻ നല്കുമെന്ന് വിശ്വസിക്കുകയും ചെയ്തു.

ദൈവത്തിന് സ്തുതി! എന്റെ പ്രാർത്ഥനക്കെല്ലാം ദൈവം ഉത്തരം നല്കി. ആത്മാർത്ഥമായി സത്യം അറിയണ മെന്ന് ആവശ്യപ്പെടുന്ന ഏവർക്കും അവൻ അത് നൽകുമെന്ന് ഇത് തെളിയിക്കുന്നു.

അൽമാഇദ 68-ാം വചനം കൂടാതെ ഖുർ ആനിലെ മറ്റനേകം വചനങ്ങളും ആ അവസരത്തിൽ എന്റെ ഹൃദയത്തെ സ്പർശിച്ചു. ഉദാഹരണമായി

സൂറ : അസ്സജദ: 23

وَلَقَدْ آتَيْنَا مُوسَى ٱلْكِتَـٰبَ فَلَا تَكُنْ فِي مِرْيَةٍ مِّن لِّقَآئِهِ.

"തീർച്ചയായും നാം മൂസക്ക് ഗ്രന്ഥം നല്കി (തൗറാത്ത്) അത്കൊണ്ട് (ഓ മുഹമ്മദ്) അത് അംഗീകരിക്കുവാൻ നീ വിമുഖത കാണിക്കരുത്.

സൂറ: അൽമഇദ: 46

وَقَفَّيْنَا عَلَىٰٓ أَثَٰرِهِم بِعِيسَى ٱبْنِ مَرْيَمَ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ وَأَتَيْنَـٰهُ ٱلْإِنجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلتَّوْرَىٰةِ وَهُدًى وَمَوْعِظَةً لِّلْمُتَّقِينَ.

(ആ മുൻപ്രവാചകന്മാരുടെ) കാലടികളെ പിൻതുടർന്നുകൊണ്ട് നടക്കുവാനായി മർയമിന്റെ മകൻ ഈസായെ നാം അയച്ചു. തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെച്ചുകൊണ്ടാണ് (അദ്ദേഹം വന്നത്) അദ്ദേഹത്തിന് നാം ഇഞ്ചീല് നല്കി. അതിൽ മാർഗ്ഗ നിർദ്ദേശവും പ്രകാശവുമുണ്ട് (മാത്രമല്ല) അതിന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെച്ചുകൊണ്ടും സൂക്ഷ്മതയുള്ളവർക്കു മാർഗ്ഗദർശനവും തത്വോപദേശവും (നല്കികൊണ്ടുമാണ് അത് അവതീർണമായത്).

സൂറ: അൽമാഇദ:47

وَلْيَحْكُمْ أَهْلُ ٱلْإِنْجِيلِ بِمَا أَنزَلَ ٱللَّهُ فِيهِ وَمَن لَّمْ يَحْكُم بِمَا أَنْزَلَ ٱللَّهُ فَأُولَـٰئِكَ هُمُ ٱلْفَـٰسِقُونَ.

"സുവിശേഷത്തിന്റെ ആളുകൾ അല്ലാഹു അതിൽ ഇറക്കിയതനുസരിച്ച് വിധികല്പിച്ചുകൊള്ളട്ടെ. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വല്ലവരും വിധി കല്പിക്കുന്നില്ലെന്നു വരികിൽ അവരത്രേ നിയമലംഘികൾ".

സൂറ: അൽബഖറ:62

إِنَّ ٱلَّذِينَ ءَامَنُواْ وَٱلَّذِينَ هَادُواْ وَٱلنَّصَـٰرَىٰ وَٱلصَّـٰبِئِينَ مَنْ ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْأَخِرِ وَعَمِلَ صَـٰلِحاً فَلَهُمْ أَجْرُهُم عِندَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ.

"വിശ്വാസികളോ (മുസ്ലീംകളോ) ജൂതരോ, ക്രിസ്ത്യാനികളോ സാബികളൊ ആരാവട്ടെ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ അവർക്കു പ്രതിഫലം അവരുടെ രക്ഷിതാവിങ്കൽ ഉണ്ട്. അവർക്കു യാതൊന്നും ഭയപ്പെടുവാനില്ല. അവർക്കു ദുഃഖിക്കേണ്ടതായിട്ടുമില്ല.

തൗറാത്തും ഇഞ്ചീലും ദൈവനിശ്ചയപ്രകാരം തന്നെ യഥാർത്ഥ സത്യമാർഗ്ഗം തന്നെയാണെന്ന് സൂചിപ്പിക്കുന്ന മറ്റു

ധാരാളം വചനങ്ങളും ഖുർ ആനിലുണ്ട്. വേദപുസ്തകത്തെ ക്കുറിച്ച് അഗാധമായ ഗവേഷണം  നടത്തുന്നതിന് ഈ ഖുർ ആനിക സൂക്തങ്ങൾ എന്റെ ഹൃദയത്തെ തട്ടിയുണർത്തി. കാരണം അതിന്റെ സത്യാവസ്ഥയെക്കുറിച്ചു ദൈവം എന്റെ ഹൃദയത്തിൽ മുന്നമേ ഉണർത്തിയിരുന്നു.

പിറ്റെന്നു, അർദ്ധരാത്രിയിലെ പ്രാർത്ഥനയിൽ ദൈവ സഹായം ഞാൻ ആവശ്യപ്പെട്ടതിനുശേഷം എന്നിൽ സുവ്യ ക്തമായ ഒരു വ്യതിയാനം എനിക്കു മനസ്സിലായി. അതിന്ശേ ഷമാണ് വേദപുസ്തകത്തെ ഒരു ശത്രുവിലുപരി ഒരു സ്നേഹി തനായി എനിക്കു കാണ്മാൻ കഴിഞ്ഞത്. വളരെ പ്രതീക്ഷ യോടെ പ്രഭാതത്തിൽ ബൈബിൾ എടുത്ത് അതിലെ ഓരോ വചനവും ശ്രദ്ധാപൂർവ്വം സത്യം സംക്ഷിപ്തമായി ഗ്രഹിക്കേ ണ്ടതിനായി ഞാൻ വായിച്ചുനോക്കി.

بِسمِ اللهِ الرَّحمٰنِ الرَّحِيمِ

എന്നപദത്തോടെ “പരമകാരുണ്യകനും കരുണാനിധി യുമായ അല്ലാഹുവിന്റെ നാമത്തിൽ”

ഞാൻ ബൈബിൾ തുറന്നു. ആവർത്തനപുസ്തക ത്തിന്റെ 18:15 ആയിരുന്നു ആ സമയത്ത് ഞാൻ വായിച്ചത്. ഈ അദ്ധ്യായത്തിൽ വേദപുസ്തകം പ്രവചിക്കപ്പെട്ട പ്രവാച കനായ മുഹമ്മദിൽ വിശ്വസിക്കുകയും അവനെ ക്രിസ്തീയമ തപ്രചാരകന്മാരും സുവിശേഷ പ്രവർത്തകരും ഒരുപോലെ പ്രവാചകനായി അംഗീകരിച്ചേ പറ്റൂ എന്ന ചിന്തയാൽ മുൻ കാലങ്ങളിൽ ക്രിസ്തീയ വിശ്വാസത്തെ പ്രഹരിക്കുന്ന ഒരു ചുറ്റികയായി ഞാൻ ഈ വാക്യം ഉപയോഗിച്ചിട്ടുള്ളതിനാൽ ഇതെന്റെ ശ്രദ്ധയെ പെട്ടെന്ന് ആകർഷിച്ചു. മുമ്പ് എനിക്ക് ഈ അദ്ധ്യായം അറിയാമായിരുന്നു എങ്കിലും ഇപ്പോൾ എനിക്ക് അതിന്റെ അർത്ഥം പരിപൂർണ്ണമായും വ്യത്യസ്തമായി

തീർന്നു. വേദപുസ്തകത്തിൽ വാസ്തവമായും വിശ്വസിക്കാത്ത ഏതൊരു വ്യക്തിക്കും അതിന്റെ ആശയം അടക്കപ്പെടുകയും അർത്ഥം ഗ്രഹിപ്പാൻ പ്രയാസകരമായിതീരുകയും ചെയ്യുന്നു. നേരെ മറിച്ച് അത് വിശ്വസിക്കുന്ന ഏവർക്കും ആരുടെ ഹൃദയം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അവർക്ക് അതിന്റെ അർത്ഥം സുഗ്രാഹ്യമാണുതാനും.

ആവർത്തനം 18:15 ഇപ്രകാരം വായിക്കാം:

“നിന്റെ ദൈവമായ യഹോവ നിനക്ക് എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ചു തരും, അവന്റെ വചനം നിങ്ങൾ കേൾക്കേണം.”

പ്രവാചകനായ മഹമ്മദിനെക്കുറിച്ചുള്ള ഒരു പ്രവചനമായാണ് ഞാനിത് മുമ്പു മനസ്സിലാക്കിയിരുന്നത്. എന്നെപ്പോലെ (മൂസാനബി) ഒരു പ്രവാചകൻ എന്നപദം വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനായ മുഹമ്മദാണെന്ന് ചിന്തിക്കുവാനുള്ള കാരണമിതാണ്.

– മോശെ (മൂസാനബി) മാതാപിതാക്കളാൽ ജനിച്ചു മുഹമ്മദും മൂസനബിയെപ്പോലെ മാതാപിതാക്കൾക്കു ജനിച്ചു. എന്നാൽ അദ്ദേഹം പിതാവില്ലാതെ മാതാവിനാൽ മാത്രം ജനിച്ച അദ്ദേഹം യേശുക്രിസ്തുവിനെപ്പോലെ അല്ലതാനും.

– മോശെ ഒരു യുവാവായിത്തീർന്നപ്പോൾ അദ്ദേഹം വിവാഹിതനായി മുഹമ്മദും വിവാഹം കഴിച്ചു. എന്നാൽ ക്രിസ്തു തികച്ചും വ്യത്യസ്തനായിരുന്നു. അദ്ദേഹം വിവാഹം കഴിച്ചില്ല.

– മോശെയ്ക്ക് മക്കളുണ്ടായിരുന്നതുപോലെ മുഹമ്മദിനും മക്കളുണ്ടായിരുന്നു. എന്നാൽ യേശുക്രിസ്തുവിന് മക്കളില്ലായിരുന്നു.

– മോശെ വയസ്സ് ചെന്നു മരിച്ചു എന്നിട്ടടക്കപ്പെടുകയും ചെയ്തു. ഇത് തന്നെയാണ് മുഹമ്മദിനും സംഭവിച്ചത്. എന്നാൽ ക്രിസ്തു എന്നേക്കുമായി മരിച്ചില്ല. അവൻ ജീവ നോടെ സ്വർഗ്ഗാരോഹണം ചെയ്തു.

മൂസാനബിയാൽ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചക നാണ് മുഹമ്മദ് എന്നായിരുന്നു ആദ്യം ആവർത്തനം 18-ന്റെ 15-ാം വചനത്തിൽ നിന്ന് എനിക്ക് വ്യക്തമായി ഗ്രഹിക്കുവാൻ കഴിഞ്ഞത്, എന്നാൽ ക്രിസ്തീയ വിശ്വാസപ്രകാരം യേശു ക്രിസ്തു ഒരു പ്രവാചകനായിട്ടല്ല പ്രത്യുത ദൈവപുത്രനായി ട്ടത്രേ പ്രവചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ആ ദിവസം വളരെ സാവധാനതയോടും ആത്മാർത്ഥതയോടും കൂടി ഇതിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കേണ്ടതിനായി ഞാൻ വായിച്ചു. “എന്നെപ്പോലെയുള്ള ഒരു പ്രവാചകൻ എന്ന(മോശെയുടെ) പ്രസ്താവന വായിച്ചപ്പോൾ പരിശുദ്ധാത്മാവ് എന്റെ അന്തരം ഗത്തിൽ ഇപ്രകാരം മന്ത്രിച്ചു. മോശെയും മുഹമ്മദും തമ്മി ലുള്ള താരതമ്യം ഇരുവരും മാതാപിതാക്കൾക്ക് ജനിച്ചു എന്ന താണെങ്കിൽ മാതാപിതാക്കളാൽ ജനിച്ച മറ്റു മനുഷ്യർക്ക് തുല്ല്യരത്രേ”. ഈ സ്വഭാവ വിശേഷണങ്ങളൊന്നും പ്രവചന ത്തിന്റെ സത്യാവസ്ഥയെക്കുറിച്ച് പരാമർശിക്കുന്നതിന് പറ്റിയ ഒരു ആശയമേ അല്ല.

അതിലുപരി മുഹമ്മദും മോശെയെപ്പോലെതന്നെ വിവാഹിതനായിരുന്നതിനാൽ അവർ ഇരുവരും ഒരു പോലെ യാണെന്ന് പറഞ്ഞാൽ ഈ ലോകത്തിലെ മറ്റു മനുഷ്യരെപ്പോ ലെതന്നെയുള്ളു അവരും! അതിനാൽ ഇതും മുഹമ്മദ് ഒരു പ്രവാചകനാണെന്ന് തെളിയിക്കുവാൻ പറ്റിയ ഒരു ആശ യമല്ല.

മുഹമ്മദിനും സന്തതികൾ ഉണ്ടായിരുന്നതിനാൽ മുഹ മ്മദ് മോശെയെപ്പോലെ ഒരു പ്രവാചകനാണെന്ന് പറയുന്നു എങ്കിൽ ഈ ലോകത്തിലെ ഒട്ടുമുക്കാലും ജനങ്ങൾക്കു മക്ക

ളുള്ളതിനാൽ ഇതും മുഹമ്മദിനെക്കുറിച്ചുള്ള ഒരു പ്രവചന മാണെന്ന് പറയുന്നതിന് പറ്റിയ ന്യായീകരണമല്ല. പ്രായം ചെന്ന് മരിച്ചു അടക്കപ്പെട്ടു എന്നതുകൊണ്ട് മുഹമ്മദും മോശെ യെപ്പോലെയാണെന്നു പറയുന്നതിലും അത്ര അർത്ഥമില്ല. ഈ പ്രവചനത്തിന്റെ അർത്ഥം തെളിയിക്കുവാനായി ഇത് ഉദാഹര ണമായി എടുത്താൽ ഈ ലോകത്തിലെ ഓരോ മനുഷ്യനും മരിച്ചു അടക്കപ്പെടുന്നതിനാൽ ഈ താരതമ്യവും ശരിയാവു കയില്ല. എല്ലാവരും മരിച്ചടക്കപ്പെടുന്നതിനാൽ ഇത് ഒരു വ്യക്തിക്ക് മാത്രമുള്ള സവിശേഷതയുമാവുന്നില്ല.

മോശെയുടെ ഈ വാഗ്ദത്തം യേശുക്രിസ്തുവിനെ ക്കുറിച്ചുള്ള പ്രവചനമാണെന്ന് എനിക്കു കൂടുതൽ വ്യക്തമാ യി. അതുകൊണ്ട് മോശെക്കും യേശുക്രിസ്തുവിനുമിടക്ക് അതുല്ല്യവും അനിതരസാധാരണവുമായ തുല്ല്യതകൾ എനിക്കു കണ്ടെത്തേണ്ടിയും വന്നു. മറ്റാർക്കും യോജിക്കാത്ത വിധത്തിൽ, നില്ക്കുന്ന ഉന്നതമായ സാമ്യം ഈ രണ്ട് മനു ഷ്യർക്കുമിടയിൽ ഞാൻ ദർശിച്ചു.

– മോശെയുടെ ശൈശവത്തിൽ മോശെയെ കൊല്ലണ മെന്ന് ഫറവോ ഭീഷണി മുഴക്കിയത് പോലെ തന്നെ യേശു ക്രിസ്തു ശിശുവായിരിക്കെ ഹെരോദാവിനാൽ വധഭീഷണി ഉണ്ടായിരുന്നു. തങ്ങളുടെ ശൈശവത്തിൽ തന്നെ വധഭീഷ ണിയോടുകൂടിയല്ല ഈ ലോകത്ത് ഓരോരുത്തരും പിറക്കു ന്നത്. മോശെയുടെ ശൈശവത്തിൽ രണ്ടു വയസ്സിന് താഴെ യുള്ള എല്ലാ ശിശുക്കളെയും കൊന്ന് കളയണമെന്ന് രോഷാ കുലനായ ഫറവോ കല്പന പുറപ്പെടുവിച്ചു. യേശുക്രിസ്തു ജനിച്ചപ്പോഴും ഹെരോദാവും വളരെ കുപിതനായി രണ്ടു വയ സ്സിനു താഴെയുള്ള സർവ്വശിശുക്കളെയും കൊന്ന് കളയണ മെന്ന് ആജ്ഞാപിച്ചു. ഈ ലോകത്ത് ഈ രണ്ട് വ്യക്തികൾക്ക് മാത്രമേ ഇത്ര കഠിനമായി വിദ്വേഷവും പീഢയും അനുഭവി ക്കേണ്ടി വന്നിട്ടുള്ളു.

ഫറവോയുടെ പുത്രിയാൽ മോശെ തന്റെ ശൈശവത്തിൽ സംരക്ഷിക്കപ്പെട്ടു. യേശുവും താൻ ശിശുവായിരുന്നപ്പോൾ വളർത്തച്ഛനായ യോസേഫിനാൽ സംരക്ഷിക്കപ്പെട്ടു പോന്നു. ശൈശവത്തിൽ തങ്ങളുടെ ജീവന് നേരെ ഭീഷണിയുണ്ടായപ്പോൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളാൽ ലോകത്ത് മറ്റുള്ളവരെല്ലാം സംരക്ഷിക്കപ്പെട്ടിട്ടുമില്ല.

– താൻ ശിശുവായിരിക്കെ ജന്മനാട്ടിൽ നിന്നും വളരെ അകലെ ഈജിപ്തിലാണ് മോശെ ജീവിച്ചത്. യേശുക്രിസ്തുവും തന്റെ ബാല്യകാലം ഈജിപ്തിൽ പരദേശവാസം അനുഷ്ഠിച്ചു. എല്ലാ ശിശുക്കൾക്കും തങ്ങളുടെ ശൈശവകാലത്ത് ഈജിപ്ത് പോലെയുള്ള മറ്റു വിദൂരദേശത്തേക്കു രക്ഷപ്പെടേണ്ടി വന്നിട്ടുമില്ല. മോശെ ദിവ്യ സന്ദേശവാഹകനായി പ്രവർത്തിച്ച സന്ദർഭത്തിൽ അത്ഭുതം പ്രവർത്തിക്കുവാനുള്ള ദൈവശക്തി ലഭിച്ചിരുന്നു. ജീവന്റെ വചനം എന്ന നിലക്ക് യേശുവും ദൈവത്തിൽ നിന്ന് ശക്തി പ്രാപിച്ചു. തന്നിമിത്തം അവൻ മരിച്ചവരെ ജീവിപ്പിച്ചും രോഗികളെ സൗഖ്യമാക്കിയും അത്ഭുതം പ്രവർത്തിച്ചു.

– ഇസ്രായേൽ മക്കളെ മോശെ ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചപ്പോൾ യേശുക്രിസ്തു മനുഷ്യരെ പാപത്തിന്റെ ചങ്ങലയിൽ നിന്നും മരണത്തിൽ നിന്നും സ്വതന്ത്രരാക്കി.

ആവർത്തനം 18–ാം അദ്ധ്യായത്തിലെ പ്രവചനം പ്രവചിക്കപ്പെട്ട പ്രവാചകൻ മുഹമ്മദാണെന്ന് തെളിയിക്കുവാനല്ല മറിച്ച് യേശുക്രിസ്തു മനുഷ്യാവതാരം എടുക്കപ്പെട്ട ദൈവവചനമാണെന്ന് സമ്മതിക്കുവാനേ ഈ വിശേഷപ്പെട്ട തെളിവുകളെല്ലാം ഇടയാക്കിയുള്ളൂ.

ബൈബിൾ യഥാർത്ഥ ദൈവവചനമാണെന്ന് കാണുവാൻ ദൈവം എനിക്ക് ജ്ഞാനപ്രകാശനം നല്കുവാൻ തക്ക

വണ്ണം ദൈവസ്നേഹം അത്ര അപ്രമേയമായിരുന്നിട്ടും ഞാൻ ഒരു ക്രിസ്ത്യാനി ആയിത്തീരുവാൻ സന്നദ്ധനായിരുന്നില്ല. എന്തുകൊണ്ട്? യേശുക്രിസ്തു ദൈവപുത്രനാണെന്നും മറ്റു മുള്ള ചില ക്രിസ്തീയ വിശ്വാസങ്ങൾ അംഗീകരിക്കുവാൻ എനിക്ക് പ്രയാസമായിരുന്നു. ചെറുപ്പം മുതൽക്കുതന്നെ ഞാൻ ഇപ്രകാരം പഠിപ്പിക്കപ്പെട്ടിരുന്നതിനാൽ ഞാനും ഇങ്ങനെ പഠി പ്പിച്ചു.

لَمْ يَلِدْ وَلَمْ يُولَدْ

"അവന് സന്താനം ജനിച്ചിട്ടില്ല; അവൻ ആരുടെയും സന്താനവുമല്ല".

യേശു കർത്താവാണെന്ന് പ്രഖ്യാപിക്കുവാനും എനിക്കു കഴിഞ്ഞില്ല (തുഹാൻ) കാരണം അങ്ങനെയായി രുന്നു ഞാൻ പഠിപ്പിക്കപ്പെട്ടതും ഞാൻ പഠിപ്പിച്ചുകൊണ്ടിരു ന്നതും.

لَا إِلَٰهَ إِلَّا ٱللَّهَ

## "അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനും ഇല്ല"

ത്രിത്വസിദ്ധാന്തത്തിലെ മർമ്മം ഗ്രഹിക്കുവാനും എനിക്കു കഴിഞ്ഞിരുന്നില്ല. ഞാൻ പഠിപ്പിക്കപ്പെട്ടത് ഇങ്ങനെ ആയിരുന്നു:

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓاْ إِنَّ ٱللَّهَ ثَالِثُ ثَلَـٰثَةٍ

"അല്ലാഹു മൂന്നിൽ മൂന്നാമനാണെന്ന് പറയുന്നവർ സത്യനിഷേധികളാണ്.

യേശുക്രിസ്തു യഥാർത്ഥത്തിൽ ക്രൂശിൽ മരിച്ചു എന്നുള്ള ക്രിസ്തീയ വിശ്വാസവും എനിക്കു അംഗീകരിക്കുവാൻ കഴിഞ്ഞില്ല. യേശുക്രിസ്തു (ഈസാമസീഹ്) ഒരു പ്രവാചകനും സ്നേഹവാനും വിശ്വസ്തനുമായ അപ്പോസ്തലനും ആയിരുന്നു എങ്കിൽ അല്ല ക്രിസ്ത്യാനികൾ വിളിക്കുന്നത്പോലെ അദ്ദേഹം ദൈവപുത്രനായിരുന്നു എങ്കിൽ താൻ മരിക്കുന്നതുവരെയും യഹൂദർക്കു അദ്ദേഹത്തെ എങ്ങനെ പീഢിപ്പിക്കുവാനും നിഷ്പ്രയാസം ക്രൂശിൽ തൂക്കുവാനും കഴിയും? എന്തുകൊണ്ട് ദൈവം പ്രതിരോധിക്കാതെ അവനെ ക്രൂശിൽ മരിക്കാൻ അനുവദിച്ചു? എന്റെ മകൻ പീഢിപ്പിക്കപ്പെടുന്നതും, അവനെ ക്രൂശിൽ തൂക്കുന്നത് തന്നെയും ഞാൻ കണ്ടാൽ അവനെ രക്ഷിക്കുന്നതിന് വേണ്ടി അവനെ പീഢിപ്പിക്കുന്നവരുമായി ഞാൻ തീർച്ചയായും സമരം ചെയ്യും. അതിന് എന്ത് തന്നെ സംഭവിച്ചാലും എനിക്ക് ഒരു വിരോധവുമില്ല. എന്നിരിക്കെ യേശുക്രിസ്തുവിന്റെ മേലുള്ള ദൈവത്തിന്റെ അധികാരം എങ്ങനെ കളഞ്ഞുകുളിക്കുവാൻ കഴിഞ്ഞു. ആ സന്ദർഭത്തിൽ ഇക്കാര്യവും എനിക്ക് വാസ്തവത്തിൽ അംഗീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

ഇതെല്ലാം ഗ്രഹിപ്പാൻ തൃപ്തികരമായ വിശദീകരണം ലഭിക്കേണ്ടതിന്നായി ഞാൻ ചില ഉപദേശങ്ങളേയും സുവിശേഷ പ്രവർത്തകരേയും സന്ദർശിച്ചു. എന്തുകൊണ്ടാണ് യേശുവിനെ ദൈവപുത്രനെന്നും കർത്താവെന്നും (തുഹാൻ) വിളിക്കുന്നത്, ത്രിത്വത്തിന്റെ അർത്ഥമെന്താണ് എന്ന് ഞാൻ അവരോട് ചോദിച്ചു. ദൈവപുത്രനായ യേശു കുരിശിൽ മരിച്ചതും യഹൂദർ അദ്ദേഹത്തെ ക്രൂശിച്ചതും എന്തിന് വേണ്ടിയായിരുന്നു എന്ന് ഞാൻ കൂലങ്കഷമായി പരിശോധിച്ചു. പിതാക്കളിൽ നിന്ന് സന്തതികൾക്കു ലഭിക്കുന്ന "ജന്മപാപത്തെക്കു

റിച്ചും ഞാൻ അവരോട് ചോദിച്ചു. ഇത് ദൈവത്തിന്റെ അന്യായമായ ഒരു ശിക്ഷയായാണ് ഞാൻ കരുതിയിരുന്നത്.

എന്റെ ചോദ്യങ്ങൾക്ക് വളരെ ശ്രദ്ധാപൂർവ്വം ഓരോ ഉപദേശിയും മറുപടി പറഞ്ഞു. അവരുടെ ഉത്തരങ്ങൾ എല്ലാം വളരെ പരിപൂർണ്ണമായിരുന്നിട്ടും അവരുടെ ആശയം എനിക്ക് സ്വീകാര്യമായിരുന്നില്ല. ഇത് ഞങ്ങളുടെ മതപരമായ പശ്ചാത്തലത്തിന്റെ ഭിന്നതമൂലമായിരുന്നു. അവയാകട്ടെ ഞങ്ങൾക്കു മുന്നിൽ ഒരു ഭീകരഗർത്തം പോലെയുമായിരുന്നു. ഒരു കേന്ദ്ര ആശയത്തിൽ എത്തിച്ചേരുവാൻ മാത്രം രണ്ട് മതങ്ങളെക്കുറിച്ചും വ്യക്തമായി പഠിച്ചിരുന്നില്ലതാനും. മതങ്ങൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ പഠിച്ചാൽ മാത്രമേ യുക്തിപരമായ സമ്പർക്കം മൂലം തെറ്റിദ്ധാരണകൾ തമ്മിലുള്ള അകൽച്ച നമുക്ക് നീക്കുവാൻ കഴിയൂ. ആ സമയമത്രയും ഞാൻ ഒരു റേഡിയോ റിസീവിംഗ് സെറ്റ് പോലെയും സുവിശേഷകൻ മെസ്സേജ് അയക്കുന്നവനെപ്പോലെയുമായിരുന്നു. രണ്ടുപേരും നല്ല അവസ്ഥയിലായിരുന്നിട്ടും ഞങ്ങളുടെ തരംഗ ദൈർഘ്യങ്ങൾ തമ്മിലുള്ള അന്തരം നിമിത്തം അദ്ദേഹത്തിന്റെ പ്രേഷണവും എന്റെ സ്വീകരണവിധവും തികച്ചു വ്യത്യസ്തമായിരുന്നു. പ്രക്ഷേപകന്റെ ശബ്ദം റിസീർവർക്ക് പിടികിട്ടിയല്ലെന്ന് മാത്രം.

സുവിശേഷ പ്രസംഗകരുടെയും പ്രഭാഷകരുടെയും വിശദീകരണങ്ങൾ എന്റെ ഇടത്തെ ചെവിയിലൂടെ കടന്നു വലതു കാതിലൂടെ പുറത്തേക്കുപോയി. അവരുടെ പദസഞ്ചയം എനിക്ക് ഉൾക്കൊള്ളുവാൻ കഴിയായ്കയാൽ അവ എന്റെ ഹൃദയത്തെ സ്പർശിച്ചതേയില്ല. ഈ സുവിശേഷകർക്ക് തന്നെ എന്റെ പശ്ചാത്തലം സൂക്ഷ്മമായി ഗ്രഹിക്കുവാനും കഴിഞ്ഞിരുന്നില്ല, തന്നിമിത്തം ഞാൻ പ്രതീക്ഷിച്ച വിധമായിരുന്നില്ല അവരുടെ വിശദീകരണങ്ങളും. ഇങ്ങനെ സംഭവിച്ചത് ഈ വിശദീകരണം തെറ്റായത് കൊണ്ടായിരുന്നില്ല. പ്രത്യുത അത് പരസ്പരം മനസ്സിലാക്കുവാൻ കഴിയാത്തവിധം വ്യത്യസ്തമായ

ചിന്തയാലും വിശദീകരണത്താലുമായിരുന്നു. എന്നിട്ടും ഞാൻ പ്രതീക്ഷാനിർഭരനായിരുന്നു. ഒരിക്കൽ സത്യം തിരഞ്ഞെടുക്കുവാൻ എന്നെ സഹായിച്ച ദൈവം അവൻ എനിക്ക് വഴി തുറക്കുമെന്നും എന്റെ പ്രതിബന്ധങ്ങളായ പ്രശ്നങ്ങളെ പൂർണ്ണമായും ഗ്രഹിപ്പാൻ അവൻ എന്നെ സഹായിക്കുമെന്നും എനിക്ക് ബോധ്യമുണ്ടായിരുന്നു. യേശുക്രിസ്തുവിന് "കർത്താവ്" എന്നും (തുഹാൻ) "ദൈവപുത്രൻ" എന്നുമുള്ള പദങ്ങളുടെ സത്യാവസ്ഥ എനിക്കു വെളിപ്പെടുത്തി തരേണമേ എന്ന് നിരന്തരം ഞാൻ ദൈവത്തോട് കേണപേക്ഷിച്ചു. പരിശുദ്ധ ത്രിത്വത്തിന്റെ മർമ്മവും ക്രൂശിന്റെ രഹസ്യവും എനിക്ക് വെളിപ്പെടുത്തി തരേണമെ എന്നും ഞാൻ അപേക്ഷിച്ചു. വേദപുസ്തകം ദിവ്യമായ ഗ്രന്ഥമാണെന്ന് ദൈവമേ നീ എനിക്ക് ഉൾക്കാഴ്ച നൽകിയ സ്ഥിതിക്ക് ബൈബിൾ മുഖേന എന്റെ എല്ലാ തടസ്സവും നീക്കി നീ എനിക്കു വ്യക്തമായ വിശദീകരണം നല്കേണമേ. അത് യഥാർത്ഥ ദൈവവചനമാകയാൽ ആരംഭം മുതൽ ഇന്നയോളമോ ലോകാവസാനം വരേയോ അത് മാറ്റങ്ങൾക്ക് വിധേയമാകുന്നില്ല."

സത്യത്തിൽ! ധാരാളം പ്രാവശ്യം ദൈവം തന്റെ ആത്മാവിനാൽ, എന്നെ സഹായിച്ചു. പരിശുദ്ധാത്മാവിനാൽ എന്റെ ഹൃദയത്തിൽ പ്രവർത്തിക്കുകയും ചെയ്തു. പ്രയാസങ്ങളെ തരണം ചെയ്യാൻ ദൈവം എന്നെ സഹായിച്ചത് എങ്ങനെയെന്ന് ഞാൻ വിശദീകരിക്കാം.

* * * * *

# യേശുവിനെ ദൈവപുത്രൻ എന്നുവിളിക്കുന്നു

യോഹന്നാൻ 1:1 ലും 14 ലും ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. വചനം ജഡമായിത്തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു". "ദൈവപുത്രൻ" എന്ന ആശയത്തിന്റെ ആത്മീയമായ അർത്ഥം ഈ വചനങ്ങളിൽ വെളിപ്പെടുത്തപെട്ടിരിക്കുന്നു. "ദൈവത്തിന്റെ വചനം" യേശുക്രിസ്തുവിന്റെ ജനനം മുഖേന ഒരു മനുഷ്യനായിത്തീർന്നു. അതുകൊണ്ട് യേശുക്രിസ്തുവിനെ "ഒന്ന് യോഹന്നാൻ 1:1 പ്രകാരം" ജീവന്റെ വചനം എന്നും വിളിച്ചിരിക്കുന്നു.

യേശുക്രിസ്തുവിനെ "ദൈവപുത്രൻ" എന്ന് വിളിച്ചത് ശാരീരികമായ ജനനത്താലാണെന്ന് ചിന്തിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ "ദൈവവചനം" വെളിപ്പെടുകയത്രേ ചെയ്തത്.

ഈ വചനങ്ങളെ സാധൂകരിച്ചുകൊണ്ട് മുഹമ്മദ് തന്നെ പലപ്രാവശ്യം ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

عِيسَى فَإِنَّهُ رُوحُ ٱللَّهِ وَكَلِمَتُهُ

"യേശുക്രിസ്തു സത്യമായും ദൈവത്തിന്റെ ആത്മാവും അവന്റെ വചനവും ആകുന്നു". (അനസിബ്നു മാലിക് – Mutiara Hadith Page 353).

സൂറത്തുനിസാഅ് 171 വചനത്തിൽ ഇപ്രകാരം നാം വായിക്കുന്നു

إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ
أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ

"സത്യമായും മർയമിന്റെ പുത്രൻ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വാക്യവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും ആകുന്നു."

"അവന്റെ വചനം" അഥവാ "ദൈവവചനം" ആണ് യേശുക്രിസ്തുവിന്റെ ശരീരമായിത്തീർന്നത്. ഇതിനെക്കുറിച്ച് ഡോക്ടർ ഹസ്ബുള്ള ബേക്റി തന്റെ "നബി ഈസാ ദലാം അൽ-ഖുർ ആൻ എൻസ് (ഖുർ ആനിലെ പ്രവാചകനായ യേശുക്രിസ്തു) പേജ് 109 എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: പ്രവാചകനായ യേശുക്രിസ്തു "കലിമത്തുള്ള" (ദൈവവചനം) എന്ന് വിളിക്കപ്പെട്ടതിന് കാരണം പ്രവാചകനായ യേശുവെ ജനിപ്പിക്കുന്നതിന് കന്യകാമറിയ നിയോഗിക്കപ്പെടുകയും തദ്വാരാ അവൻ ദൈവവചനത്തിന്റെ അവതാരമായിത്തീരുകയും ചെയ്തതിനാലാണ്".

യേശുക്രിസ്തു സർവ്വശക്തന്റെ ജീവനുള്ള വചനത്തിന്റെ അവതാരമായതിനാൽ അത് മുതൽ യേശു "ദൈവപുത്രൻ" ആണെന്ന് പറയുവാൻ എനിക്കൊരു മടിയുമുണ്ടായില്ല. മുമ്പ് പുത്രൻ എന്നത് ശാരീരികമായി മനസ്സിലാക്കിയതിനാലാണ് യേശു ദൈവപുത്രൻ എന്നു ഏറ്റുപറയുവാൻ ഞാൻ വിസമ്മതിച്ചത്. സൂറ 112 പറയുന്നത് :

ٱللَّهُ أَحَدٌ... لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُواً أَحَدٌ

"അല്ലാഹു ഏകനാകുന്നു. അവന് സന്താനം ജനിച്ചിട്ടില്ല. അവൻ ആരുടേയും സന്താനവുമല്ല. അവന് തുല്യനായി ആരും തന്നെയില്ല".

ഈ വിശ്വാസപ്രമാണമാകുന്ന സൂറയാണ് ദൈവത്തിന് ഒരു പുത്രൻ ഉണ്ട് എന്ന വസ്തുതയെ നിരാകരിക്കുവാനായി മുസ്ലീം പണ്ഡിതന്മാരും വിശേഷിച്ചു മുമ്പു ഞാനും ഉപയോഗിച്ചു പോന്നത്. യേശുക്രിസ്തു "ദൈവപുത്രൻ" ആണെന്ന ക്രിസ്തീയ വിശ്വാസത്തെ ഇതു നിഷേധിക്കുന്നു. ശാരീരികമായ വിധത്തിൽ ദൈവത്തിന് ഒരു പുത്രൻ ഉണ്ട് എന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നില്ല. അതിനാൽ ഈ ഖുർ ആൻ സൂക്തങ്ങൾ ക്രിസ്ത്യാനികൾക്കും അംഗീകരിക്കുന്നതിന് വിരോധവുമില്ല. ഖുർ ആനിലെ وَلَدٌ വലദ് എന്ന പ്രയോഗം ശാരീരികമായി ജനിച്ച ഒരു പുത്രനെയാണ് വിവക്ഷിക്കുന്നത്. അറബികളായ ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെ "ദൈവപുത്രൻ" إِبْنٌ എന്ന് വിളിക്കുന്നത് നിയമാനുസൃതമായ രൂപത്തിലുള്ള وَلَدٌ മകൻ എന്ന അർത്ഥത്തിലാണ്. ഈ പ്രയോഗത്താൽ ശാരീരികമായി ഉൽപ്പാദിപ്പിക്കപ്പെട്ടവനെന്ന ചിന്തതന്നെ ഇല്ലാതാകുന്നു. ഖുർ ആനിൽ പ്രസ്താവിക്കപ്പെട്ട وَلَدٌ വലദ് എന്ന പ്രയോഗത്തിന് ശാരീരികമായി ഉല്പാദിപ്പിക്കപ്പെട്ടു എന്ന അർത്ഥമാണുള്ളത്.

അതുകൊണ്ട് "ദൈവപുത്രൻ" എന്ന വേദപുസ്തകത്തിന്റെ അദ്ധ്യാപനങ്ങളെ നിരാകരിക്കുന്ന ഒരൊറ്റ തെളിവും ഖുർ ആനിലില്ലെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുവാൻ ഞാൻ ധൈര്യപ്പെടുന്നു. നിയമാനുസൃതരൂപത്തിലുള്ള പുത്രൻ എന്ന അർത്ഥത്തിലാണ് ദൈവപുത്രൻ എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. ഖുർ ആൻ നിഷേധിക്കുന്നതാകട്ടെ ദൈവവും മറിയയും

ശാരീരികമായി ബന്ധത്തിൽ ഏർപ്പെടുന്നതു മുഖേന ഉത്ഭവിച്ച മകൻ എന്ന ധാരണയെയാണ് "ദൈവപുത്രൻ" എന്നതു കൊണ്ട് നിഷേധിക്കുന്നത്. ഇപ്രകാരമുള്ള ഒരാശയം നാം ഓരോരുത്തരും നിഷേധിക്കുകയും ചെയ്യുന്നു.

* * * * *

# യേശുക്രിസ്തു കർത്താവ് എന്നു വിളിക്കപ്പെട്ടു (തുഹാൻ)

***(കർത്താവ് എന്നതിന് ഇന്തോനേഷ്യൻ ഭാഷയിലുള്ള പദമാണ് തുഹാൻ)***

എന്തുകൊണ്ടാണ് യേശുക്രിസ്തു "കർത്താവ്" എന്ന് വിളിക്കപ്പെട്ടത്? കുറെ വർഷങ്ങളോളം യേശു ക്രിസ്തുവിനെ കർത്താവ് എന്നു വിളിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല എന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. എന്റെ ചെറുപ്പം മുതൽക്കു തന്നേ ഞാൻ ഇപ്രകാരം പഠിപ്പിക്കപ്പെട്ടതിനാലും അങ്ങനെ തന്നെ ഞാനും പഠിപ്പിച്ചു കൊണ്ടിരുന്നതിനാലും "കർത്താവായ യേശുക്രിസ്തു!" എന്നു പറയുവാനും എനിക്കു കഴിഞ്ഞിരുന്നില്ല.

لَا إِلَٰهَ إِلَّا ٱللَّٰهُ

### "അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല"

ഒരു പിതാവില്ലാതെ ജനിച്ചതിനാലായിരിക്കണം യേശുവെ "കർത്താവ്" എന്നു വിളിച്ചത്? അല്ല! ആദാമും, പിതാവും മാതാവുമില്ലാതെയാണല്ലോ ജനിച്ചത്. എന്നിട്ടും ആദാമിനെ "കർത്താവ്" എന്നു വിളിച്ചിട്ടില്ല. അതല്ല യേശു ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചതുകൊണ്ടാണോ? അല്ലാ അതുമല്ല അതിനുത്തരം. മോശെയും ധാരാളം അത്ഭുതപ്രവർത്തികൾ ചെയ്തിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിനെ ദൈവം എന്നു വിളിച്ചിട്ടില്ല. യേശു കുഷ്ഠരോഗികളെ സൗഖ്യമാക്കിയതുകൊണ്ടോ മരിച്ചവരെ ഉയിർപ്പിച്ചതുകൊണ്ടോ മറ്റോ ആണോ? അല്ല കാരണം എലീശാ പ്രവാചകനും കുഷ്ഠരോഗികളെ സൗഖ്യമാക്കുവാനും മരിച്ചവർക്കു ജീവൻ കൊടുക്കു

വാനും കഴിഞ്ഞിരുന്നുവല്ലോ? എന്നിട്ടും അദ്ദേഹത്തെ ദൈവമെന്നാരും വിളിച്ചിട്ടുമില്ല. യേശു സ്വർഗ്ഗത്തിലേക്കു നേരെ ആരോഹണം ചെയ്തതാകാമോ? അതിന് കാരണം? അല്ല ഏലിയാവും ഇപ്രകാരം ചെയ്തിട്ടും അദ്ദേഹത്തെ കർത്താവ് എന്ന് വിളിച്ചിട്ടില്ലല്ലോ? എന്നാൽ പിന്നെ എന്തുകൊണ്ടാണ് ക്രിസ്തുവിനെ കർത്താവ് എന്നു വിളിച്ചത്?

യേശുക്രിസ്തുവിന്റെ ജനനത്തിൽ "ദൈവവചനം" മനുഷ്യനായിത്തീർന്നു എന്ന് യോഹന്നാൻ 1:1 ലും 14ലും നാം വായിക്കുന്നതിനാൽ യേശുവെ കർത്താവ് എന്നു വിളിക്കുന്നു. അതേ കാരണത്താൽ തന്നെ 1 യോഹന്നാൻ 1:1ലും യേശുവെ "ജീവന്റെ വചനം" എന്നും മറ്റൊരർത്ഥത്തിൽ "ദൈവം മനുഷ്യനായി അവതരിച്ചു" എന്നും പറയാവുന്നതാണ്. "ജഡാവതാരം" എന്ന പദവും അതിന് തുല്യമായി ദൈവത്തെക്കുറിച്ചുള്ള മറ്റു പ്രയോഗങ്ങളും നിഘണ്ടുവിലെ അർത്ഥപ്രകാരം വിവർത്തനം ചെയ്യുവാനോ ലൗകികമായ വ്യാഖ്യാന പ്രകാരം അർത്ഥം നൽകുവാനോ സാധ്യമല്ല. ഉദാഹരണമായി, "ദൈവം നിലനിൽക്കുന്നു - മനുഷ്യനും". "നിലനിൽപ്പ്" എന്ന പദം ദൈവത്തെക്കുറിച്ചു പറയുമ്പോൾ മനുഷ്യനെക്കുറിച്ചു പ്രയോഗിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായ അർത്ഥമാണ് അതിന്നുള്ളത്. ദൈവം സ്വയമേവ സ്ഥിതി ചെയ്യുന്നവനാണ്. (അസ്തിത്വമുള്ളവനാണ്. ദാത്ത് വാജിബ് - അൽ വുജൂദ്) ആരംഭം മുതൽക്കേ നിലനിൽക്കുന്നു ദൈവം. എന്നാൽ മനുഷ്യരാകട്ടെ സൃഷ്ടിക്കപ്പെട്ടതിനാൽ നിലനിൽക്കുന്നു എന്നു മാത്രം.

അതുകൊണ്ട് "അവതാരം" എന്ന പദം ദൈവത്തെ സംബന്ധിച്ചിടത്തോളം ഭൗതികമായ അതിന്റെ അർത്ഥപ്രകാരം വിവർത്തനം ചെയ്താലോ ഉപയോഗിച്ചാലോ പോരാ. നിഘണ്ടു പ്രകാരം ഒരു പൂച്ച ആനയുടെ അവതാരം എടുത്തു എന്നു വരികിൽ പൂച്ച പൂർണ്ണമായും അപ്രത്യക്ഷമാവുകയും ആന വെളിപ്പെട്ടു വരികയും ചെയ്യുന്നു. ഒരു കല്ല് സ്വർണ്ണമാക്കി

മാറ്റിയാൽ പിന്നീട് സ്വർണ്ണമല്ലാതെ കല്ല് ഒരിക്കലും അതിൽ നിലനിൽക്കുകയില്ല. ദൈവത്തെ സംബന്ധിച്ചു പറയുമ്പോൾ "അവതാരം" എന്നതിന് വേറെ ഒരർത്ഥമാണുള്ളത്. ദൈവം മാറ്റപ്പെടാത്തവനായതിനാൽ "അവതാരം" എന്ന പദം ദൈവ ത്തെക്കുറിച്ചു പറയുമ്പോൾ അവന്റെ അസ്തിത്വത്തിന് വല്ല മാറ്റവും അതു മുഖേന വരുന്നില്ല. മലാഖ 3:6.

ഒരു മനുഷ്യ ജീവിയായി ദൈവം അവതരിച്ചു. അത് അർത്ഥമാക്കുന്നത് തുടർന്ന് ദൈവം ജീവിക്കുന്നില്ലെന്നും മനു ഷ്യൻ മാത്രമേ നിലനിൽക്കുന്നുള്ളൂ എന്നുമല്ല. ഈ ആശയം തെറ്റാണ്. ദൈവം ഒരിക്കലും മാറ്റപ്പെടുന്നവനല്ല. ഒരു മനുഷ്യ നിൽ ദൈവം അവതരിച്ചു എന്ന് പറയുന്നതിന്റെ അർത്ഥം ദൈവം തുടർന്നും നിലനിൽക്കുന്നു എന്നും മനുഷ്യനും നില നിൽക്കുന്നു എന്നുമാണ്. അതുകൊണ്ട് "അവതരിച്ചു" എന്ന പദം സാദൃശ്യമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

ദൈവം ഒരു മനുഷ്യനിൽ അവതരിച്ചു എന്നു പറ ഞ്ഞാൽ ദൈവം തന്നെ സ്വയമായി അവതരിച്ചു എന്നാണ് അത് അർത്ഥമാക്കുന്നത്. അവന്റെ പരിപൂർണ്ണ അസ്തിത്വവും ഒരു മനുഷ്യനിൽ ആയിത്തീർന്നു. അങ്ങനെ തന്റെ പരിപൂർണ്ണ ഇംഗിതവും, ശക്തിയും, അധികാരവും, സ്നേഹവും യേശു ക്രിസ്തു എന്ന അതുല്യവാനായ വ്യക്തിയിൽ വെളിപ്പെടുത്തി. അതിനാൽ ക്രിസ്തുവിന്റെ ഈ പ്രസ്താവന നമുക്കിപ്പോൾ സുഗ്രാഹ്യമാണ്.

**"പിതാവ് എന്നിലും ഞാൻ പിതാവിലും"**
**യോഹ. 10:38**

**"ഞാനും പിതാവും ഒന്നാകുന്നു"**
**യോഹ. 10:30 b**

**"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"**
**(യോഹ. 14:99)**

അപ്പോസ്തലനായ പൗലൊസ് പറഞ്ഞു:

**"അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണ തയും ദേഹരൂപമായി വസിക്കുന്നത്." (കൊലൊ 2:9)**

യേശുക്രിസ്തു യഥാർത്ഥ ദൈവമാകുന്നു എന്ന് തെളി യിക്കുന്ന രണ്ടാമത്തെ വചനം മത്തായി 28 ന്റെ 18 ൽ ക്രിസ്തു വിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ്.

**"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു."** സർവ്വത്തിന്റേയും നിയന്ത്രി താവായ യേശു സർവ്വ ശക്തനാകുന്നു.

അപ്പൊസ്തലനായ പൗലൊസ് ഏറ്റുപറഞ്ഞു:

**"എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയാണ് യേശുക്രിസ്തു" (കൊലൊ. 2:10).**

ഖുർ ആനിൽ നാം വായിക്കുന്നതനുസരിച്ച് ദൈവം തന്നെയാണ് കർത്താവ്.

ٱللَّهُ رَبُّ ٱلْعَـٰلَمِينَ

"അല്ലാഹുവാണ് സർവ്വലോക പരിപാലകൻ"

യേശുക്രിസ്തുവിനെ സർവ്വശക്തനായ ദൈവം കർത്താവാക്കി എന്ന് നാം ബൈബിളിൽ നിന്നും വായിക്കു ന്നു. (അപ്പൊ. 2:36). ദൈവവും കർത്താവും തമ്മിലുള്ള അന്തരം നമുക്കിവിടെ വേർതിരിച്ചു മനസ്സിലാക്കാം: ദൈവം എന്നത് ഗ്രീക്കിൽ "തെയൊസ്" എന്നും അറബിയിൽ അല്ലാഹു എന്നു മാണ്. കർത്താവെന്ന് പറഞ്ഞാൽ ഗ്രീക്കിൽ കൂറിയൊസ് എന്നും അറബിയിൽ റബ്ബ് എന്നുമാകുന്നു. രണ്ടാമത്തേതിന്

നിയമനിർമ്മാണപരമായും പ്രായോഗികമായും "അധികാരം" എന്നാണർത്ഥം. വിവിധമായ രൂപത്തിൽ ദൈവത്തിന്റെ അധികാരം യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു.

1. സൃഷ്ടിപരം,
2. ന്യായപ്രമാണവും കല്പനകളും നല്കുന്നതിൽ,
3. മാർഗ്ഗദർശനം നൽകുന്നതിൽ (സഹായവും കരുതലും),
4. പാപം പൊറുക്കുന്നതിലും രക്ഷിക്കുന്നതിലും,
5. തന്റെ ആത്മാവിനാൽ നവീകരിക്കുന്ന വിഷയത്തിൽ,
6. ന്യായവിധിയിൽ,
7. മഹത്വത്തിൽ

യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ ആജ്ഞയുടേയും, മാർഗ്ഗദർശനത്തിന്റേയും, രക്ഷയുടേയുമായ ദൈവീക അധികാരങ്ങൾ ദൃശ്യമാണ്. അക്കാരണത്താലാണ് യേശുക്രിസ്തു "ദൈവത്തിൽ നിന്നുള്ള" "ജീവന്റെ വചനം" എന്നും "നമ്മുടെ ഏക രക്ഷകൻ" എന്നും പറയുവാൻ കാരണം. ജീവന്റെ വചനം ആയതിനാൽ യേശുക്രിസ്തു ദൈവത്തിന്റെ ദൈവീകത്വം പ്രസംഗത്തിലൂടേയും പാപമോചനം നല്കുന്നതിലൂടേയും നിർവഹിച്ചു. അക്കാരണത്താലാണ് യേശുവെ ദൈവം കർത്താവായി വച്ചത്. (അപ്പൊ. 2:36. കൊലൊ. 2:10).

പരിപൂർണ്ണമായും രക്ഷിപ്പാൻ കഴിവുള്ളതിനാൽ യേശുക്രിസ്തു കർത്താവാണ്. അതുപോലെ യേശുക്രിസ്തു ജീവന്റെ വചനമായതിനാൽ നമ്മുടെ എല്ലാവരുടെയും രക്ഷകനുമാണ്. **"ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"** എന്ന് യേശുക്രിസ്തു തന്നെ നമ്മെ ഓർമ്മിപ്പിക്കുന്നു.

എന്നെ പഠിപ്പിക്കുകയും ഞാൻ പഠിപ്പിക്കുകയും ചെയ്തിരുന്ന

لَا إِلٰهَ إِلَّا ٱللَّهَ

**"അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല"**

എന്ന ഇസ്ലാമിക പ്രമാണമായിരുന്നു യേശുവെ കർത്താവെന്ന് പറയുവാൻ എനിക്ക് പ്രതിബന്ധമായി തീർന്നത്.

ആ സമയമായപ്പോഴേക്കും ഈ ഇസ്ലാമിക ഏറ്റുപറച്ചിൽ ബൈബിളിന് വൈരുദ്ധ്യമായി തീരേണ്ടതില്ലെന്ന് ഞാൻ മനസ്സിലാക്കി. "എന്നെകൂടാതെ മറ്റൊരു ദൈവത്തെയും ആരാധിക്കരുത്" എന്ന് പുറപ്പാട് 20-ന്റെ 3-ൽ എഴുതിയിരിക്കുന്നു. യേശുക്രിസ്തു ദൈവത്തിന്റെ ആത്മാവും അവന്റെ വചനവുമാണെന്ന മുഹമ്മദിന്റെ സാക്ഷ്യത്തിൽ നിന്നും യേശുവിന്റെ ദൈവികത്വം എനിക്കു കാണ്മാൻ കഴിഞ്ഞു. ദൈവത്തിന്റെ പ്രാവർത്തികമായ അധികാരം:

"യേശു വാസ്തവമായും ദൈവത്തിന്റെ
ആത്മാവും അവന്റെ വചനവുമാകുന്നു".

عِيسَى فَإِنَّهُ رُوحُ ٱللَّهِ وَكَلِمَتُهُ

# ക്രിസ്ത്യാനികളുടെ (തൗഹീദ്) ഏകദൈവവിശ്വാസം)

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ വളരെ അപൂർവ്വ മായി പ്രയോഗിക്കുന്നതിനാൽ ക്രിസ്തീയ വിശ്വാസികൾക്കു "തൗഹീദ്" എന്ന പ്രയോഗം വളരെ വിചിത്രമായി തോന്നാം. ദൈവത്തിന്റെ ത്രിത്വത്തിലെ ഏകത്വം വിശദീകരിക്കുന്നതാണ് ക്രിസ്തീയ മാർഗ്ഗത്തിലെ തൗഹീദ്. ഈ ത്രിത്വത്തിലെ ഏക ത്വം, ക്രിസ്തീയ വിശ്വാസത്തിന്റെ കാമ്പ്, പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട് എങ്കിലും ഇസ്ലാമിക വിജ്ഞാനം ലഭിച്ച വർക്കും ഈ പശ്ചാത്തലം ഉള്ളവർക്കും പൊതുവെ ഇക്കാര്യം ശരിക്കു മനസ്സിലായിട്ടില്ല.

## ഏക സത്യ ദൈവം മാത്രം

ഏകസത്യദൈവത്തിന്റെ അസ്തിത്വത്തിൽ ഓരോ മുസ്ലീമും വിശ്വസിക്കുന്നു. ഈ വിഷയം ഒരിക്കലും മാറ്റപ്പെടു കയോ തള്ളിക്കളയുകയോ ചെയ്യാൻ പറ്റാത്തവിധം ഇസ്ലാമിക ഉപദേശങ്ങളിൽ വളരെ അധികം അറിയപ്പെടുന്ന ഒരു യാഥാർത്ഥ്യമാണ്.

ക്രിസ്തീയ ഗോളത്തിലും അതേ ദൃഢവിശ്വാസം നില നിൽക്കുന്നു. ക്രിസ്ത്യാനികളും ഏകസത്യ ദൈവവിശ്വാസ മാണ് ഏറ്റുപറയുന്നത്. എന്നാൽ ഏകസത്യ ദൈവത്തെക്കു റിച്ച് ക്രിസ്ത്യാനികളുടെയും മുസ്ലീംകളുടെയും വിവക്ഷ വാസ്തവമായും ഒന്നു തന്നെയാണോ?

ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഇസ്ലാമിക ഉപ ദേശം സൂറത്തുൽ ഇഖ്ലാസ് :1, സൂറത്തുൽ ബഖറ: 163, സൂറ ത്തുൽ മാഇദ: 73bയിലും മറ്റും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ബൈബിളിൽ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ:

യെശയ്യാവ് 45 : 5 "ഞാൻ യഹോവയാകുന്നു. മറ്റൊരുത്തനുമില്ല, ഞാനല്ലാതെ ഒരു ദൈവവുമില്ല".

യോഹന്നാൻ 17:3 "ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു".

1 കൊരിന്ത്യർ 8:4 b "ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു".

1 കൊരിന്ത്യർ 8:6 "പിതാവായ ഏക ദൈവമേ നമുക്കുള്ളൂ; അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കു ഉണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു".

ഈ വേദപുസ്തക ഖണ്ഡികകൾ വായിച്ചതിന് ശേഷം ഒരു സംശയവും എനിക്കു പിന്നീട് അവശേഷിച്ചില്ല. മുമ്പു മുസ്ലീം എന്ന നിലക്കു എനിക്കുണ്ടായിരുന്ന ഏക ദൈവ വിശ്വാസം ഇപ്പോൾ ഒരു ക്രിസ്ത്യാനി എന്ന നിലക്ക് ആ വിശ്വാസത്തിന് യാതൊരു മാറ്റവും ആവശ്യമില്ലെന്നും എനിക്കു ബോധ്യമുണ്ടായി. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഞാൻ ഒരു ക്രിസ്ത്യാനി ആയി പരസ്യമായി പ്രഖ്യാപിക്കുന്നതു നിമിത്തം ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള യാഥാർത്ഥ്യം നിരാകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തില്ല. ഞാൻ ക്രിസ്ത്യാനി ആയിതീർന്നതിനുശേഷം അതെനിക്കു കൂടുതൽ പരിപൂർണ്ണമായി മനസ്സിലാവുകയും ചെയ്തു.

ക്രിസ്ത്യാനികൾ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഉപദേശം അശുദ്ധമാക്കുന്നു എന്ന് മുസ്ലീംകൾ എല്ലാ

യ്പ്പോഴും അവകാശപ്പെടാറുണ്ട്. എന്നാൽ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ക്രിസ്തീയ ഉപദേശം സംശുദ്ധമാക്കുന്ന വിധത്തിലാണ് ക്രിസ്തീയ അദ്ധ്യാപനങ്ങൾ എന്ന് ഉറപ്പിച്ചു പറയുവാൻ എനിക്കു കഴിയും. ദൈവത്തെക്കുറിച്ചുള്ള ഏറ്റവും നല്ലതും പരിശുദ്ധവുമായ അദ്ധ്യാപനം ക്രിസ്ത്യാനികളുടെ തൗഹീദ് ഏകദൈവ വിശ്വാസമാണ്. താഴെ പ്രതിപാദിക്കുന്ന ബഹുദൈവ വിശ്വാസ(ഷിർക്ക്)ത്തിന്റെ അർത്ഥത്തെ വിശദീകരിക്കുമ്പോൾ നമുക്ക് ഇക്കാര്യം പരിശോധിക്കാം.

## ബഹുദൈവവിശ്വാസത്തെ സംബന്ധിച്ച പ്രശ്നം

ഇസ്ലാമിൽ ബഹുദൈവവിശ്വാസം മുഖ്യമായ ഒരു വസ്തുതയാണ്. അതിനാൽ ക്രിസ്തീയ മാർഗ്ഗത്തിലുള്ള ഏകദൈവവിശ്വാസം ബഹുദൈവവിശ്വാസവുമായി കൂടിക്കലർന്നു പോകാതിരിക്കുവാൻ നാം വളരെ അധികം ശ്രദ്ധിക്കേണ്ടതുണ്ട്.

ഇസ്ലാമിൽ ബഹുദൈവവിശ്വാസം ക്ഷമിക്കപ്പെടാത്ത മൂന്ന് പാപങ്ങളിൽപ്പെട്ടതാണ്. അതിനാൽ തന്നെ ഈ രണ്ട് മതങ്ങളെയും തുലനം ചെയ്യുന്നതിൽ എനിക്ക് ഈ ചോദ്യം വളരെ നിർണ്ണായകമായിരുന്നു. ക്രിസ്തീയോപദേശത്തിൽ ബഹുദൈവവിശ്വാസത്തിന്റെ വല്ല ലാഞ്ചനയും ഉണ്ടോ എന്ന് ഞാൻ വളരെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചു.

ആദ്യമായി തന്നെ വേദപുസ്തകത്തിൽ ഇപ്രകാരം പ്രതിപാദിക്കുന്ന ഒരു ശ്രദ്ധേയമായ വചനം ഞാൻ കണ്ടു. **"ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്. നിന്റെ ദൈവ**

**മായ യഹോവയായ ഞാൻ തീഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും".** പുറപ്പാട് 20:3,5.

"കുഞ്ഞുങ്ങളെ, വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവിൻ" 1. യോഹ 5:21 എന്ന് യോഹന്നാനും നമ്മെ ഉദ്ബോധിപ്പിക്കുന്നു. വല്ലതിനെയും "വിഗ്രഹം" എന്ന് വിളിക്കുന്നപക്ഷം ഈ വിഗ്രഹങ്ങൾക്കും വ്യക്തമായ ഒരു നിർവചനം ആവശ്യമാണ്. ഓരോ പ്രതിമയെയും വിഗ്രഹം എന്നു വിളിച്ചുകൂടാ. ഓരോ സ്തംഭത്തെയും വിഗ്രഹം എന്ന് വിളിക്കാവതല്ല. ഓരോ ചരിത്രപ്രസിദ്ധമായ സൗധങ്ങളെയും വിഗ്രഹം എന്ന് വിളിക്കാത്തതുപോലെ ഓരോ സ്മാരക രേഖാശിലകളെയും വിഗ്രഹം എന്ന് വിളിച്ചുകൂടാ. മതപരമായ ചടങ്ങുകളും ആരാധനകളും പ്രാർത്ഥനകളും ഈ മന്ദിരങ്ങൾക്കു നേരെ നടത്തുന്നു എങ്കിൽ അവ വിഗ്രഹമായിതീരും അല്ലെങ്കിൽ ദൈവമായി അവ കരുതപ്പെടും. മാന്ത്രികർ, ജ്യോതിഷികർ, സാമ്പ്രാണിയും മറ്റുപകരണങ്ങളും കൊണ്ട് മരിച്ചവരുടെ ആത്മാക്കളാലുള്ള ബാധയൊഴിപ്പിക്കുവാൻ എല്ലാവിധ ആഭിചാരവും ചെയ്യുന്ന മന്ത്രവാദികൾ, എല്ലാവരും ബഹുദൈവ വിശ്വാസത്തിൽ പങ്കാളികളാണെന്നതിന്റെ സൂചനയാണ് കാണിക്കുന്നത്.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും അപ്രകാരം ശകുന പരീക്ഷണം ചെയ്യുന്നവരിൽ നിന്നും അകന്ന് നില്ക്കണമെന്നും വേദപുസ്തകം നമ്മെ ശക്തിയായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നു. ആവർത്തനം 18:10, 13 വരെ ഇപ്രകാരം പറയുന്നു: "തന്റെ മകനെയോ മകളെയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ള

വരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യു ന്നവനെല്ലാം യഹോവയ്ക്കു വെറുപ്പ് ആകുന്നു; ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്ന് നീക്കിക്കളയുന്നു. നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നീ നിഷ്ക്കളങ്കനായിരിക്കേണം".

ബഹുദൈവവിശ്വാസത്തെക്കുറിച്ചു ഞാൻ ഇപ്രകാരം സംക്ഷേപിക്കാം:

1. ദൈവം ഏകനാണെന്നാണ് ക്രിസ്തുമാർഗ്ഗം പ്രഖ്യാപി ക്കുന്നത്. എല്ലാവരും ഈ ഏകദൈവത്തെ ആരാധിക്കുവാനും വണങ്ങുവാനും ബാധ്യസ്ഥരാണ്. ഇതര ദൈവങ്ങൾക്കുള്ള ആരാധന വലിയ പാപമാണ്. (ലൂക്കൊസ് 4:8, മത്തായി 4:10, ആവർത്തനം 6:13 യോശുവ 24:14,15 വായിക്കുക).

2. ദൈവത്തിന്റെ ഏകത്വം പരിപൂർണ്ണമായി മനസ്സിലാ ക്കുമ്പോൾ ദൈവത്തെകൂടാതെ മറ്റേതൊരു ദൈവങ്ങളുടെയും അസ്തിത്വത്തെ ക്രിസ്തീയ ഉപദേശം ഏതൊരു രൂപമോ, വിഗ്ര ഹമോ, മന്ദിരമോ, സ്തംഭമോ, മനുഷ്യനിർമിതമായ മറ്റു വല്ല തുമോ, (ബൈത്തുള്ളയായ) കഅ്ബയുടെ ഫോട്ടോ പോലു മോ, വെള്ള നിറത്തിൽ കൊത്തുപണി ചെയ്യപ്പെട്ട ജമുക്കാ ളമോ ചുവപ്പോ കറുപ്പോ ആയ നിറമോ ഒന്നും തന്നെ ന്യായീ കരിക്കുന്നില്ലെന്നു കാണാം. ഇവയ്ക്ക് മുമ്പിലൊന്നും മുട്ടുകു ത്തുന്നതിനും, ആരാധനരൂപത്തിൽ അവയ്ക്ക് കീഴെ നമി ക്കുന്നതിനും യാതൊരു ന്യായീകരണവും കാണ്മാനും കഴി യുന്നില്ല (പുറപ്പാട് 20:3-5 വായിക്കുക).

3. വേദപുസ്തകമനുസരിച്ചു ജീവിക്കുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനി ഭാവിഭാഗധേയങ്ങൾ പ്രവചിക്കുന്നവന്റെ (ജ്യൗ തിഷികന്റെ) അടുക്കൽ പോവുകയോ, ഭാഗ്യം വരുത്തുന്നവ ന്റെയോ മന്ത്രവാദിയുടെയോ ആഭിചാര പ്രവൃത്തിയിൽ ആശ്ര യിക്കുകയോ ചെയ്യുകയില്ല. (അവ ഒരു ബൈബിളിൽ നിന്ന്

ഉണ്ടാക്കിയതാണെങ്കിൽ പോലും) മരിച്ചവരുടെ ആത്മാക്കളെ ആവാഹിപ്പിക്കുവാനോ ആട്ടിഓടിക്കുവാനോ അവർ ധൂപം കത്തിക്കുകയുമില്ല. ദുരാത്മാക്കളുടെ സ്വാധീനതയിൽ നിന്നും അന്ധവിശ്വാസങ്ങളാലുള്ള ഭയത്തിൽ നിന്നും അവൻ സ്വതന്ത്രനുമായിരിക്കും (ആവർത്തനം 15:10-13 വായിക്കുക).

4. ഭക്തനായ ക്രിസ്ത്യാനി ദുരാത്മാക്കളുടെയോ മന്ത്ര വാദികളുടെയോ അന്ധകാര ശക്തികളുടെയോ സ്വാധീന ശക്തിയെ ഭയപ്പെടുകയില്ല. ദുരാത്മാക്കളുടെ സർവ്വശക്തി യെയും ക്രിസ്തുവിന്റെ ശക്തിപരാജയപ്പെടുത്തുകയും വിജ യിക്കുകയും ചെയ്തതായി വേദപുസ്തകം പലപ്പോഴായി പ്രതി പാദിച്ചിട്ടുണ്ട്. അവസാനമായി ആ ദുരാത്മ ശക്തികളെല്ലാം കർത്താവായ യേശുക്രിസ്തുവിനും തന്റെ അനുയായി കൾക്കും തങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യേണ്ടി വരും. (യോഹ. 14:12 മാർക്കൊസ് 16:17 വായിക്കുക).

5. ചില പ്രത്യേക വസ്തുക്കളെയും മോതിരത്തിലെ വില പിടിപ്പുള്ള കല്ല്, ക്രിസ് കൊണ്ട് കുത്തൽ, ഏലസ്സ്, അമാനു ഷിക ശക്തിയുണ്ടെന്ന് ധരിക്കുന്ന മറ്റേതെങ്കിലും വസ്തു വിനോ യഥാർത്ഥ ക്രിസ്ത്യാനി ഒരു പരിഗണനയും നല്കു ന്നതല്ല. ക്രിസ്തീയ മാർഗത്തിൽ ശക്തിയുള്ളതായി വിശ്വസി ക്കുന്നത് ദൈവത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിന് മാത്ര മാണ് (റോമർ 14:17-18 വായിക്കുക.).

6. ഭയം, അസ്വസ്ഥത, ക്ലേശം മുതലായ ക്രിസ്ത്യാനി യുടെ ജീവിതത്തിലെ മറ്റ് സർവ്വ പ്രശ്നങ്ങളും പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ മാത്രം കൊണ്ടുവരേണ്ട വിഷയങ്ങളാണ്. അവന് മാത്രമേ നമ്മുടെ ആവശ്യങ്ങൾ അറിയുവാനും നമ്മുടെ പ്രാർത്ഥന കേൾക്കുവാനും കഴിയൂ. (സങ്കീ. 5:3, മത്താ 6:25-34, മത്താ 7 :7-8 വായിക്കുക) വിശുദ്ധ ഖബറുകൾ പോലും, സന്ദർശിക്കരുത്. പ്രവാചകരുടെ ഖബർപോലും അവ പേര് ഏത് തന്നെ ആയികൊള്ളട്ടെ.

അവസാനമായി, ഉത്തമമനസ്സാക്ഷിയോടുകൂടി തന്നെ ക്രിസ്ത്യാനികളുടെ ഏകദൈവവിശ്വാസമാണ് ഏറ്റവും പവിത്രവും ഉൽകൃഷ്ടവുമെന്ന് വിശ്വസിക്കുവാനും പരസ്യമായി പ്രഖ്യാപിക്കുവാനും എനിക്കു കഴിഞ്ഞു. ആത്മാക്കൾക്കും, വിഗ്രഹങ്ങൾക്കും, മനുഷ്യനിർമ്മിതമായ ദൈവങ്ങൾക്കും ഒരു സ്ഥാനവുമില്ല. പിതാവും തന്റെ ജീവനും ചൈതന്യവുമായ വചനം അഥവാ കർത്താവായ യേശുക്രിസ്തു അല്ലാതെ മറ്റൊരു ദൈവവുമില്ല.

* * * * *

# ദൈവീക ത്രിത്വം

യേശുക്രിസ്തുവെ ഞാൻ രക്ഷിതാവായി സ്വീകരിക്കുന്നതിന് മുമ്പ് ദൈവത്തെക്കുറിച്ചുള്ള ത്രിത്വസിദ്ധാന്തം എനിക്കു മറ്റൊരു തടസ്സമായിരുന്നു. മറ്റു പലർക്കും ഇത് ഒരു തടസ്സമായി തീർന്നിട്ടുമുണ്ട്. ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ നിമിത്തമാണ് ഈ തടസ്സം.

ദൈവീകത്രിത്വം ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഉപദേശത്തെ (തൗഹീദിനെ) ലംഘിക്കുന്നില്ല എന്ന് എനിക്കു കാണ്മാൻ കഴിഞ്ഞു.

സൂറ: അൽമാഇദ 73 പറയുന്നു.

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ ثَالِثُ ثَلَـٰثَةٍ

“മൂന്നിൽ 3–ാമത്തെതാണ് ദൈവം എന്ന് പറയുന്നവർ തീർച്ചയായും സത്യനിഷേധികളാണ്”.

സൂറ അന്നിസാ 171 പറയുന്നത്

وَلَا تَقُولُوا۟ ثَلَـٰثَةٌ

“ദൈവം മൂന്നാകുന്നു എന്ന് നിങ്ങൾ പറയരുത്.

എന്റെ മാനസാന്തരത്തിന് മുമ്പ് ഞാനും ഞങ്ങളുടെ മുസ്ലീം സുഹൃത്തുക്കളും ഈ ഖുർ ആൻ സൂക്തങ്ങളെ പലപ്പോഴും ദൈവത്തിന്റെ ത്രിത്വത്തെക്കുറിച്ചുള്ള ക്രിസ്തീയ ചിന്തയെ നിരാകരിക്കുവാനായി നിർദ്ദിഷ്ട സൂത്രവാക്യമായി

ഉപയോഗിച്ചിരുന്നു. ഈ ഖുർആൻ വാക്യങ്ങൾ വിവിധങ്ങളായ മൂന്ന് ദൈവങ്ങളിലുള്ള വിശ്വാസത്തെയാണ് നിഷേധിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിലെ വിശുദ്ധ ത്രിയേക വിശ്വാസത്തേയല്ല.

ഏത് വിധത്തിലുള്ള ബഹുദൈവവിശ്വാസത്തെയും വിശേഷിച്ചു പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവ മൂന്ന് വിഭിന്ന ദൈവങ്ങളാണെന്ന സിദ്ധാന്തത്തെയും ക്രിസ്തീയ മാർഗ്ഗം നിരാകരിക്കുന്നതിനാൽ ഈ ഖുർ ആൻ വാക്യങ്ങളെ ക്രിസ്ത്യാനികളായ നാം പ്രശംസിക്കുന്നു. മൂന്ന് വ്യത്യസ്തങ്ങളായ ദൈവത്തിലുള്ള വിശ്വാസം വേദ വിപരീതമാണ്. അതിലുപരി നിരീശ്വരവാദത്തെയും വിശ്വദേവതാവാദത്തെയും ക്രിസ്തീയമാർഗ്ഗം നിരാകരിക്കുന്നു.

താഴെ പറയുന്ന വിധത്തിൽ വേദപുസ്തകം ദൈവത്തിലുള്ള അടിസ്ഥാന വിശ്വാസത്തെ ഇപ്രകാരം സ്ഥിരീകരിച്ചിരിക്കുന്നു. **"ഇസ്രായേലെ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏകനാകുന്നു!"** (ആവ. 6:4-5) യേശുക്രിസ്തു ഈ വിശ്വാസപ്രമാണം പരസ്യമായി ഏറ്റുപറഞ്ഞു (മാർക്ക 12:29-30).

യെശയ്യാവ് 45:5-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു: **"ഞാൻ അല്ലാതെ മറ്റൊരു ദൈവമില്ല"**.

യോഹന്നാൻ 17:3-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: **"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു"**.

ദൈവത്തിന്റെ ത്രിത്വത്തിലുള്ള ക്രിസ്തീയ വിശ്വാസം സത്യദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിന് വൈരുദ്ധ്യമാണെന്ന് തെളിയിക്കുന്ന നേരിയ ഒരു തെളിവുമില്ല. ചില മനുഷ്യർ വ്യാഖ്യാനിക്കുന്നത് പോലെ മൂന്നു ദൈവങ്ങളുടെ

സംയോജനമാണെന്ന് പോലും അത് അർത്ഥമാക്കുന്നില്ല.

ദൈവത്തിന്റെ ത്രിത്വസിദ്ധാന്തം ഇപ്രകാരം വിശദീകരിക്കാവുന്നതാണ്.

1. **സ്രഷ്ടാവായ ദൈവം,** "പിതാവ്" എന്നു വിളിക്കപ്പെട്ടവൻ പ്രപഞ്ചത്തിന്റെ സ്രഷ്ടാവാകുന്നു, എന്നത് ഇസ്ലാമിൽ സർവ്വശക്തൻ എന്ന് അർത്ഥം വരുന്ന അൽഖാദർ എന്ന പദത്തിന് തുല്ല്യമാണ്.

2. **അവന്റെ വചനം,** തന്റെ "പുത്രൻ" എന്നു വിളിക്കപ്പെട്ടവൻ യേശുക്രിസ്തുവിന്റെ ജനനത്തിൽ ജഡമായി തീർന്നു. ദൈവത്തിന്റെ ന്യായപ്രമാണങ്ങളും ഹിതവും വെളിപ്പെടുത്തുകയും മനുഷ്യർക്ക് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പ്രസ്താവിക്കുകയും, മനുഷ്യരുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നതിന് വേണ്ടിയുള്ള ദൈവത്തിന്റെ ജീവനുള്ള വചനമാണ് അവൻ. (താൻ ദൈവത്തിന്റെ വചനമായിരിക്കുന്നു എന്നത് മുരീദ് - ഹിതം എന്ന ഇസ്ലാമിക പ്രമാണത്തിന് സമവുമാകുന്നു.

3. **ദൈവത്തിന്റെ ആത്മാവ്,** അഥവാ "പരിശുദ്ധാത്മാവ്" സഹായവും മാർഗ്ഗദർശനവും നല്കുന്നവനാണ്. ദൈവത്തിനായി സമർപ്പണം ചെയ്യപ്പെട്ട ഭക്തർക്കു നല്കുന്ന സത്യമായ ആത്മാവ് (ഈ ദൈവത്തിന്റെ ആത്മാവ് എന്നത് ഇസ്ലാമിൽ "മുഹ്യ്യി - ജീവദാതാവ്" എന്നത് പോലെയുമാകുന്നു.

ദൈവത്തിന്റെ മൂന്ന് വിധത്തിലുള്ള പ്രത്യക്ഷത (പിതാവ് പുത്രൻ - (വചനം) - പരിശുദ്ധാത്മാവ്) മൂന്ന് വ്യക്തികളായി ചിത്രീകരിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇവ ഇസ്ലാമിലെ "ഷിഫാ അത്ത്" എന്ന പദത്തിനോട് സദൃശമാകുന്നു. പക്ഷെ ഇവ ദൈവത്തിന്റെ അസ്തിത്വത്തിന്റെ ഏകതത്വവുമാകുന്നു. ഓരോന്നും മറ്റുള്ളവരിൽ നിന്ന് വിഭജിക്കുക സാധ്യമല്ല. ഓരോരുത്തർക്കും തുല്ല്യ

ശക്തി, അമർത്യത, ഒന്ന് മറ്റൊന്നിന് മുമ്പോ പിമ്പോ ഉണ്ടായ തല്ല. പിതാവ്, പുത്രൻ (വചനം) പരിശുദ്ധാത്മാവ് എന്നത് **ദൈവം** എന്ന ഏക പദത്താൽ പറയാവുന്നതാണ്.

ക്രിസ്തീയ വിശ്വാസത്തിലെ ത്രിയേകത്വത്തിലുള്ള ഏകത്വം തൗഹീദ് പ്രമാണത്തെ ഉല്ലംഘിക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്. ഇത് വിവിധ അല്ലാഹുകളുടെയോ ദൈവ ങ്ങളുടെയോ ഒരു ഐക്യവുമല്ലതന്നെ.

ഈ ക്രിസ്തീയ ത്രിത്വവിശ്വാസത്തിന്റെ അർത്ഥത്തെ ഖുർ ആൻ എതിർക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നുമി ല്ല. ഖുർ ആൻ നിഷേധിക്കുന്നതാവട്ടെ, അൽമാഇദ: 73, ഉം സൂറ: അന്നിസാഅ് 171–ലും പ്രതിപാദിക്കുന്ന വ്യത്യസ്തങ്ങ ളായ മൂന്ന് ദൈവങ്ങളിലോ ത്രിമൂർത്തികളിലുള്ള വിശ്വാസ ത്തെയോയാണ്. ഈ വിശ്വാസത്തെ ക്രിസ്തീയ വിശ്വാസം പരിപൂർണ്ണമായും പരിത്യജിക്കുകയും ചെയ്യുന്നു.

അക്കാരണത്താൽ തന്നെ ക്രിസ്തീയ ത്രിത്വ വിശ്വാ സത്തിന് വിപരീതമായി, ഒരു വചനവും ഖുർ ആനിൽ ഇല്ലെ ന്നാണ് ഞാൻ ചിന്തിക്കുന്നത്.

* * * * *

# യേശുക്രിസ്തുവിന്റെ മരണവും പുനരുത്ഥാനവും

സൂറ: അന്നിസാഅ് 157 പറയുന്നു

وَقَوْلِهِمْ إِنَّا قَتَلْنَا ٱلْمَسِيحَ عِيسَى ٱبْنَ مَرْيَمَ رَسُولَ ٱللَّهِ
وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَـٰكِن شُبِّهَ لَهُمْ وَإِنَّ ٱلَّذِينَ
ٱخْتَلَفُوا۟ فِيهِ لَفِي شَكٍّ مِّنْهُ مَا لَهُم بِهِ مِنْ عِلْمٍ إِلَّا
ٱتِّبَاعَ ٱلظَّنِّ وَمَا قَتَلُوهُ يَقِينًا.

“അല്ലാഹുവിന്റെ ദൂതനും മർയമിന്റെ പുത്രനുമായ ഈസാമസീഹായെ ഞങ്ങൾ കൊന്നു കളഞ്ഞു എന്ന അവരുടെ വാക്ക് അവർ അദ്ദേഹത്തെ വധിക്കുകയോ ക്രൂശിക്കുകയോ ചെയ്തിട്ടില്ല. വാസ്തവത്തിൽ യാഥാർത്ഥ്യം അവർക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവർ അതിൽ സംശയാലുക്കളുമാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്കു യാതൊരു വിവരവുമില്ല. വാസ്തവമായും അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല. യേശുക്രിസ്തു കുരിശിൽ മരിച്ചു എന്ന യാഥാർത്ഥ്യത്തെ നിഷേധിക്കുവാനായി മറ്റു മുസ്ലീം പണ്ഡിതന്മാരും മുമ്പ് ഞാൻ തന്നെയും ഈ ഖുർആൻ വാക്യം പലപ്പോഴും ഉപയോഗിച്ചിരുന്നു.

ഒരു സംരക്ഷണവും ലഭിക്കാതെ ദൈവത്തിന്റെ പ്രിയന് തന്റെ പ്രവാചകനായവന് തന്നെ ക്രൂശിൽ മരിക്കേണ്ടി വരിക എന്നത് അസാധ്യമാണെന്ന് മുമ്പ് ഞാനും ചിന്തിച്ചിരു

ന്നു. അതിലുപരി ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവപുത്രൻ എന്ന് വിളിക്കുന്ന സ്ഥിതിക്ക് പിതാവായ ദൈവം തന്റെ സംരക്ഷണം അദ്ദേഹത്തിന് തീരെ നല്കിയില്ല എന്ന് പറയുന്നതും തികച്ചും അസാധ്യമായ ഒരു കാര്യമാണ്.

വേദപുസ്തകത്തിലെ യാഥാർത്ഥ്യം ഖുർ ആനിനാൽ പിൻതാങ്ങപ്പെടുകയും, സൂറ അൽമാഇദ 68–നേയും മറ്റും കുറിച്ചു എനിക്കു ദിവ്യബോധനം ലഭിച്ചതുപോലെ, യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം എന്ന വിഷയത്തെക്കുറിച്ചു വീണ്ടും പഠിച്ചപ്പോൾ ബൈബിളിൽ എഴുതപ്പെട്ടതിനോട് ഖുർ ആൻ യോജിക്കുന്നു എന്ന് മനസ്സിലായി.

1. “ആരോ ക്രൂശിക്കപ്പെടുകയും മരിക്കുകയും ചെയ്തു” എന്ന വാർത്ത ഖുർ ആൻ അനുസരിച്ചു നാം വായിക്കുന്നു. മരിച്ച വ്യക്തി ആരാണെന്നതിന്റെ തിരിച്ചറിയൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല താനും, യേശു ക്രിസ്തുവാണ് മരിച്ചതെന്ന് ഖുർ ആൻ അദ്ധ്യാപകർ നിഷേധിക്കുന്നു. ക്രൂശിൽ മരിച്ചത് യൂദാസ് ആണെന്നാണ് അവർ പറയുന്നത്.

2. യഹൂദന്മാർ തങ്ങളാണ് “യേശുവെ വാസ്തവമായും വധിച്ചത്” എന്നതിനെക്കുറിച്ച് കുറ്റബോധമുള്ളവരാണെന്നും ഖുർ ആൻ പറയുന്നു.

യേശുക്രിസ്തുവോ അതോ മറ്റുവല്ലവരുമോ? ആരായിരുന്നു വാസ്തവത്തിൽ ക്രൂശിക്കപ്പെടുകയും മരിക്കുകയും ചെയ്തത് എന്നതിനെക്കുറിച്ചു ഏറ്റവും നല്ലതും മനഃസാക്ഷിക്കു ബോധ്യം വരുത്തുന്നതുമായ തെളിവ് എനിക്കു അന്വേഷിക്കേണ്ടി വന്നു. ഈ തെളിവ് ലഭിക്കേണ്ടതിന് വസ്തു നിഷ്ഠമായ ചരിത്രരേഖ കണ്ടുപിടിക്കേണ്ടിയിരുന്നു. ഇത് ബൈബിളിൽ കാണാം. യഥാർത്ഥ ചരിത്രപരമായ തെളിവുകൾക്കായി വേദപുസ്തകം തുറന്ന ഒരു രേഖയായി നിലനില്ക്കുന്നതിനാൽ അത് ഉപയോഗിക്കാവുന്നതാണ്.

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നി വരാൽ എഴുതപ്പെട്ട നാല് സുവിശേഷങ്ങളിൽ നിന്ന് യേശു ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെക്കുറിച്ചുള്ള സംഭവങ്ങൾ പഠിക്കാവുന്നതാണ്. ഈ എഴുത്തുകാരുടെ സാക്ഷ്യങ്ങൾ, ഇവ രിൽ മൂന്നുപേരും സ്വയമായി കണ്ട യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കിയും ആകുന്നു.

ന്യായപ്രമാണമനുസരിച്ച് ഒരു കാര്യത്തിന് രണ്ടോ മൂന്നോ ദൃക്സാക്ഷികൾ ഉണ്ടെങ്കിൽ അത് സത്യമായി തീരു മെന്ന വ്യവസ്ഥ നാം അംഗീകരിക്കുന്നു എങ്കിൽ ഈ സംഭ വവും ന്യായപ്രമാണമനുസരിച്ചു (ആവർത്തനം 17:6-7) യാഥാർത്ഥ്യമാണ്. ഈ നാല് എഴുത്തുകാരിൽ മൂന്നുപേരും യേശു ക്രിസ്തുവിന്റെ ക്രൂശീകരണത്തിനും മരണത്തിനും ദൃക്സാക്ഷികളാണ്. അതിനാൽ ഈ സാക്ഷ്യങ്ങൾ യാഥാർത്ഥ്യവും, നിയമാനുസൃതവും വിശ്വാസ്യവുമാണ്. ഖുർ ആന്റെയും മുഹമ്മദിന്റെയും സാക്ഷ്യങ്ങളുമായി തുലനം ചെയ്യുമ്പോൾ അവ സംഭവത്തിനും ആറ് നൂറ്റാണ്ടുകൾക്കു ശേഷമാണ് എഴുതപ്പെട്ടതെന്നും, എഴുത്തുകാരൻ ദൃക്സാക്ഷി അല്ലായ്കയാൽ അവ മനസ്സാക്ഷിക്കു ബോധ്യം വരുത്തുന്ന വിധത്തിലുള്ള അഭിപ്രായം അല്ലെന്നും മനസ്സിലാക്കാവുന്നതാ ണ്.

മറ്റൊരു സാക്ഷ്യം കൂടി കൂട്ടിചേർക്കാവുന്നതാണ്. ശതാധിപൻ യേശുവിന്റെ മരണം പ്രഖ്യാപിച്ചപ്പോൾ അരിമ ത്ഥ്യയിലെ യൊസേഫ് പിലാത്തോസിന്റെ അടുക്കൽ ചെന്നു യേശുക്രിസ്തുവിന്റെ ശരീരം ചോദിച്ചു. (മർക്കൊസ് 15:42-46) ഉടൽ യോസേഫിന് നല്കി. ക്രൂശിൽ നിന്നും ഇറക്കിയത് യേശു വിന്റെ ശരീരമല്ലായിരുന്നു എങ്കിൽ, അരിമത്ഥ്യയിലെ യോസേഫ് ശരീരം നിരാകരിക്കുകയും അതിന്റെ പരിശുദ്ധി നിഷേധിക്കുകയും ചെയ്യുമായിരുന്നു.

യേശുവിന്റെ കല്ലറക്ക് കാവൽ ഏർപ്പെടുത്തണമെന്ന്

യഹൂദർ പിലാത്തൊസിനോട് ആവശ്യപ്പെട്ടിരുന്നു. യേശുവ ല്ലാതെ മറ്റാരെങ്കിലുമായിരുന്നു അതിൽ അടക്കപ്പെട്ടിരുന്നത് എങ്കിൽ അപ്രകാരം പിലാത്തൊസ് കാവൽ ഏർപ്പെടുത്തുക യില്ലായിരുന്നു. മരിച്ചവരിൽ നിന്ന് മൂന്നാം നാൾ ഉയിർത്തെഴു ന്നേല്ക്കുമെന്നു യേശു പറയുന്നത് തന്നെ പിലാത്തൊസ് കേൾക്കുകയും ചെയ്തിരുന്നു. ക്രൂശിക്കപ്പെട്ട വ്യക്തി യേശു ആയിരുന്നില്ല എന്ന് സങ്കൽപ്പിക്കുക. എങ്കിൽ "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ അവരോട് ക്ഷമി ക്കേണമേ എന്നും "എല്ലാം നിവർത്തിയായി എന്നുമുള്ള തന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്ന സ്നേഹമസൃണമായ വചനങ്ങൾ ഉരുവിടുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഇതെല്ലാം തെളിയിക്കുന്നത് ക്രൂശിക്കപ്പെട്ട വ്യക്തി യേശുക്രി സ്തുവല്ലാതെ മറ്റാരും ആയിരുന്നില്ല എന്നതത്രേ.

സൂറ: അന്നിസാഅ് 157 പ്രതിപാദിക്കുന്ന പ്രകാരം "ക്രൂശിക്കപ്പെട്ടു മരിച്ച" വ്യക്തി യേശുക്രിസ്തു തന്നെയാ ണെന്ന് അനിഷേധ്യമായി അപ്രകാരം എനിക്കു ബോധ്യമാ യി. യുദയോ മറ്റാരോ ആയിരുന്നില്ല. ഈ നാല് സുവിശേഷ രചയിതാക്കളുടെ സത്യസന്ധമായ സാക്ഷ്യം സത്യമാണ്, നിയ മാനുസൃതമാണ്. അവ സുവ്യക്തവുമാണ്.

## മരിച്ചവരിൽ നിന്നുള്ള യേശുവിന്റെ പുനരുത്ഥാനം

മരിച്ചവരിൽ നിന്നുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം ഖുർ ആൻ ഒരിടത്തും നിഷേധിക്കുന്നില്ല. ഖുർ ആൻ അനുസ രിച്ചു യേശുക്രിസ്തുവെ കുറിച്ചു തനിക്കു ലഭിച്ച ദിവ്യസന്ദേശം ഇപ്രകാരമാണ്.

وَٱلسَّلَٰمُ عَلَيَّ يَوْمَ وُلِدتُّ
وَيَوْمَ أَمُوتُ
وَيَوْمَ أُبْعَثُ حَيًّا

“ഞാൻ ജനിച്ച ദിവസവും ഞാൻ മരിക്കുന്ന ദിവസവും ഞാൻ പുനരുത്ഥാനം ചെയ്യപ്പെടുന്ന ദിവസവും ഞാൻ അനുഗ്രഹീതനായി തീർന്നിരിക്കുന്നു” മർയം 33.

യേശുക്രിസ്തുവിന്റെ മരണവും ക്രൂശീകരണവും പലരും നിഷേധിക്കുന്നു എങ്കിലും ഈ വചനപ്രകാരം യഥാർത്ഥമായി അവൻ മരിച്ചു എന്നും എനിക്കു ബോധ്യപ്പെട്ടു. യേശു വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നു എനിക്കു ഉറപ്പായി (ഉബ്ഹസ് ഹയ്യൻ) ഉബ്ഹസു ഹയ്യൻ എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം യഥാർത്ഥ മരണം ആസ്വദിച്ചതിന് ശേഷം ജീവനോടെ അയച്ചു (അമുത്തു) എന്നുമാണ്.

മൂന്നാം ദിവസം യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു - ശാരീരികമായി തന്നെ പുനരുത്ഥാനം ചെയ്തു എന്നത് സ്പർശനീയവും നിരീക്ഷണവിധേയവുമായിരുന്നു (ഫിലി 3:21) മരിച്ചവരിൽ നിന്ന് യേശു പുനരുത്ഥാനം ചെയ്തില്ലായിരുന്നു എങ്കിൽ തന്റെ മരണം നിരർത്ഥകമായിത്തീർന്നേനേ.

യേശുക്രിസ്തു ക്രൂശിക്കപ്പെടുകയും, മരിക്കുകയും എന്നിട്ട് മൃതനായി അവശേഷിക്കുകയും ചെയ്തു എന്ന് സങ്കല്പിക്കുക. എങ്കിൽ ഇത് ക്രിസ്ത്യാനികൾക്ക് തികച്ചും ഒരു പ്രഹരമായിതീരുമായിരുന്നു. കാരണം അവരുടെ ദൈവം മരിക്കുകയും അങ്ങനെ നശിച്ചുപോവുകയും ചെയ്തേനെ. ഇന്നേവരേയും ക്രിസ്തു മാർഗ്ഗം ശക്തിയായി നിലനില്ക്കുകയും ചെയ്യുമായിരുന്നില്ല. ക്രിസ്ത്യാനികൾക്കു സ്വർഗ്ഗീയ രക്ഷയെക്കുറിച്ചുള്ള യാതൊരു പ്രത്യാശയും ലഭിക്കുകയും ചെയ്യുമായിരുന്നില്ല.

യേശുക്രിസ്തു മരിക്കുകയും മരിച്ചവനായി തുടർന്നും നിലനില്ക്കുകയും ഇന്നും കല്ലറയിൽ തന്റെ അസ്ഥികൂടം അവശേഷിക്കുകയും ചെയ്തിരുന്നു എങ്കിൽ എന്തിനാണ്

ക്രിസ്ത്യാനികൾ ഒരു ചത്ത ദൈവത്തെ ആരാധിക്കുന്നത്? മരിച്ച ഒരു വ്യക്തിയുടെ നാമത്തിൽ എന്തിനാണ് ഒരു ക്രിസ്ത്യാനി ജ്ഞാന സ്നാനം ഏല്ക്കുന്നത്? ജീവനില്ലാത്ത ഒരു ദൈവത്തെ ധ്യാനിക്കേണ്ട ആവശ്യകത എന്താണ്? യേശു ക്രിസ്തു തങ്ങളുടെ രക്ഷകനാണെന്ന് പരിഗണിച്ച് അവനെ ആരാധിക്കുന്നത് അവൻ മരണത്തെ അതിജീവിക്കാതെ കല്ല റയിൽതന്നെ അവശേഷിക്കുമായിരുന്നു എങ്കിൽ തികച്ചും അർത്ഥശൂന്യമായിതീരുകയും ചെയ്യുമായിരുന്നു.

ദൈവത്തിന്റെ സ്നേഹം തെളിയിക്കുവാനായി യേശു ക്രൂശിൽ തറച്ചു വധിക്കപ്പെടണം. എന്നിട്ടു മരിച്ചവനായി എന്നെന്നും തീരാതെ വിജയശ്രീലാളിതനായി പുനരുത്ഥാനം ചെയ്തു അനശ്വരനായി യുഗങ്ങൾക്കും അപ്പുറം ജീവനുള്ള വനായി തീരുകയും വേണം. മരിച്ചവരിൽ നിന്നും യേശു ഉയിർത്തെഴുന്നേറ്റു വീണ്ടും ജീവിക്കുന്നത് ആരുടെയും ഒരു ഭാവനാസൃഷ്ടിയല്ല, പ്രത്യുത ധാരാളം വ്യക്തികൾ ദർശിച്ചതും സാക്ഷീകരിച്ചതുമാകുന്നു.

ലോകവ്യാപകമായി സഭകളുടെ വിശ്വസ്ത സാക്ഷ്യ ത്തിന്റെ അടിത്തറ യേശുക്രിസ്തുവിന്റെ മരണവും ഉയിർത്തെ ഴുന്നേല്പുമാണ്. ഞങ്ങളുടെ വിശ്വാസം പ്രതീക്ഷാ നിർഭരമാ ണ്. അനശ്വരനായി ജീവിക്കുന്ന ഒരു രക്ഷകനാണ് ഞങ്ങൾക്കു ള്ളത്. ഞങ്ങളുടെ വിശ്വാസം സ്നേഹത്തിൽ അധിഷ്ഠിതവു മാകുന്നു. അങ്ങനെ യേശുവിലൂടെ ദൈവവാഗ്ദത്തങ്ങൾ ഞങ്ങൾക്കു അവകാശമായി ലഭിക്കും. ഞങ്ങൾ അവനോട് കൂടെ കഷ്ടപ്പെടുകയും അവനോട് കൂടെ തേജസ്കരിക്കപ്പെ ടുകയും ചെയ്യും (റോമ 8:17).

ഇക്കാരണത്താൽ ക്രിസ്തുവിന്റെ പിൻഗാമികളെന്ന നിലക്കു എല്ലാവിധ മരണത്തിൽ നിന്നും നാം ഉയിർത്തെഴു ന്നേല്ക്കണമെന്നുള്ള ബോധ്യം നമുക്കു ആവശ്യമാണ്.

– മരണത്തിന്റെ കുടുംബമായ കലഹം, വിദ്വേഷം, അനൈക്യം എന്നിവയിൽ നിന്ന് നാം ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

– വേദനയോടെയുള്ള നമ്മുടെ ജീവിതസന്ധാരണമാകുന്ന മരണത്തിൽ നിന്നും നാം ഉയിർത്തെഴുന്നേല്ക്കണം.

– ഉൽക്കണ്ഠാകുലമായ ഹൃദയത്തിന്റെ മരണത്തിൽ നിന്നും നാം ഉയിർക്കപ്പെടണം.

– ബലഹീന വിശ്വാസത്തിന്റെ മരണത്തിൽ നിന്നും നാം ഉയിർത്തെഴുന്നേല്ക്കപ്പെടണം.

– സ്വാർത്ഥതയാകുന്ന മരണത്തിൽ നിന്നും നാം ഉയിർപ്പിക്കപ്പെടണം.

– കഷ്ടതയുടെയും, രോഗത്തിന്റെയും, ഭയത്തിന്റെയും മരണത്തിൽ നിന്നു നാം ഉയിർത്തെഴുന്നേല്ക്കണം.

## യേശുവിന്റെ കുരിശ് നമുക്ക് എന്ത് അർത്ഥമാക്കുന്നു

ദിവ്യപ്രചോദിതനായ അപ്പോസ്തലനായ പത്രൊസ് ഇപ്രകാരം എഴുതുന്നു: “ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അത് പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ടും അടികൊള്ളുന്നത് സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം സഹിച്ചു. നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ

വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കുകയത്രേ ചെയ്തത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു, ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഉടയവനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങി വന്നിരിക്കുന്നു (1 പത്രൊസ് 2:19–25).

ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ പരമകാഷ്ഠ ആയിരുന്നു അവന്റെ ക്രൂശാരോഹണം. ക്രൂശിലെ മരണം താൻ ആഗ്രഹിച്ചതായിരുന്നില്ല. പ്രത്യുത അത് ദൈവം തന്റെ അനാദി നിർണ്ണയത്താൽ വിധിച്ചതായിരുന്നു. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ അഗാധമായ അർത്ഥം അത് സംഭവിക്കുന്നതിനും 700 വർഷങ്ങൾക്കു മുമ്പ് തന്നെ പ്രവാചകനായ യെശയ്യാവ് പ്രവചിച്ചിരുന്നു. (യെശ. 53:4–12)

## സാക്ഷാൽ

*നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു, നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി.*

*തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു, കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടി നെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാ തെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാ തിരുന്നു. അവൻ പീഡനത്താലും ശിക്ഷാ വിധിയാലും എടു ക്കപ്പെട്ടു; ജീവനുള്ളവരുടെ ദേശത്തുനിന്നും അവൻ ഛേദിക്ക പ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവനു ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാ രിച്ചു? അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചന ഒന്നും ചെയ്യാതെയും ഇരുന്നിട്ടും അവർ അവനു ദുഷ്ടന്മാരോടു കൂടെ ശവക്കുഴി കൊടുത്തു. അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു. എന്നാൽ അവനെ തകർത്തു കളവാൻ യഹോവക്കു ഇഷ്ടം തോന്നി; അവൻ അവനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സ് പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കുകയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും, നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരെയും നീതീ കരിക്കും, അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. അതു കൊണ്ട് ഞാൻ അവനു മഹാന്മാരോട് കൂടെ ഓഹരി കൊടു ക്കും, ബലവാന്മാരോട് കൂടെ അവൻ കൊള്ള പങ്കിടും, അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കികളയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്ക് വേണ്ടി ഇടനിന്നുകൊണ്ടും അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ (യെശ 53:4-12).*

ഈ പ്രവചനത്തിൽ പ്രതിപാദിക്കുന്ന ദാസൻ യേശു ക്രിസ്തുവായതിനാൽ തന്നിൽ ഇത് നിവൃത്തിയാകുമെന്നു യേശുതന്നെ അറിഞ്ഞിരുന്നു. യേശു തന്റെ കഷ്ടാനുഭവങ്ങൾ എത്രതന്നെ വർദ്ധിച്ചു വന്നിട്ടും തന്നെ ബന്ധനസ്ഥനാക്കാൻ

വന്ന പട്ടാളക്കാരനെ വധിച്ചുകളയുമെന്നു തന്നെ അനുഗമിച്ച ശിഷ്യർ ഭീഷണിപ്പെടുത്തിയപ്പോൾ യേശു അവരോട് പറഞ്ഞത്: “വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും. എന്റെ പിതാവിനോട് ഇപ്പോൾ തന്നെ പന്ത്രണ്ട് ലെഗ്യോനിലും അധികം ദൂതന്മാരെ എന്റെ അരികെ നിറുത്തേണ്ടതിനു എനിക്കു അപേക്ഷിച്ചു കൂടാ എന്നുതോന്നുന്നുവോ? എന്നാൽ ഇങ്ങനെ സംഭവിക്കേണം എന്നുള്ള തിരുവെഴുത്തുകൾക്കു എങ്ങനെ നിവൃത്തി വരും എന്നുപറഞ്ഞു (മത്താ. 26:52-54).

തൗറാത്തിന്റെ നിയമങ്ങളെ ധിക്കരിച്ചതിന്നായിരുന്നില്ല യഹൂദ മതപുരോഹിതന്മാർ യേശുക്രിസ്തുവിനെ ക്രൂശിക്കുന്നതിനായി റോമാഗവർണറുടെ അടുത്തേക്കയച്ചത്. മറിച്ചു യഹൂദമത പുരോഹിതരും മതനേതാക്കളും താൻ ദൈവപുത്രനെന്നും, രക്ഷകനെന്നും പറയുക നിമിത്തം ദൈവദൂഷണം പറഞ്ഞു എന്ന കുറ്റം ആരോപിച്ചായിരുന്നു.

സ്വർഗ്ഗത്തിൽ ശാശ്വതമായ ജീവിതം നയിക്കുന്നതിന്നാവശ്യമായ ആത്മാവ് പ്രാപിക്കുന്നതിനായും സർവ്വ പാപത്തിന്റെയും ശക്തികളിൽ നിന്ന് നമ്മെ രക്ഷിപ്പാനും യേശു ക്രൂശിൽ കഷ്ടത അനുഭവിക്കുകയും മരിക്കുകയും ചെയ്തത് ഒരു യാഗമായിട്ടായിരുന്നു എന്ന് യേശു ക്രിസ്തുവെ അനുഗമിക്കുന്ന ഓരോരുത്തരേയും വിശേഷിച്ചു നമ്മേയും ക്രൂശിന്റെ നിഴൽ അനുസ്മരിപ്പിക്കുകയുമത്രേ ചെയ്യുന്നത്.

## യേശുവിന്റെ സ്വർഗ്ഗാരോഹണം (മിഅ്റാജ്)

പട്ടണത്തിന് വെളിയിൽ ബെഥാന്യയിൽ വച്ചു തന്റെ പന്ത്രണ്ട് ശിഷ്യന്മാരും യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് (മിഅ്റാജിന്) സാക്ഷികളായിരുന്നു. (ലൂക്കൊസ് 24:50) യേശു

വിന്റെ സ്വർഗ്ഗാരോഹണം ഖുർ ആന്റെ അടിസ്ഥാനത്തിലും സാധൂകരിക്കപ്പെട്ടിരിക്കുന്നു. അൽഇംറാൻ 55 പറയുന്നത്

إِذْ قَالَ ٱللَّهُ يَـٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ

"ഞാൻ നിന്നെ മരിപ്പിക്കുകയും എന്നിലേക്കു നിന്നെ ഉയർത്തുകയും ചെയ്യുമെന്നും അല്ലാഹു ഈസയോട് പറഞ്ഞ സന്ദർഭം ഓർക്കുക.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ടുകാര്യങ്ങളുണ്ട്.

1. തന്റെ ആഗമനോദ്ദേശ്യത്തെ കേന്ദ്രീകരിച്ചു താൻ തന്റെ ശിഷ്യർക്കു നല്കിയ അവസാന സന്ദേശത്തിൽ എല്ലാ ശിഷ്യർക്കും നല്കിയ ആജ്ഞ ഇപ്രകാരമായിരുന്നു.

a. ലോകമെമ്പാടും പോയി രക്ഷയുടെ സുവിശേഷം പ്രസംഗിക്കുകയും സർവ്വജാതികളെയും യേശുവിന്റെ ശിഷ്യ രാക്കുകയും ചെയ്യുക.

b. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി ന്റെയും നാമത്തിൽ സ്നാനം നല്കുക.

c. ബൈബിളിനെക്കുറിച്ചും പൊതുവെയും സുവിശേഷ ത്തെക്കുറിച്ച് പ്രത്യേകിച്ചും ഞാൻ പഠിപ്പിച്ചതൊക്കെയും അവരെ അഭ്യസിപ്പിക്കുകയും ചെയ്യുക.

2. തന്റെ സർവ്വ ശിഷ്യർക്കും പരിശുദ്ധാത്മാവിന്റെ ശക്തി നല്കും എന്നതും യേശുക്രിസ്തുവിന്റെ വാഗ്ദത്തമായിരുന്നു. ഇന്നും ശിഷ്യരായി തീരുന്നവർക്കും തന്റെ മാർഗ്ഗം പിൻതുട

രുന്നവർക്കും ഈ ശക്തി നല്കും എന്നും ഇത് അർത്ഥമാക്കുന്നു. അതെ യേശുക്രിസ്തു ജീവന്റെ വചനമായ ദൈവപുത്രനാകുന്നു എന്ന സത്യത്തിന് സാക്ഷിയായിതീരുന്ന ഏവർക്കും തന്നെ. യുഗാന്ത്യം വരേയും അവന്റെ ആത്മാവ് നമ്മോട് കൂടെ എന്നെന്നും നിലനില്ക്കുകയും ചെയ്യും.

## യേശുവിന്റെ രണ്ടാം വരവ്

മരിച്ചവരേയും ജീവനുള്ളവരേയും ന്യായം വിധിപ്പാൻ യേശു രണ്ടാമതും വരും അപ്പൊ. 1:11, വെളി. 20:11–15.

യുഗാന്ത്യത്തിൽ യേശു നീതിമാനായ ന്യായാധിപനായാണ് വരുന്നത്. ഇത് മുസ്ലീംകളുടെയും പൊതുവായ ഒരു വിശ്വാസമാണ്. ധാരാളം ഹദീസുകളിൽ ഇക്കാര്യം പ്രവചിക്കപ്പെട്ടിട്ടുമുണ്ട്.

1. ഹദീസ് ബുഖാരി പുസ്തകം 11, പേജ് 256 അബുഹുറൈറയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.

كَيْفَ أَنْتُمْ إِذَا نَزَلَ ٱبْنَ مَرْيَمَ فِيكُمْ وَإِمَامُكُمْ مِنْكُمْ

“മർയമിന്റെ പുത്രൻ ഇറങ്ങുകയും എന്നിട്ടു നിങ്ങളുടെ മതനേതാവും പുരോഹിതനും ആയി തീരുകയും ചെയ്താൽ നിങ്ങളുടെ സ്ഥിതി എന്തായിത്തീരും?”

2. ഇമാം അഹമ്മദ് ബുനുഹംബൽ, മുസ്നദിൽ നിന്നുള്ള ഹദീസ് പുസ്തകം 2:240, 411.

لَيُوشَكَنَّ أَنْ يَنْزِلَ فِيكُمْ ٱبْنَ مَرْيَمَ إِمَاماً مَهْدِياً وَحَكَماً عَدْلاً

"നീതിമാനായ വിധികർത്താവായും നേതൃത്വം നല്കുന്ന പുരോഹിതനായും ഉടനെതന്നെ മർയയുടെ പുത്രൻ നിങ്ങളിലേക്കു ഇതാ വരുവാറായ്".

3. മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനായി മുഹമ്മദ് തന്നെ ഒരിക്കൽ മർയമിന്റെ മകൻ നീതിമാനായ ന്യായാധി പതി ആയിതീരുവാൻ വേണ്ടി വീണ്ടും വരും എന്നു സത്യം ചെയ്തു പറയുകയുണ്ടായി.

മുഹമ്മദ് പറഞ്ഞു:

وَٱللَّهَ لِيُنْزِلَ ٱبْنَ مَرْيَمَ حَكَماً عَدْلاً

"ദൈവത്താലാണ് സത്യം, സത്യമായും നീതിമാനായ ന്യായാധിപനായി മർയമിന്റെ പുത്രൻ ഇറങ്ങും" (മുസ്ലീമിന്റെ ഹദീസ്ഗ്രന്ഥം 1 പേജ് 76).

കാലാവസാനമുള്ള യേശുവിന്റെ വീണ്ടും വരവാണ് ഈ ഹദീസിന്റെ വ്യാഖ്യാനം. "ഹകമൻ" എന്ന പദം (ന്യായാ ധിപനായി) കുറിക്കുന്നതു യേശു രണ്ടാമതും ഒരു പ്രവാചക നായി ഇന്നും പ്രചാരത്തിലുള്ള ഖുർ ആനിലെയോ ബൈബി ളിലേയോ ദൈവിക പ്രമാണങ്ങൾ കൊണ്ടുവരുവാനല്ല മറിച്ചു പുതിയ ഒരു ഗ്രന്ഥത്താൽ എല്ലാ മനുഷ്യരെയും ന്യായം വിധി ക്കുന്ന വിധികർത്താവായാണ് വരിക. അതെ "ജീവന്റെ പുസ്ത ക"ത്താൽ തന്നെ (വെളി. 20:11–15).

സഹീഹ് ബുഖാരിയിൽ നിന്നും മുസ്ലീമിൽ നിന്നു മുള്ള മുകളിലെ ഹദീസുകളുടെ വചനങ്ങളെ വേദപുസ്തക ത്തിലെ വചനങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണ്. റോമർ 2:16.

"ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹ സ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ".

യേശുക്രിസ്തുവിനെ എന്റെ ദൈവമായും വ്യക്തിപ രമായ എന്റെ രക്ഷിതാവായും സ്വീകരിക്കുന്നതിനും നീതിമാ നായ ന്യായാധിപനെന്ന നിലക്ക് അവന്റെ രണ്ടാം വരവ് പ്രതീ ക്ഷിക്കുകയും ചെയ്യുന്നതിൽ നിന്ന് ഒരു തടസ്സവും പ്രതിബ ന്ധമായിട്ടുണ്ടായിരുന്നില്ല എന്നതിന് കാരണം അതാണ്.

യേശുവെ പിൻപറ്റുന്നവർക്ക് രക്ഷയുണ്ടെന്ന് ഖുർ ആന്റെ ഈ സാക്ഷ്യങ്ങൾ നിമിത്തം ഗ്രഹിക്കാവുന്നതാണ്.

إِذْ قَالَ ٱللَّهُ يَـٰعِيسَىٰٓ إِنِّى مُتَوَفِّيكَ وَرَافِعُكَ إِلَىَّ وَمُطَهِّرُكَ مِنَ ٱلَّذِينَ كَفَرُوا۟ وَجَاعِلُ ٱلَّذِينَ ٱتَّبَعُوكَ فَوْقَ ٱلَّذِينَ كَفَرُوٓا۟ إِلَىٰ يَوْمِ ٱلْقِيَـٰمَةِ.

ദൈവം യേശുവിനോട് പറഞ്ഞു:

"ഞാൻ നിന്നെ മരിപ്പിക്കും, എന്നിട്ടു നിന്നെ എന്റെ അടുക്കലേക്കു ഉയർത്തും, സത്യ നിഷേധികളിൽ നിന്നും നിന്നെ ഞാൻ പരിശുദ്ധനാക്കും, നിന്നെ പിൻപറ്റുന്നവരെ അന്ത്യദിനത്തിൽ സത്യനിഷേധികളെക്കാൾ ഞാൻ ഉയർത്തു കയും ചെയ്യും.

ക്രിസ്തുവിനെ പിൻപറ്റുന്നവർക്കു രക്ഷ ഉറപ്പാകുന്നു എന്നു ഖുർആൻ തന്നെ പ്രത്യക്ഷമായി സാക്ഷ്യം വഹിക്കുന്നു. അതർത്ഥമാക്കുന്നതാകട്ടെ സ്വർഗ്ഗത്തിൽ നിത്യജീവനും യേശു തന്നെ ഇപ്രകാരം പറഞ്ഞു:

"ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്, അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു". (യോഹ. 5:24).

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു, ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6).

* * * * *

# വേദപുസ്തകത്തിന്റെ സത്യസന്ധത

ഈ സാക്ഷ്യത്തിന്റെ ആരംഭത്തിൽ ഞാൻ വിശദീകരിച്ചതുപോലെ ബൈബിളിന്റെ സത്യസന്ധത പരിശോധിക്കുവാൻ എനിക്കു പ്രേരണ ലഭിച്ചത് അൽമാ ഇദയിലെ 68–ാമത്തെ വചനമായിരുന്നു. ദൈവഹിതപ്രകാരം സത്യത്തിൽ ദൈവത്തെ ആരാധിക്കുന്ന ഏവർക്കും (തൗറാത്തും സബൂറും ഇഞ്ചീലും അടങ്ങിയ വേദപുസ്തകം സത്യസന്ധമായ പുസ്തകമാകുന്നു എന്ന് ഖുർആൻ ശരിവെക്കുന്നു.

അജ്ഞരായ ജനങ്ങളുടെ കറപുരണ്ട കരങ്ങളാൽ വേദപുസ്തകം (തൗറാത്തും, സബൂറും ഇഞ്ചീലും) ദുഷിപ്പിക്കപ്പെടുകയും മാറ്റിത്തിരുത്തുകയും ചെയ്യപ്പെട്ടതിന് തെളിവായി മുമ്പു ഞാനും മറ്റെല്ലാ മുസ്ലീം പണ്ഡിതന്മാരും ഉപയോഗിക്കുന്ന ധാരാളം വചനങ്ങൾ ഖുർആനിൽ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടവയായുണ്ട്.

വേദപുസ്തകത്തിന്റെ ഉള്ളടക്കം വേദപുസ്തകം മുഖേന ഗ്രഹിപ്പാൻ ഞാൻ ആഗ്രഹിച്ചത് പോലെ ഈ ഖുർആൻ വചനങ്ങളുടെ യഥാർത്ഥ അർത്ഥം ഗ്രഹിക്കുവാനും ഞാൻ ആഗ്രഹിച്ചു.

ഈ ഖുർ ആൻ വചനങ്ങളിൽ എത്രമാത്രം സത്യം അടങ്ങിയിട്ടുണ്ടെന്നു സത്യസന്ധമായിതന്നെ ഞാൻ പരിശോധിച്ചപ്പോൾ ഞാൻ ഈ നിഗമനത്തിൽ എത്തിചേർന്നു.

**1. അൽബഖറ 75**

أَفَتَطْمَعُونَ أَنْ يُؤْمِنُوا لَكُمْ وَقَدْ كَانَ فَرِيقٌ مِّنْهُمْ يَسْمَعُونَ كَلَـٰمَ ٱللَّهِ ثُمَّ يُحَرِّفُونَهُ مِن بَعْدِ مَا عَقَلُوهُ وَهُمْ يَعْلَمُونَ

അവർ നിങ്ങളെ വിശ്വസിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവരിലെ ഒരു പറ്റം അല്ലാഹുവിന്റെ വചനങ്ങളെ കേൾക്കയും അവയെ നല്ലപോലെ പഠിക്കുകയും ചെയ്തശേഷം മനഃപൂർവ്വം അതിനെ ഭേദഗതി വരുത്തുകയും ചെയ്യുന്നു.

സാധാരണയായി മുസ്ലീംകൾ "അവരിൽ ഒരു വിഭാഗം" (ഫരീഖും മിൻഹും) എന്നത് വേദപുസ്തക പണ്ഡിതരായ (യഹൂദരേയോ ക്രിസ്ത്യാനികളേയോ) വരാണ് ദൈവത്തിന്റെ ഈ വചനങ്ങളിൽ, തൗറാത്തിന്റെയും സുവിശേഷത്തിന്റെയും മൂലഗ്രന്ഥത്തിൽ മാറ്റത്തിരുത്തലുകൾ നടത്തിയത് എന്നാണ്.

സൂറ ബഖറ 75-ാം വചനത്തിന്റെ അർത്ഥം അങ്ങനെയല്ലെന്നാണ് എന്റെ പരിശോധനയിൽ എനിക്കു വ്യക്തമായത്. "അവരിൽ ഒരു വിഭാഗം" എന്നതിന്റെ അർത്ഥം ഇതാണ്. യഹൂദരിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും ആദ്യം ഇസ്ലാം ആശ്ലേഷിക്കുകയും പിന്നീട് മുഹമ്മദിന്റെ യഥാർത്ഥ ഉപദേശം ഗ്രഹിച്ചപ്പോൾ വീണ്ടും അവർ ഇസ്ലാമിക വിശ്വാസം ഉപേക്ഷിക്കുകയും ചെയ്തു. അതിനാൽ ഖുർആൻ അവർ വേദപുസ്തകം മാറ്റി തിരുത്തി എന്നല്ല ഖുർആന്റെ തന്നെ യഥാർത്ഥ മൂലവാക്യം ഇവർ മാറ്റുന്നു എന്നാണ് ആക്ഷേപിച്ചിട്ടുള്ളത്.

"(മുഹമ്മദേ) നിന്നെ വീണ്ടും അവർ വിശ്വസിക്കുമെന്ന് നീ പ്രതീക്ഷിക്കുന്നുവോ" എന്ന വചനത്തിൽ നിന്നും ഇത് വ്യക്തമാണ്. ഈ വചനത്തിലെ "നീ" എന്നത് മുഹമ്മദ് തന്നെയാണ്. (ചില ക്രിസ്ത്യാനികളും യഹൂദന്മാരും) മുഹമ്മദിനെ തങ്ങളുടെ പ്രവാചകനായി അംഗീകരിച്ചതിന് ശേഷം, അവർ ഇസ്ലാം പരിത്യജിച്ചു. അപ്പോൾ ഇവർ ദൈവവചനത്തിന്റെ അർത്ഥം തിരുത്തുന്നു എന്നും (ഖുർ ആനിന്റെ) വിഡ്ഢിത്തം കാണിക്കുകയും, കള്ളം പറയുകയും അജ്ഞത നടിക്കുകയും ചെയ്യുന്നു എന്നൊക്കെ ആരോപിക്കപ്പെട്ടു. ഇതാണ് വാസ്തവം. യഹൂദരിലേയോ ക്രൈസ്തവരിലേയോ പണ്ഡിതർക്കെ

തിരായല്ല ഈ ഖുർആൻ സൂക്തം. ഇവർ ഖുർ ആൻ മാറ്റിമറിച്ചു എന്നുമല്ല ആരോപിക്കപ്പെട്ടിട്ടുള്ളത്. മറിച്ചു ഖുർആന്റെ പാഠങ്ങളായാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

**2. സൂറ: അൽബഖറ 106**

مَا نَنسَخْ مِنْ آيَةٍ أَوْ نُنسِهَا نَأْتِ بِخَيْرٍ مِّنْهَا أَوْ مِثْلِهَا

"വല്ല വചനത്തെയും നാം ദുർബലമാക്കുകയോ, അവയെ വിസ്മൃതമാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെക്കാൾ ഉത്തമമായതോ അല്ലെങ്കിൽ അതിനോട് സമമായതോ നാം കൊണ്ടുവരിക തന്നെ ചെയ്യും...".

സൂറ: അൽബഖറ 106-ലെ "വിസ്മൃതമാക്കപ്പെട്ട വചനങ്ങളെകൊണ്ട് മുസ്ലീംകൾ പൊതുവെ അർത്ഥമാക്കുന്നത് തൗറാത്തിന്റെയും സുവിശേഷത്തിന്റേതുമായ ബൈബിളിലെ വചനങ്ങളെയാണ്.

എന്നാൽ ഈ "നീക്കപ്പെട്ട വചനങ്ങൾ" കൊണ്ട് അർത്ഥമാക്കുന്നത് ധാരാളം ഖുർ ആൻ വാക്യങ്ങളെ തന്നെയാണെന്ന് ചില ഇസ്ലാമിക വ്യാഖ്യാനഗ്രന്ഥത്തിൽ നിന്നും നമുക്കു കാണ്മാൻ കഴിയും. കാരണം അവയുടെ നിയമങ്ങളും നിർദ്ദേശങ്ങളും പലപ്പോഴും റദ്ദാക്കപ്പെട്ടിരുന്നു. "അൽതജ്ദീദ് ഫിൽ ഇസ്ലാം" എന്ന ഗ്രന്ഥം 5 മുതൽ 50 വരെ വചനങ്ങൾ ഖുർ ആനിൽ റദ്ദാക്കപ്പെട്ടിട്ടുണ്ട് എന്നുമാണ്. മുഹമ്മദിന്റെ അത്ഭുതപ്രവർത്തനങ്ങളെ കുറിച്ചുള്ള വാകൃങ്ങളാണ് "വിസ്മൃതമാക്കപ്പെട്ട വചനങ്ങളെ കൊണ്ടു ഉദ്ദേശിക്കുന്നത് എന്നാണ് മറ്റു ചിലർ പറയുന്നത്". മുഹമ്മദ് ദിവ്യബോധനത്തോട് കൂടിയ ഒരു പ്രവാചകനായിരുന്നിട്ടും തനിക്കു മുമ്പ് വന്ന പ്രവാചകരായ മോശയെപ്പോലെയും യേശുവിനെപ്പോ

ലെയും അതിശയ പ്രവൃത്തി ചെയ്യുവാൻ കഴിവില്ലാത്തവനായിരുന്നുവല്ലോ. അതിനാൽ അൽബഖറ 106–ാം വചനം വേദ പുസ്തകം ദൈവീക ഗ്രന്ഥമാണെന്ന സത്യം നിഷേധിക്കുന്നതിന് തെളിവായി ഉപയോഗിക്കാവതല്ല. യഥാർത്ഥത്തിൽ സത്യമായി ദൈവത്തെ ആരാധിക്കുന്നവരുടെ യഥാർത്ഥ അടിസ്ഥാനം അതത്രെ....

### 3. സൂറ: അൽമാഇദ: 13

فَبِمَا نَقْضِهِم مِّيثَٰقَهُمْ لَعَنَّٰهُمْ وَجَعَلْنَا قُلُوبَهُمْ قَٰسِيَةً
يُحَرِّفُونَ ٱلْكَلِمَ عَن مَّوَاضِعِهِۦ وَنَسُوا۟ حَظًّا مِّمَّا ذُكِّرُوا۟ بِهِۦ
وَلَا تَزَالُ تَطَّلِعُ عَلَىٰ خَآئِنَةٍ مِّنْهُمْ إِلَّا قَلِيلًا مِّنْهُمْ

“.....അവർ പ്രതിജ്ഞയെ ലംഘിച്ചത് മൂലം നാം അവരെ ശപിക്കുകയും അവരുടെ ഹൃദയങ്ങളെ കാഠിന്യമാക്കുകയും ചെയ്തു. ദൈവവചനങ്ങളെ അവയുടെ സ്ഥാനത്തുനിന്നും അവർ മാറ്റി മറിക്കുകയും അവരെ ഓർമ്മിപ്പിച്ചിരുന്ന വിഷയങ്ങളിലെ ചില അംശങ്ങൾ അവർ വിസ്മരിക്കുകയും ചെയ്തു. അവരിൽ ചിലരൊഴികെ മറ്റുള്ളവരെല്ലാം നടത്തുന്ന വഞ്ചന നീ കണ്ടുകൊണ്ടേയിരിക്കും.....”.

അൽമാഇദ 13–ാം വാക്യത്തിലെ “അവർ” എന്ന പ്രയോഗത്തോട് എല്ലായ്പ്പോഴും അവർ “യഹൂദരെയും ക്രിസ്ത്യാനികളെയും” മനഃപൂർവ്വമായി ഇടയ്ക്കു ചേർത്തു. “അവർ മനഃപൂർവ്വമായി ദൈവവചനങ്ങളെ അവയുടെ യഥാർത്ഥ സ്ഥാനത്തുനിന്നും മാറ്റുന്നതിൽ സന്തുഷ്ടരാകുന്നു.....” എന്ന വചനത്തിന്റെ ഉള്ളടക്കം അവർ വ്യാഖ്യാനിക്കുന്നത് (തൗറാത്തിലെയും സുവിശേഷത്തിലെയും) ബൈബി

ളിലെ സത്യങ്ങൾ അവർ മാറ്റുകയും നിശ്ശേഷം നീക്കുകയും ചെയ്തു എന്നത്രേ.

ഈ വചനവും അൽബഖറയിലെ 75-ാം വചനം പോലെ തന്നെ കുറിക്കുന്നത് മുഹമ്മദിന്റെ കാലത്തുതന്നെ യഹൂദന്മാരിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും ഇസ്ലാം ആശ്ലേഷിക്കുകയും പിന്നീട് ഇസ്ലാം തിരസ്കരിച്ചു തങ്ങളുടെ പൂർവ്വ മതങ്ങളിലേക്കു മടങ്ങിപോയവരേയുമാണ്. ഖുർആനിന്റെ വചനങ്ങളുടെ അർത്ഥം മാറ്റുക നിമിത്തം ഖുർആനിനോട് വിശ്വാസ വഞ്ചനകാട്ടി എന്ന് ഖുർആൻ തന്നെ അവരിൽ കുറ്റമാരോപിക്കുന്നു. മുഹമ്മദിന്റെ യഥാർത്ഥ ഉപദേശങ്ങളെ ഗ്രഹിച്ചിട്ടും അവർ ഇസ്ലാമിന്റെ സന്ദേശം പരിത്യജിച്ചു. ഈ വിഷയം അൽമാഇദയിലെ 7 മുതൽ 14 വരെയുള്ള വചനങ്ങളുടെ പശ്ചാത്തലത്തിൽ വായിക്കേണ്ടതാണ്. വേദപുസ്തകത്തിന്റെ സത്യങ്ങളെ നിരാകരിക്കുന്നതിന് അൽമാഇദ 13-ാം വചനവും ഉപയോഗിക്കാവതല്ലെന്നു പകൽ വെളിച്ചംപോലെ വ്യക്തമാണ്.

## ഉപസംഹാരം

മേൽ ഉദ്ധരിച്ചവയ്ക്കുപുറമെ മറ്റു ധാരാളം വാക്യങ്ങൾ ബൈബിളിന്റെ സത്യസന്ധതയെ നിഷേധിക്കുന്നു എന്നു തോന്നത്തക്കവിധത്തിൽ മറ്റും ധാരാളം വാക്യങ്ങൾ ഖുർആനിലുണ്ട്. അവയെ മാന്യമായി പഠിച്ചതിനുശേഷവും വേദപുസ്തകം (തൗറാത്ത് ഇഞ്ചീൽ) അവയുടെ യഥാർത്ഥ സത്യത്തിൽ നിന്ന് മാറ്റപ്പെടുകയോ അവ അവിശ്വസനീയമായിതീരുകയോ ചെയ്തതായി അസന്നിഗ്ദ്ധമായി പറയപ്പെടുന്ന ഒരു വാക്യവും ഖുർ ആനിൽ ഇല്ലെന്നു ഞാൻ ഏറ്റു പറയുന്നു. അൽമഇദ 68-ലും അൽബഖറ 62-ലും അസ്സജദ 23-ലും മറ്റ് ഞാൻ മുമ്പ് പ്രതിപാദിച്ചവയിലും ദൈവഹിതമനുസരിച്ചു ഞാൻ അവനെ സത്യത്തിൽ ആരാധിപ്പാൻ താല്പര്യമുള്ള ഏവർക്കും വേദപുസ്തകം (തൗറാത്തും ഇഞ്ചീലും) യഥാർത്ഥ സത്യമാകുന്നു എന്നു ബോധ്യമാകുന്നതും ആകുന്നു.

# സാഹചര്യങ്ങളുടെ സ്വാധീനതയാൽ എനിക്ക് അഭിമുഖീകരി ക്കേണ്ടി വന്ന പോരാട്ടങ്ങൾ

ഈ സത്യത്തോട് എനിക്കു ദൃഢവും ബോധ്യവും വന്നു എങ്കിലും, യേശുക്രിസ്തുവിനെ എന്റെ വ്യക്തിപരമായ രക്ഷിതാവായി സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനായിരുന്നിട്ടും സാഹചര്യങ്ങളുടെ സമ്മർദ്ദം എനിക്കു ഒരു തടസ്സമായി നില കൊണ്ടതിനാൽ എനിക്കു ഔദ്യോഗികമായി ഒരു ക്രിസ്ത്യാനി ആയിതീരുവാൻ കഴിഞ്ഞില്ല. ഉൽകണ്ഠയാലും ഭീതിയാലും ഞാൻ വേട്ടയാടപ്പെട്ടവനായിത്തീർന്നു.

ധാരാളം ആളുകൾ ക്രിസ്തുവെ തങ്ങളുടെ കർത്താവായി വ്യക്തിപരമായ രക്ഷിതാവായി സ്വീകരിക്കുവാൻ സന്നദ്ധരാണെന്നാണ് എന്റെ ജീവിതാനുഭവം കാണിക്കുന്നത്. എന്നാൽ അവർ മിക്കപ്പോഴും തങ്ങളുടെ ചുറ്റുപാടുകളുടെ സമ്മർദ്ദത്താൽ കാലിടറിപ്പോവുന്നത് തങ്ങളുടെ മാതാപിതാക്കളെ ഭയന്നോ അവരെ എതിർക്കാൻ മനസ്സില്ലാത്തതു കൊണ്ടോ ആണ്. ചിലപ്പോൾ അവർ ക്രിസ്ത്യാനികളായാൽ അവരുടെ യജമാനന്മാർ അവരെ ജോലിയിൽ നിന്നും പിരിച്ചു വിടുമോ എന്നു ഭയന്നുമാകാം. ഒരിക്കൽ ഒരു വിശ്വാസി തന്റെ ഭാര്യയോടുകൂടെ യേശുവിൽ വിശ്വസിക്കേണ്ടതിന് തന്റെ ഭാര്യയോട് കലഹിക്കുകയുണ്ടായി, യേശു തങ്ങളുടെ ഹൃദയത്തിൽ പരിപൂർണ്ണമായും വാഴുന്നതിന് തടസ്സമായി നില്ക്കുന്ന മറ്റു പല പ്രതിബന്ധങ്ങളും പലർക്കുമുണ്ട്.

മത്തായി 10–ന്റെ 34 മുതൽ 36 വരെയുള്ള വചനങ്ങളിൽ സാഹചര്യങ്ങളുടെ ഭീതിജനകമായ സ്വാധീനതയെകുറിച്ചു പരാമർശിക്കുന്നുണ്ട്. യേശുവെ പിൻ പറ്റുവാൻ ആഗ്രഹിക്കുന്ന ഏവരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ: മാതാപിതാക്കളുടെ വെറുപ്പോ, കുടുംബബന്ധങ്ങളിലുള്ള അകൽച്ച

യോ, തന്റെ ജീവനു നേരെയുള്ള ഭീഷണിയോ ഏതായിരുന്നാലും, യേശുവെ കർത്താവായി വിശ്വസിക്കുവാൻ തീരുമാനം എടുക്കുകയും അവനെ തന്റെ ഹൃദയത്തിൽ വാഴാൻ അനുവദിക്കുകയും ചെയ്ത ഏവർക്കും അപ്രകാരമുള്ള ആകുലചിന്തകൾ ദീർഘകാലം നിലനില്ക്കുകയില്ല. ഓരോ ഉൽക്കണ്ഠാകുലമായ അവസ്ഥയും ദൈവസഹായത്താൽ അതിജീവിക്കുകതന്നെ ചെയ്യും. അപ്രകാരമുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദം ഞാൻ അനുഭവിച്ചിട്ടുണ്ട്. എന്നിട്ടും എല്ലായ്പ്പോഴും രക്ഷയുടെ വഴി ദൈവം എനിക്കു തുറന്നു തന്നിട്ടുണ്ട്.

1961 മുതൽ 1964 വരെ ഞാൻ രണ്ടു മതപരമായ കർത്തവ്യങ്ങളും നിർവഹിച്ചിട്ടുണ്ട്. ഇസ്ലാമികമായ പ്രാർത്ഥനകൾ ഞാൻ നടത്തുകയും വെള്ളിയാഴ്ച പള്ളിയിൽ പോവുകയും ചെയ്തു. എല്ലാ ഞായറാഴ്ചയും ഞാൻ ക്രിസ്തീയ പള്ളിയിലും ശനിയാഴ്ച അഡ്വൻററിസ്റ്റ് സഭയിലും ഞാൻ ആരാധനക്കുപോയി. ആ സമയത്ത് ഞാൻ പള്ളിയിൽ പോയത് എന്റെ ദൃഢവിശ്വാസം മുഖേന ആയിരുന്നില്ല. സത്യത്തെക്കുറിച്ച് കൂടുതലായി പഠിക്കുവാനായിരുന്ന ഞാൻ അങ്ങനെ പോയത്. ബിംബങ്ങൾ, ഫോട്ടോകൾ തുടങ്ങി വിഗ്രഹങ്ങളെ ജനങ്ങൾ പള്ളിയിൽ ആരാധിക്കുന്നു എന്ന് അക്രൈസ്തവരുടെ വർണ്ണനകളൊക്കെ ഞാൻ വായിച്ചിരുന്നു. അക്കാരണത്താൽ ജക്കാർത്തയിലെ വിവിധ സഭകളെ ഞാൻ ഊഴമനുസരിച്ചു ഓരോ ഞായറാഴ്ചയും സന്ദർശിച്ചു. പ്രതിമകളുടെയും ഫോട്ടോയുടെയും കീഴിൽ ആരാധകരുണ്ടോ എന്നു കാണുവാനായി ഒരു ഞായറാഴ്ച തന്നെ ഞാൻ ഒന്നിലധികം പള്ളികൾ സന്ദർശിച്ചു.

അവസാനമായി എന്റെ ധാരണകൾ ശരിയല്ലെന്ന് എനിക്കു ബോധ്യമായി. ഞാൻ സന്ദർശിച്ച ഒരു സഭയിലും വിഗ്രഹാരാധന കണ്ടില്ലതാനും.

യഥാർത്ഥത്തിൽ 1964 മുതൽ എന്റെ ആത്മാവ് പരിശുദ്ധത്മാവിനാൽ – അതെ സത്യത്തിന്റെ ആത്മാവിനാൽ –

നിറയപ്പെട്ടിരുന്നു. ആ സമയം മുതൽ യേശുവിനെ എന്റെ വ്യക്തിപരമായ രക്ഷകനായി സർവ്വാത്മനാ ഞാൻ അംഗീകരിച്ചു. എങ്കിലും ഒരു ബലഹീനത നിലനിന്നിരുന്നു. ഞാൻ എന്റെ തീരുമാനം പരസ്യപ്പെടുത്തുവാൻ ധൈര്യപ്പെട്ടില്ല. എന്റെ ക്രിസ്തീയ വിശ്വാസത്തെ ഞാൻ രഹസ്യമാക്കി വച്ചു. ഇന്തോനേഷ്യയിലെ കിറ്റാൻഗ് (Kwitang) എന്ന പ്രദേശത്തുള്ള ക്രിസ്തീയ സഭയെ സന്ദർശിച്ചു രഹസ്യമായി സ്നാനം നൽകണമെന്ന് ഞാൻ ആദ്യമായി അപേക്ഷിച്ചു. എന്റെ ബന്ധുക്കളൊ മറ്റാരെങ്കിലുമോ എന്റെ ഭാര്യ പോലും ഇതറിയണമെന്ന് ഞാൻ ആഗ്രഹിച്ചില്ല. ആ സഭയിലെ പാസ്റ്റർ ആരാണെന്ന് പോലും എനിക്കറിയില്ലായിരുന്നു. ആരേയും രഹസ്യത്തിൽ സ്നാനം കഴിപ്പിക്കാത്തതിനാൽ എന്റെ ഈ പ്രത്യേക അപേക്ഷ തിരസ്കരിക്കപ്പെട്ടു.

വളരെ ആഴ്ചകൾക്കു ശേഷം ജറ്റിനഗരിയിലുള്ള ബഥേൽ ചർച്ചിലെ ജെ. സപുലെറ്റ് അച്ചനെ ഇതേ ഉദ്ദേശ്യത്തോടുകൂടെ കാണ്മാനായി ഞാൻ പോയി. അദ്ദേഹം ഉടൻ തന്നെ ഒരു ഉപാധിയോടെ എന്നെ സ്നാനപ്പെടുത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്റെ ആത്മീയ ജീവിതത്തിൽ എന്നെ പരിപോഷിപ്പിക്കുവാൻ കഴിവുള്ള രണ്ടോ മൂന്നോ ക്രിസ്തീയ സ്നേഹിതരെ കൂട്ടികൊണ്ടു വന്നാൽ ഉടൻ തന്നെ സ്നാനം തരാം എന്നു നിർദ്ദേശിച്ചു. ഈ ഉപാധി എനിക്കു അസ്വീകാര്യമായി തോന്നി. കാരണം അപ്പോഴും പരസ്യമായി ഞാനൊരു ക്രിസ്ത്യാനിയാണെന്ന് പറയുവാനുള്ള ധൈര്യം എനിക്കില്ലായിരുന്നു. ഇത് എന്റെ ചുറ്റുപാടിന്റെ വിശേഷിച്ചും എന്റെ ഭവന പരിതസ്ഥിതിയുടെ സ്വാധീനത്തിലായിരുന്നു. എന്റെ ഭവനത്തിൽ വലിയ ഒരു കുഴപ്പത്തിന് ഇത് കാരണമായിതീരുമെന്നും ഞാൻ ഭയപ്പെട്ടു. ചർച്ചിലേക്ക് എന്നോട് കൂടെ വരണമെന്ന് എന്റെ ഭാര്യയോട് പറയുവാനും എനിക്കു ഭയമായി. കാരണം വിവാഹമോചനത്തിലേക്ക് ഭാര്യ ശ്രമിച്ചേക്കും. വിവാഹമോചന പ്രക്രിയകളെ അഭിമുഖീകരിക്കുവാനും ഞാൻ ഭയന്നു. അക്കാ

രണങ്ങളാൽ ക്രിസ്തുവെ രഹസ്യമായി വിശ്വസിക്കുവാനാണ് ഞാൻ താല്പര്യപ്പെട്ടത്.

കൂടുതലായി ഒന്നും തന്നെ എന്റെ ആത്മാവ് തീരുമാനിച്ചില്ല.

യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതിന് എനിക്കു യാതൊരുവിധ സംശയവും ഉണ്ടായിരുന്നതുമില്ല.

അതുകൊണ്ട് രണ്ട് മതാചാരക്രമങ്ങളും ഒരുമിച്ചു നടത്തുന്ന രീതി ഞാൻ നിർത്തിവെച്ചു. ഞാൻ ക്രിസ്തീയ പള്ളിയിലേക്കു മാത്രം പോയി. എന്റെ കുടുംബത്തിന്റെ പ്രതികരണത്തെക്കുറിച്ച് ചില ആകുലചിന്തയും ഭയവും എന്നിൽ വിടാതെ പിടിച്ചു നിന്നു. ഇതിനെ അതിജീവിക്കുന്ന വഴി എനിക്കറിയാതെപോയി. എന്റെ കാര്യത്തിൽ ആലോചന ചോദിക്കുവാൻ ഞാൻ ആരുടെ അടുത്തും പോയതുമില്ല. ആ സമയത്ത് ഞാൻ എന്റെ പ്രശ്നങ്ങളെ സൂക്ഷ്മമായി നേരിട്ടു.

എന്നിരുന്നാലും ദൈവം തന്റെ തക്ക സമയത്തു എന്റെ പോരാട്ടങ്ങളെ അതിജീവിക്കുവാൻ സഹായിച്ചു. ഇസ്ലാം വിട്ടു ക്രിസ്തുമതം സ്വീകരിക്കുന്നതിനെകുറിച്ചു ഞാൻ എന്റെ ഭാര്യയോട് സംസാരിച്ചിരുന്നു എങ്കിൽ അത് ഞങ്ങളിൽ പ്രശ്നമുണ്ടാക്കും എന്നായിരുന്നു ഞാൻ മുമ്പൊക്കെ ചിന്തിച്ചിരുന്നത്. എന്നാൽ കരുണാവാരിധിയായ ദൈവം സത്യത്തിന്റെ വഴി എന്റെ ഭാര്യയിലൂടെ തന്നെ തുറന്നു തന്നു. ആ സമയത്ത് ഒട്ടു മുക്കാലും ക്രിസ്ത്യാനികളുടെ ഭവനങ്ങളിലും പ്രകാശിച്ചിരുന്ന വിളക്കുകളാലും, ക്രിസ്തുമസ്സ് ട്രീയുടെ മനോഹാരിതയാലും അവൾ സമാധാനം കണ്ടെത്തി. ഒരു ക്രിസ്തീയ ഭവനത്തിൽ ജീവിതം എന്തുമാത്രം മനോഹരമാണെന്നതിന് അത് അവൾക്കു ഒരു തെളിവായും തീർന്നു. ക്രിസ്തുമസ്സ് ഗാനങ്ങളാലും, ക്രിസ്തുമസ്സ് ആവേശത്തിന്റെ ശോഭയാലും ചൂടാലും അവർക്കു സമാധാനം അനുഭവപ്പെട്ടു.

അവരുടെ വികാരം പ്രകടമാക്കുന്നതിന്നായി എന്റെ ഭാര്യയും മകളും ഒരു ക്രിസ്തീയ കുടുംബത്തിലെ ക്രിസ്ത്യാനിയായിത്തീരണമെന്ന ആഗ്രഹം വളരെ ആവേശത്തോടെ എന്റെ അടുത്തു വന്നു പറയുകയുണ്ടായി. അപ്രകാരമുള്ള ഒരു സന്ദർഭത്തിനുവേണ്ടിയാണ് ഞാനും കാത്തിരുന്നത്!

പിറ്റെ ദിവസം രണ്ടാമതും ഞാൻ Rev. J. Sapulete നെ കാണുകയും ഞാനും എന്റെ കുടുംബവും യേശുക്രിസ്തുവെ സ്വീകരിക്കുന്നതിനാൽ സ്നാനപ്പെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉടൻ തന്നെ എന്റെ അപേക്ഷ സ്വീകരിച്ചു. ഞാനും ഭാര്യയും ഞങ്ങളുടെ 7 കുഞ്ഞുങ്ങളും ഒരേ കുടുംബമായി 1969 ഡിസംബർ 26–ാം തിയതി ഗേരജ ബെഥേൽ ജമാഅത്ത GPIB – ൽ വച്ചു Rev. J. Sapulete – നാൽ സ്നാനപ്പെട്ടു. ഒരാഴ്ചയ്ക്കുശേഷം ഞങ്ങളുടെ മോനും ഞങ്ങളുടെ പാത പിൻതുടർന്നു. അവനും പലപ്പോഴും ചർച്ചിൽ പോയിരുന്നത് ഞാൻ ആ സത്യം കണ്ടുപിടിക്കുമോ എന്ന ഭയത്തോടുകൂടിയായിരുന്നു. ഞാനും പരമരഹസ്യത്തിൽ സഭയിലേക്കു പോയിരുന്നത് എന്റെ ഭാര്യയും മക്കളും ഇതിനെക്കുറിച്ച് അറിയുമോ എന്ന ഭീതിയോടുകൂടെയുമായിരുന്നു. യഥാർത്ഥത്തിൽ ഞങ്ങൾ ഒളിച്ചു കളിക്കുകയായിരുന്നു. എന്നാൽ അചിരേണ എന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളും യേശുക്രിസ്തുവിന്റെ അനുയായികളായിത്തീരുകയും അവനെ അവരുടെ ഹൃദയങ്ങളിൽ വാഴാൻ അനുവദിക്കുകയും ചെയ്തു. ദൈവത്തിനു സ്തുതി.

## ധാരാളം അനുഗ്രഹങ്ങൾ

1969 ഡിസംബർ 26ന് ഞാനും എന്റെ കുടുംബവും സ്നാനം സ്വീകരിച്ചു. സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും അനുഭവങ്ങൾ ഞങ്ങളുടെ കുടുംബം അനുഭവിച്ചു. ഞങ്ങളുടെ ജീവിതരീതി മാറുംവിധം അനുഗ്രഹങ്ങൾ ഞങ്ങൾ ധാരാളമായി അനുഭവിച്ചു.

അപ്പൊസ്തലനായ പൗലോസ് പറയുന്നു: ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി. ഇതാ അത് പുതുതായി തീർന്നിരിക്കുന്നു. (2 കൊരി. 5:17)

ആരെങ്കിലും യേശുവെ അവന്റെ വ്യക്തിപരമായ രക്ഷിതാവായി സ്വീകരിക്കുന്നപക്ഷം ദൈവം അവന്റെ ജീവിതത്തിന് ഒരു രൂപാന്തരം വരുത്തുന്നു. യേശുക്രിസ്തുവിന്റെ പ്രതിച്ഛായ അവനിൽ മുദ്രിതം ചെയ്യപ്പെടുന്നു. വേദപുസ്തകം പറയുന്നു. "ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു. (ഉല്പത്തി 1 : 27). ഈ പുതിയ സ്വഭാവത്തിൽ നിന്നും പുതിയ സന്തോഷവും, സ്നേഹവും ഒരു പുതിയ കാഴ്ചപ്പാടും ഉടലെടുക്കുന്നു. മുമ്പ് അവൻ സ്നേഹിച്ചതിനെ അവൻ ഇപ്പോൾ വെറുക്കുന്നു. മുമ്പ് അവൻ വെറുത്തതിനെ ഇപ്പോൾ അവൻ സ്നേഹിക്കുന്നു. അവന്റെ ജീവിതം മാറ്റപ്പെടും. ഈ മാറ്റം ദർശനീയമാം വിധം വ്യക്തവുംനമുക്കു ചുറ്റുമുള്ള ജനങ്ങൾക്കു കാണാവുന്നതുമാണ്. അവന്റെ ജീവിതമാർഗ്ഗവും മാറ്റപ്പെടുന്നു. ഈ മാറ്റം അവ ഉച്ചരിക്കുന്ന വാക്കുകളിലും കാണാം എന്തൊരു ആശ്ചര്യകരമായ അനുഭവം!

ഈ മാറ്റം ഞാൻ എന്റെ ജീവിതത്തിൽ കാണുകയും കുടുംബമായുള്ള ഞങ്ങളുടെ ജീവിതത്തിൽ അനുഭവിക്കുകയും ചെയ്തു. ചൂടാകുന്ന പ്രകൃതം അവസാനിച്ചു മറ്റുള്ളവരെ സ്നേഹിക്കുന്ന വിധമായിത്തീർന്നു. ഞങ്ങളുടെ ആത്മീയ ജീവിതത്തിൽ സമാധാനവും സന്തോഷവും ഞങ്ങൾ അനുഭവിച്ചു. കൂടുതൽ സംശയങ്ങൾ ഒന്നും ഞങ്ങൾക്കുണ്ടായില്ല. ഞങ്ങളുടെ ആത്മാക്കൾ സുരക്ഷിതമാവുകയും ഞങ്ങൾക്കു സന്തോഷം ഉണ്ടാവുകയും ചെയ്തു. ഞങ്ങളുടെ ഭൗതിക ജീവിതവും ധന്യമായി അനുഗ്രഹിക്കപ്പെട്ടു. യേശുക്രിസ്തുവെ പിൻപറ്റുന്നവർക്കു നല്കപ്പെട്ട ദൈവവാഗ്ദത്തങ്ങളുടെ സത്യസന്ധത യേശുക്രിസ്തുവിൽ തന്നെ പിൻപറ്റുന്നവർക്കായി നിവർത്തിക്കപ്പെട്ടു എന്നതാണ് ഈ അനുഭവങ്ങളെല്ലാം തെളിയിക്കുന്നത്

“.............ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നത്പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.” (യോഹ. 7:37-38)

“ അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.......”(യോഹ. 10:10 b)

ഞങ്ങളുടെ കുടുംബത്തിന്റെ മാറ്റം വളരെ ശ്രദ്ധേയ മായതിനാൽ ഞങ്ങൾ വളരെവേഗം അസൂയാപാത്രമായി ത്തീർന്നു. ക്രിസ്ത്യാനികളായി തീർന്നതിന് സഭയിൽ നിന്നും ഞങ്ങൾക്കു സാമ്പത്തിക സഹായമായി പ്രതിഫലം ലഭിച്ചന്ന് ഞങ്ങളുടെ അയൽവാസികളും ബന്ധുമിത്രാദികളും കരുതി. ജനങ്ങൾ ഞങ്ങളെക്കുറിച്ചു പരിഹസിച്ച് ഇപ്രകാരം പറഞ്ഞു. “ വളരെ പെട്ടെന്ന് നിങ്ങൾക്കു ധനികരായിത്തീരണമെങ്കിൽ

Mr . അബ്രേയുടെ മാർഗ്ഗം സ്വീകരിച്ചു ഒരു ക്രിസ്ത്യാനി ആയി ത്തിരുക. എങ്കിൽ കോടിക്കണക്കിനു രൂപ നിങ്ങൾക്കു സഹാ യമായി സഭയിൽ നിന്നും ലഭിക്കും..”

ക്രിസ്ത്യാനികളായിത്തീർന്നതിന് കോഴയായി സഭ കളിൽ നിന്നും ലഭിച്ച സംഭാവനകളാൽ ഞങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെട്ടു എന്നു അവർ ഊഹിച്ചു. അങ്ങനെയല്ല തന്നെ! ക്രിസ്തുവിൽ വിശ്വസിച്ചതിനാൽ വ്യക്തികളിൽ നിന്നോ സഭകളിൽ നിന്നോ ഞങ്ങൾക്കു ഒരു സഹായവും ലഭി ച്ചില്ല. പണമോ, വസ്തുവകകളോ, ജോലി വാഗ്ദാനമോ, ഒരു cent ഭൂമിപോലുമോ ഞങ്ങൾക്കു ലഭിച്ചില്ല. ആ സമയത്തെ ഞങ്ങളുടെ അനുഗ്രഹീതമായ ജീവിതത്തിനു കാരണം ദൈവ ത്തിന്റെ ഔദാര്യത്താൽ മാത്രമായിരുന്നു. വിശ്വസിക്കുന്ന ഏവരും ധന്യമായി അനുഗ്രഹിക്കപ്പെടും എന്നത് ദൈവത്തിന്റെ സുസ്ഥിരമായ വാഗ്ദത്തമാകുന്നു.

# എന്റെ നിഷ്ക്രിയമായ ക്രിസ്തീയ വർഷങ്ങൾ

1970 മുതൽ 1972 വരെ താൽപര്യമില്ലാത്ത ക്രിസ്ത്യാനിയായിരുന്നു. എന്റെ കച്ചവടം നടത്തുന്ന തിരക്കിലും കുടുംബകാര്യങ്ങളിലും ഞാൻ കൂടുതൽ ശ്രദ്ധിച്ചു. ഞായറാഴ്ചകളിൽ മാത്രം ഞാൻ പള്ളിയിൽ പോവുകയും ഒഴിവു കിട്ടുന്ന സമയങ്ങളിൽ മാത്രം  ബൈബിൾ വായിക്കുകയും ചെയ്തു. ഈ മനോഭാവത്തെ ദൈവം എന്നിൽ ബോധവാനാക്കി. ആ സമയത്ത് ദൈവം ഇപ്രകാരം എന്നെ താക്കീതു നൽകുന്നതായി എനിക്കു വളരെ നന്നായി അനുഭവപ്പെടുകയും ചെയ്തു. "താൻ ഒരു ക്രിസ്ത്യാനി ആയിത്തീരുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇപ്രകാരം നിഷ്ക്രിയനായി ഇരുന്നാൽ പോരാ. താങ്കളുടെ ജീവിതത്തിൽ സമൃദ്ധമായി അനുഭവിക്കുന്ന ദൈവീകാനുഗ്രഹങ്ങളുടെ ആനന്ദത്തിൽ ഉദാസീനനായി ഇരിക്കുന്നത് ശരിയല്ല. ക്രിസ്തുവിന്റെ ശിഷ്യനായ ക്രിസ്ത്യാനി എന്ന നിലയ്ക്കു മത്തായി സുവിശേഷം 28:19-20 ലെ കല്പന അനുസരിച്ച് ക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ചു വ്യക്തമായ സാക്ഷ്യം നൽകുവാൻ നിലകൊള്ളണം."

എങ്ങനെയാണ് എനിക്കു പരസ്യമായ സാക്ഷ്യം നൽകുവാനും സുവിശേഷം വ്യക്തമായി പറയുവാനും കഴിയുക? അങ്ങനെ ചെയ്യുവാൻ ഞാൻ സന്നദ്ധനായിരുന്നെങ്കിലും എങ്ങനെയാണ് തുടങ്ങേണ്ടത് എന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. ഇതിനും ദൈവം ഒരു വഴി തുറന്നു. അത് ഇപ്രകാരമായിരുന്നു.

ബഞ്ചാർമസിനിലുള്ള എന്റെ ഒരു ഉത്തമ സ്നേഹിതൻ ഒരു രാത്രി ചിലവിടാനായി ഞങ്ങളുടെ അടുത്തു വന്നു. അവൻ, സ്നേഹിതൻ എന്ന പദത്തിന് നീതിപുലർത്തുന്ന വിധത്തിലുള്ള ഒരു ഉത്തമ സുഹൃത്തായിരുന്നു. അവൻ എന്റെ നല്ല

കാലത്തും കഷ്ടകാലത്തും എന്നോടു കൂടെ നിന്നവനാണ്. ഡച്ച് പട്ടാളക്കാർ അറസ്റ്റ് ചെയ്തപ്പോഴൊക്കെയും ഞങ്ങൾ ജയിലിൽ വച്ചും ജയിൽപുള്ളികളുടെ ക്യാമ്പിൽ വച്ചും കണ്ടു മുട്ടിയിരുന്നു.

ഞങ്ങൾ ക്രിസ്ത്യനികളായിത്തീർന്നു എന്നതിന് പര സ്യമായ ഒരു അടയാളമൊന്നും ഞങ്ങളുടെ ഭവനത്തിൽ ഇല്ലാ യിരുന്നതിനാൽ പതിവ് അനുസരിച്ച് അദ്ദേഹം ഞങ്ങളെ അഭി സംബോധന ചെയ്തു. "അസ്സലാമു അലൈക്കും എന്ന് അദ്ദേഹം പറഞ്ഞപ്പോൾ വ അലൈക്കും സലാം" എന്ന് ഞാനും പ്രതിവചിച്ചു. ഞങ്ങളുടെ അയൽവാസികളിൽ നിന്നും ഞങ്ങൾ ക്രിസ്ത്യാനികളായ വാർത്ത അദ്ദേഹം അറിഞ്ഞി രുന്നു. അത് സാധ്യമല്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ അയൽവാസികൾ അദ്ദേഹത്തെ ഒരു വിധം പറഞ്ഞു ബോധ്യ പ്പെടുത്തി. "എന്റെ സ്നേഹിതൻ ഹംറാ അംബ്രിയെ ജക്കാർത്തയിൽ വച്ചു മാത്രമല്ല ബഞ്ചാർ മൻസ്സിനിൽവച്ചും എനിക്കു നന്നായറിയാം. അദ്ദേഹം സാധാരണ ഒരു മുസ്ലീം വിശ്വാസി മാത്രമല്ല. വിശ്വാസത്തെക്കുറിച്ചു തികഞ്ഞബോധ്യ മുള്ള ഒരു മുസൽമാനാകുന്നു. പ്രവിശ്യയിൽ താനൊരു സമ രോത്സുകനായ മുസ്ലീം സേനാനിയായാണ് അറിയപ്പെടുന്നത്. അദ്ദേഹമാണെങ്കിൽ തികഞ്ഞ ഒരു ക്രൈസ്തവ വിരോധികൂ ടിയാണ്. ഇസ്ലാമിക നേതാവും, മുസ്ലീം പത്രപ്രവർത്തകനും ഇസ്ലാമിക പ്രഭാഷകനും കിഴക്കൻ കലിമൻ റൈയ്നിലെപ്പോ ലെത്തന്നെ മദ്ധ്യപ്രദേശങ്ങളിലും സുപ്രശസ്തനുമാണ്. അതി ലുപരി 1947 ൽ അമുൽടായിയിൽ നടത്തപ്പെട്ട സമ്പൂർണ്ണ കലി മൻ റ്റെയ്ൻ ഇസ്ലാമിക് കോൺഗ്രസ്സിൽ ഹംറാൻ അംബ്രി പ്രമോട്ടർ കൂടി ആയിരുന്നു. ഇന്തോനേഷ്യൻ നേഷണൽ ആർമിയിൽ മുസ്ലീംകളുടെ ഉന്നതനായ മതപ്രഭാഷകനായും അദ്ദേഹം സൈന്യത്തിൽ ബഞ്ചാർമൻസിനിൽ നിയോഗിക്കപ്പെ ട്ടിരുന്നു. അത് കൊണ്ടുതന്നെ ഹംറാൻ അംബ്രി സുബോധ ത്തോടെ തന്റെ ഇസ്ലാമിക വിശ്വാസം വിട്ടു ക്രിസ്തുമതം സ്വീകരിക്കില്ല എന്നും എനിക്കുറപ്പുണ്ടായിരുന്നു".

എന്നാൽ വർഷങ്ങളോളമായി ക്രിസ്തുമസ്സ് കാലയളവിൽ ക്രിസ്തുമസ്സ് ട്രീ ഉണ്ടാക്കുകയും ക്രമമായി പള്ളിയിൽ പോവുകയും ചെയ്യുന്നതായി എന്റെ ഗ്രാമത്തിലുള്ളവർ കണ്ടതായി എന്റെ അയൽവാസികൾ അദ്ദേഹത്തെ പറഞ്ഞു ബോധ്യപ്പെടുത്തി. കൂടുതൽ വിശദീകരണത്തിനായി എന്നോടുതന്നെ നേരിട്ടു ചോദിക്കുവാനും അവർ നിർദ്ദേശിച്ചു.

അങ്ങനെ ഒരു സന്ദർശനത്തിനായി എന്റെ ഭവനത്തിൽ അദ്ദേഹം എത്തിയ ഉടൻ തന്നെ ഞാൻ ഒരു ക്രിസ്ത്യാനി ആയിത്തീർന്നെന്ന് കേട്ട വാർത്ത ശരിയാണോ എന്നദ്ദേഹം ആരാഞ്ഞു. ഒരു സന്ദേഹത്തിനും ഇടനൽകാത്ത വിധം ഞാൻ ആ ചോദ്യത്തിന് ഉത്തരം നൽകി. "അതെ, ആ വാർത്ത ശരിയാണ്. ഞാനും എന്റെ കുടുംബം മുഴുവനും സ്നാനപ്പെട്ടു."

എന്റെ ഉത്തരം കേട്ട് അദ്ദേഹം പൊട്ടിക്കരഞ്ഞു. താൻ വളരെയധികം വെറുത്ത ഒരു കാര്യം സംഭവിച്ചതിൽ അദ്ദേഹം അതീവ ദുഃഖിതനായി. സ്തബ്ധനായി അല്പനേരം നില്ക്കുകയല്ലാതെ മറ്റൊന്നും അദ്ദേഹത്തിന് ചെയ്യുവാൻ കഴിഞ്ഞില്ല. ബൻജാർ മസിനിലേക്കു തിരിച്ചു പോയതിനുശേഷം മറ്റുള്ളവരോടും വിശേഷിച്ചു എന്റെ ഉറ്റമിത്രങ്ങളോടും ഞാൻ ഒരു ക്രിസ്ത്യാനിയായിത്തീർന്നിരിക്കുന്നു എന്ന കാര്യം പറഞ്ഞു.

എന്റെ ഉത്തമ സുഹൃത്തായിരുന്ന ഒരു മുസ്ലീം പത്രപ്രവർത്തകൻ ഈ കാര്യം ബഞ്ചാർ മസിനിലുള്ള "ഹാരിയൻ ഉത്മ" എന്ന പത്രത്തിൽ കൊടുത്തു. വെണ്ടക്കാ അക്ഷരത്തിൽ തന്നെ H. അർസൈയ്യ്ദ് മരാൻ എഴുതി:

## സംഘടനയിലെ ശ്രദ്ധേയനായ ഒരു വ്യക്തി ക്രിസ്ത്യാനിയായി.

ജിഹാദിന്റെ മുഖ്യ പത്രാധിപനും മുപ്പതുകളിലെ പ്രശസ്തനായ ഒരു മുസ്ലീമുമായിരുന്നു അദ്ദേഹം. മറ്റുള്ളവരുടെ കൂട്ടത്തിൽ Js. അൻറ്റമാസ്സ് എഴുതി.

# ഒരു മുസ്ലീം സ്നേഹിതന്റെ ക്രിസ്തീയമത ത്തിലേക്കുള്ള പരിവർത്തനം.

**വളരെ ആശ്ചര്യകരമായ വാർത്ത!**

മറ്റൊരു പത്രപ്രവർത്തകൻ അർതു അർത്ത പ്രതീക്ഷിച്ചത്: "സ്വതന്ത്ര സമരസേനാനികളിൽ അഗ്രഗണ്യനായ ഹംറാൻ അംബ്രിയുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഈ വാർത്ത ശരിയാണെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല".

ഈ ഉൽക്കണ്ഠാകുലമായ വാർത്തകൾക്കു ബഞ്ചാർ മൻസിനിലെ മുസ്ലീംകൾ മുൻവിധിയോട് കൂടെ പ്രതികരിച്ചു: "ഈ കാലത്തെ സാമ്പത്തികമായ കുഴപ്പം ഒരുവനെ മതമാറ്റത്തിന് വിധേയനാക്കാനും മതി". ഈ മുസ്ലീമിന്റെ പേര് നല്കപ്പെട്ടിരുന്നില്ല.

മുസ്ലീം സർവ്വകലാശാലയായ I.A.I.N. അൻറ്റസാരി എന്റെ മതപരിവർത്തനത്തിന് പ്രതികരിച്ചു. അതിനിടെ ബഞ്ചാർമൻസിനിലെ PMW (മുഹമ്മദീയ്യ)യുടെ സെക്രട്ടറി ഞാൻ ഒരു മുഹമ്മദീയ്യ പ്രവർത്തകനാണെന്ന വാർത്ത നിഷേധിക്കുകയും ഞാൻ ഒരു മുസ്ലീം ആയിരുന്നു എന്നും അംഗീകരിക്കുകയും ചെയ്തു.

ഞാൻ ലജ്ജിതനായിതീരേണ്ടതിന്നും തൽഫലമായി ഇസ്ലാമിലേക്കു മടങ്ങി വരേണ്ടതിനുമായിരുന്നു മേൽപറയപ്പെട്ട പത്രങ്ങളെല്ലാം എന്റെ മതമാറ്റത്തെക്കുറിച്ചു എഴുതിയത്. എന്നാൽ ദൈവഹിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നു അവരുടെ ആഗ്രഹം എന്നെ ഇളക്കി വിടുവാനും അങ്ങനെ ഞാൻ യേശുക്രിസ്തുവിന്റെ ദൈവീകത്വത്തെക്കുറിച്ചുള്ള സത്യത്തിന്റെ സജീവ സാക്ഷിയായ ഒരു ക്രിസ്ത്യാനി ആയിത്തീരുവാനും ദൈവം അവരെ ഉപയോഗിച്ചു. അങ്ങനെ ഏകദേശം രണ്ടുമാസത്തോളം ബഞ്ചർ മൻസിനിലുള്ള ഹാരിയൻ ഉത്മ എന്ന പേപ്പറിന് ക്രിസ്തുമതത്തിലേക്കുള്ള എന്റെ പരി

വർത്തനം തലക്കെട്ടായും പൊതുജനങ്ങളുടെ സംസാരമായും തീരുകയുണ്ടായി. മിക്കവാറും രക്തം ചിന്തപ്പെട്ടു എന്ന വാർത്ത പോലും ഞാൻ കേൾക്കുകയുണ്ടായി. ഈ വാർത്ത കള്ളക്കഥയാണെന്ന് ധരിച്ച എന്റെ സ്നേഹിതർ ലേഖകനെ ആക്രമിക്കാൻ ഒരുങ്ങി ഉടൻതന്നെ ഞാൻ ഒരു "തുറന്നകത്ത്" – വിശ്വാസത്തിന്റെ പ്രസ്താവന ഉടൻതന്നെ ബഞ്ചാർ മസിനിലുള്ള ഹാരിയൻ ഉത്മക്ക് എഴുതിയത് ഭാഗ്യമായി. അത് ഇപ്രകാരം പ്രസിദ്ധീകരിച്ചു.

## ഒരു തുറന്ന കത്ത്

### ഹാരിയൻ ഉത്മ വായനക്കാർക്കു
### അസ്സലാമു അലൈക്കും

ബഹുമാന്യരേ,

1964 മുതൽ ഞാൻ മതപരിവർത്തനം ചെയ്യപ്പെടുകയും ഇപ്പോൾ പ്രൊട്ടസ്റ്റന്റ് ക്രിസ്തീയ വിശ്വാസിയായി തീരുകയും ചെയ്തത് സത്യമാണെന്ന് ഞാൻ സാക്ഷീകരിക്കുന്നു.

എന്നെ ഒരു സ്വാതന്ത്ര്യ സമരസേനാനിയായും ഒരു ശ്രദ്ധേയനായ മുസ്ലീമായും വിശദീകരിക്കുന്നതിനാൽ താങ്കളുടെ പത്രവാർത്തകൾ വളരെ അധികം വികാരോജ്ജ്വലമായിരിക്കുന്നു.

ഇക്കാലമത്രയും ഞാൻ ഒരിക്കലും ഒരു സമരസേനാനി ആയോ ശ്രദ്ധേയനായ മുസ്ലീമായോ എനിക്കു തന്നെ തോന്നിയിട്ടില്ല എങ്കിലും എന്റെ സ്നേഹിതർ കാണിച്ച എല്ലാവിധ പ്രതികരണങ്ങൾക്കും അഭിനന്ദനങ്ങൾക്കും ഞാൻ അതീവ നന്ദിയുള്ളവനാണ്. എന്റെ സഹോദരങ്ങൾ എഴുതിയതുപോലെ മുമ്പ് ഞാൻ സമരത്തിൽ പങ്കെടുത്തിട്ടുണ്ട് എങ്കിൽ, നമ്മുടെ മാതൃരാജ്യത്തിന്റെ സന്തതി എന്ന നില

ക്കുള്ള എന്റെ കർത്തവ്യം മാത്രമായിരുന്നു അത്. അക്കാരണ ത്താൽ തന്നെ എന്റെ സേവനത്തിന് സ്വാതന്ത്ര്യസമരത്തിലെ അഗ്രഗണ്യനെന്നോ, പ്രായവും പക്വതയുമുള്ള സൈനികൻ എന്നോ ഉള്ള ഒരു സേവന മുദ്രയോ സ്വീകരിക്കേണ്ട എന്ന തായി തീർന്നിരിക്കുന്നു എന്റെ തത്വം. ഞാൻ എന്റെ ചുമതല നിർവഹിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

എന്റെ എല്ലാ സ്നേഹിതർക്കും വിശേഷിച്ചു അത്യാ വശ്യമായവ എഴുതിയ H. അർസയ്ദ് മനാനും (താങ്കളുടെ ലറ്റർ ഞാൻ അംഗീകരിച്ചിട്ടില്ല). Js. അൻടെമസ്സിനും അർതുബും അർതക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു. സ്വാതന്ത്ര്യസമര സേനാനികളിൽ അഗ്രഗണ്യൻ എന്ന സ്ഥാനപ്പേരിന് ഞാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന ഒരു ഭേദഗതിയല്ലാതെ നിങ്ങ ളുടെ കത്തുകളിൽ നിഷേധിക്കത്തക്കതോ ഞാൻ പ്രതികരി ക്കത്തക്കതോ ആയി ഒന്നും തന്നെ ഇല്ല.

ക്രിസ്തീയ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിന്റെ വക്താ വാണ് ഞാനെന്നും കാണിച്ചുകൊണ്ടുള്ള വിശ്വാസത്തിന്റെ കുറിപ്പുകൾ ഞാൻ അർതും അർതക്കു അയച്ചിട്ടുണ്ട്.

എന്തുതന്നെ സംഭവിച്ചാലും മിത്രങ്ങൾ മിത്രങ്ങളായി തന്നെ അവശേഷിക്കും. യഥാർത്ഥ സൗഹൃദം ഒന്നിനാലും വിഛേദിക്കപ്പെടാവതല്ല.

ഇത്രമാത്രം, ബന്ധപ്പെട്ട എല്ലാവർക്കും നന്ദി.

ജക്കാർത്ത, 6.5. 72 — വിശ്വസ്തതയോടെ,

ഹംറാൻ അംബ്രി

# എന്റെ സജീവമായ ക്രിസ്തീയ സാക്ഷ്യജീവിതത്തിന്റെ ആരംഭം

മേൽപറഞ്ഞ തുറന്നകത്ത് പ്രസിദ്ധീകരിച്ചതിന് ശേഷം ബഞ്ചർമസിനിൽ നിന്നും ഹുലു സുൻഗൈയിൽ നിന്നുമുള്ള എന്റെ സ്നേഹിതരുടെ വ്യസനകരവും ഖുർആൻ വചനങ്ങളുടെ അടിസ്ഥാനത്തിൽ ഉപദേശിച്ചുകൊണ്ടും താക്കീത് നല്കിക്കൊണ്ടുമുള്ള ധാരാളം കത്തുകൾ ലഭിച്ചു. ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യപ്പെടാനുണ്ടായ കാരണങ്ങൾ ആരാഞ്ഞു കൊണ്ടുള്ള കത്തുകളും ഉണ്ടായിരുന്നു.

ഇതൊക്കെയായിരുന്നു നിവർന്നുനിന്നു എന്റെ സാക്ഷ്യം വ്യക്തമായി പറയുവാൻ ആദ്യമായി ഉണ്ടായ കാരണങ്ങൾ. ആദ്യമൊക്കെ ഒരു ടൈപ്പ് റൈറ്റർ മുഖേന ഓരോ കത്തുകൾക്കും ഞാൻ വ്യക്തിപരമായി തന്നെ മറുപടി നല്കി. സ്റ്റെൻസിലിൽ ഇത് കൂടുതൽ പുരോഗമിച്ചു വിശ്വാസത്തിന്റെ കുറിപ്പുകളെ വിശദകീരിക്കുന്നവയായിതീർന്നു. വീണ്ടും ഇത് കൂടുതൽ വിപുലമാക്കി. **"ദൈവം, യേശു പരിശുദ്ധാത്മാവ്"** എന്ന ഒരു ഉപന്യാസം തയ്യാറാക്കി അത് ഹാൻഡ് പ്രസ്സിൽ അച്ചടിച്ചു. 1973-ൽ **ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ക്രിസ്തീയോപദേശവും ക്രിസ്തുശാശ്ത്രവും** തുടർന്നു പ്രസിദ്ധീകരിച്ചു. അതിന്റെ ഫലമായി ചോദ്യരൂപത്തിലും അനുകമ്പയോടും ഉള്ള ധാരാളം എഴുത്തുകളും ലഭിച്ചു. സത്യാന്വേഷണരൂപത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിധത്തിലുള്ള എഴുത്തുകളും ഉണ്ടായിരുന്നു.

എന്റെ വിശ്വാസത്തെ എതിർത്തുകൊണ്ടു ധാരാളം മുസ്ലീം മാസികകൾ ജാവയിൽ പ്രസിദ്ധീകരിച്ചു. ആ ലേഖനങ്ങൾ മുഖാന്തിരം ധാരാളം കത്തുകൾ എനിക്കു ലഭിച്ചു. ഇന്തോനേഷ്യയുടെ എല്ലാ ഭാഗത്തുനിന്നും ബഞ്ചാർ മസിനിൽ നിന്നും മുസ്ലീം അധികമായി പാർക്കുന്ന കിഴക്കൻ ജാവയുടെയും പടിഞ്ഞാറൻ ജാവയുടെയും മദ്ധ്യജാവയുടെയും ഭാഗത്തുനിന്നും

സുമാത്രയിൽ നിന്നും (പാലെം ബാങ്ക്, മേദൻ, പതങ്ങ്, ആക് (ഈജിപ്ത്, മലേഷ്യ തുടങ്ങിയ) വിദേശരാജ്യങ്ങളിൽ നിന്നും ചില കത്തുകൾ വന്നു

സ്വാഭാവികമായും ഞാൻ എഴുന്നേറ്റ് എന്റെ സാക്ഷ്യം നല്കിയത് ദൈവികമായ ഒരു മാർഗ്ഗദർശനം തന്നെ ആയിരുന്നു.

ഈ ബന്ധങ്ങളെല്ലാം ആറ് മാസത്തോളം നിലനിന്നു. ക്രിസ്തുമതത്തിലെ വിഭിന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ചില ചോദ്യോത്തരങ്ങൾ ഞാൻ ക്രോഢീകരിച്ചു പുസ്തകമാക്കുകയും സത്യത്തിന്റെ രേഖയായി ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1. മേദനിൽ നിന്നുള്ള മുസ്ലീം പത്രാധിപനായ H.M. യൂസഫ് സുഐബുമായുള്ള എഴുത്തുകുത്ത് (ജക്കാർത്തയിലെ ഖിബ്ലത്ത് മാസികയുടെ സഹപത്രാധിപനായ).

2. സമൂദിയുമായുള്ള കത്തിടപാട് (സൽതിഗയിലെ ഇസ്ലാമിക് അദ്ധ്യാപകനായ)

3. ഇമാം മൂസ പ്രൗജോസിസ് വയോയുമായുള്ള സമ്പർക്കം (ജക്കാർത്തയിലെ സ്റ്റഡി ഇസ്ലാം മാഗസിന്റെ പത്രാധിപനായ)

4. വഹ്യോനോ ഹാദിയുമായുള്ള ബന്ധം.

5. അലിയാ് അകൂബ് മൻടൊൻദാങ്കുമായുള്ള കത്തിടപാട്.

6. ഇന്തോനേഷ്യയിലെ ദൻപസർ ബാലിയിലുള്ള ഇസ്ലാം ജമാഅത്ത് അഹമ്മദിയ്യയുടെ വക്താവായ എ. ഹസ്സൻ ടൗവുമായുള്ള എഴുത്തുകുത്ത്.

7. സുറബയായിലെ ഒരുപറ്റം മുസ്ലീം വിദ്യാർത്ഥികളായ ആസിഫ്, ഫഹ്മിയും മറ്റുമായുള്ള കറസ്പോണ്ടൻസ്.

8. ബാൻത്തുങ്ങിലെ സിമാഹിയിലെ അഗുങ്ങ് സെൻട്രൽ പള്ളിയുടെ തലവൻ എം.എ. ഫാദീലിയുമായുള്ള ബന്ധം.

1979-വരെ ഇന്തോനേഷ്യയുടെ എല്ലാ ഭാഗത്തു നിന്നുമുള്ള മുസ്ലീം സഹോദരങ്ങളുടെ ആയിരക്കണക്കിനു കത്തുകൾക്കു ഞാൻ മറുപടി അയച്ചു. ദിനംതോറും വന്നുകൊണ്ടിരുന്ന കത്തുകൾ എന്നെ കൂടുതൽ ശക്തിമത്താക്കിതീർത്തു. അവ കാണിക്കുന്നത് ഈ എഴുത്തുകാർ എല്ലാവരും സത്യാന്വേഷികളാണെന്നും എന്റെ വിശദീകരണം അവരെ സംതൃപ്തരാക്കി എന്നുമാണ്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ! ചിലരൊക്കെ എന്നെ വ്യക്തിപരമായി സന്ദർശിക്കുകയും ചെയ്തു. എന്റെ മതമാറ്റത്തിനും സത്യാനേഷണത്തിനും എന്തുമാത്രം പ്രാധാന്യം നല്കപ്പെട്ടിരുന്നുവോ അത്രമാത്രം ഞാനും സന്ദർശകരുമായി സത്യത്തെക്കുറിച്ചും യേശുവിലുള്ള വിശ്വാസത്തെക്കുറിച്ചും ചർച്ച ചെയ്യുവാനായി എല്ലാ ചൊവ്വയും, വ്യാഴവും ശനിയും രാവിലെ മുതൽ വൈകുന്നേരം വരെ പ്രത്യേകം സമയം വേർതിരിച്ചു.

ഇതിനെല്ലാം ദൈവത്തിന് സ്തുതി. ബൈബിളിന്റെ സത്യസന്ധതയും യേശുക്രിസ്തുവിന്റെ ദൈവീകത്വവും യേശുക്രിസ്തുവെ ശരിയാംവണ്ണം എന്റെ മുസ്ലീം സ്നേഹിതരും മനസ്സിലാക്കേണ്ടതിനു അവർക്കു വിശദീകരിച്ചു കൊടുക്കുവാനുള്ള ഒരു മാർഗ്ഗമായി ദൈവം എന്നെ ഉപയോഗിച്ചു.

ചോദ്യങ്ങൾക്കു ഉത്തരം നല്കുന്നതും, തിരസ്കരണവും നിമിത്തം സത്യം വേഗം വ്യക്തമാക്കണമെന്നും വേദപുസ്തകം ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതും യേശുക്രിസ്തുവിന്റെ ദൈവീകത്വത്തേക്കുറിച്ചു ഈയിടെ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ മാറ്റണമെന്നും എനിക്ക് ബോധ്യപ്പെട്ടു.

# പരസ്യ ശുശ്രൂഷ ആരംഭിക്കുന്നു

1973 മുതൽ 1978 വരെ എന്റെ വീട്ടിൽ നിന്നാണ് ക്രിസ്തുമതം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾക്കു മറുപടി അയച്ചുകൊണ്ടിരുന്നത്. സത്യത്തിന്റെ ഒരു രേഖയാണ് ഈ എഴുത്തുകൾക്കെല്ലാം ഞാൻ മറുപടി നല്കിയത്.

“ഈ നിമിഷം എനിക്കു ഒരു പുതിയ മേഖല, തരേണമെ, എന്റെ എഴുത്തുകുത്തുകളുടെ പ്രവർത്തനതലം ആകെ തരിശായി തീർന്നിരിക്കുന്നു” എന്ന് ഞാൻ 1978 ഫെബ്രുവരിയിൽ പ്രാർത്ഥിച്ചപ്പോൾ ഉടൻതന്നെ എന്റെ ഹൃദയത്തിൽ തന്നെ ഞാൻ വീടിന് പുറത്തുപോയി അവിടെ പുതിയ മേഖല കണ്ടുപിടിക്കണമെന്നുള്ള ഉത്തരം ലഭിച്ചു. പിറ്റെന്നു അതിരാവിലെ തന്നെ, ഏത് വഴിക്കുപോകണമെന്നറിയാതെ ഞാൻ എന്റെ വീടുവിട്ടിറങ്ങി. പ്രധാന വീഥിയിലെത്തിയപ്പോൾ ഞാൻ പോകേണ്ട വഴിക്കു എന്റെ കാലുകളെ നയിക്കേണമെന്നു ഞാൻ ദൈവത്തോട് അപേക്ഷിച്ചു. വടക്കോട്ട് പോകണമെന്നു എന്റെ ആത്മാവ് എന്നോട് പറഞ്ഞു. വ്യക്തമായി ദിക്കറിയാതെ ഞാൻ നടന്നു. ഞാൻ ഒരു ബസ്സോ, വാഹനമോ ഉപയോഗിച്ചില്ല. ഇന്തോനേഷ്യയിലെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിന്റെ മുന്നിൽ ഞാൻ എത്തിയപ്പോൾ ആ ഓഫീസിൽ പ്രവേശിക്കുവാൻ ദൈവം എന്നോട് കല്പിച്ചു. അവിടെ ആരേയും ശരിക്കറിയായ്കയാൽ ഞാൻ സംശയിച്ചു. പണ്ട് അവിടെ ഉണ്ടായിരുന്ന Rev. B.പ്രൊബോവിന്റോ സലാററിഗായിലേക്കു മാറ്റപ്പെട്ടിരുന്നു. ആ സ്ഥിതിക്കു ഓഫീസിൽ കയറിയാൽ ഞാൻ ആരോട് സംസാരിക്കും? ഞാൻ എന്താണ് പറയുക? എന്നാലും എന്റെ ആത്മാവ് മുന്നോട്ടു പോകുവാൻ എന്നെ നിർബന്ധിച്ചതിനാൽ ഞാൻ ഓഫീസിൽ കയറി.

ഞാൻ ഉള്ളിൽ പ്രവേശിക്കുന്നത് കണ്ട ഒരു സുഹൃത്ത് എന്നെ തിരിച്ചറിഞ്ഞു. ഉടൻതന്നെ "Mr. അമ്പ്രേ! ദൈവത്തിനു സ്തുതി, എന്തൊരു വഴിനടത്തിപ്പ്! ചിലർ താങ്കളെ കാണ്മാൻ ആഗ്രഹിക്കുന്നു". ഞങ്ങൾക്ക് സംസാരിക്കുവാനും കഴിഞ്ഞു. അതിനുശേഷം എന്നെക്കുറിച്ചു വളരെ അധികം കേട്ടിരുന്ന Rev. M.K.ഥ് ക്രാത്മത്ജക്കും എന്നെ കാണണമായിരുന്നു. ഈ സംഭാഷണം മുഖേന ഞാൻ അനുഗൃഹീതനായി തീർന്നു. അവർ എന്റെ ചില പുസ്തകങ്ങൾ വാങ്ങിക്കുവാനും ആഗ്രഹിച്ചു.

ഇതായിരിക്കുമോ പുതിയ കർമ്മരംഗം എന്ന് ചിന്തിച്ചു ഞാൻ ആശ്ചര്യപ്പെടുകയും അങ്ങനെ ആകരുതേ എന്ന് ആഗ്രഹിക്കുകയും ചെയ്തു. ഞാൻ വീട്ടിലേക്കു തിരിച്ചു പോകുവാൻ കാംക്ഷിച്ചു എങ്കിലും എന്റെ ആത്മാവ് വടക്കോട്ടുതന്നെ നടക്കുവാൻ പ്രേരിപ്പിച്ചു. ക്രമാത്ത് 5 (Kramat V)ൽ ചെന്നു നില്ക്കുന്നത്വരെ ഞാൻ നടന്നു. അകത്തുചെന്നു, Rev. Dr. ഐസ് M.O. പോർമെസിനെ ചെന്നു കാണ്മാൻ എന്റെ ആത്മാവ് എന്നോട് പ്രേരിപ്പിച്ചു. Rev. പോർമിസിനെ നല്ലപരിചയമില്ലാത്തതിനാലും ഞങ്ങൾ അദ്ദേഹത്തിന്റെ സംഘടനയിൽപ്പെട്ടവർ അല്ലാത്തതിനാലും അദ്ദേഹത്തോട് എങ്ങിനെ സംസാരിക്കുവാൻ കഴിയും എന്നോർത്തു ഞാൻ ആശ്ചര്യപ്പെട്ടു. ഞങ്ങൾ മൂന്ന് വർഷം മുമ്പ് പരസ്പരം കണ്ടിരുന്നു. ആത്മാവ് എന്നോട് പറഞ്ഞതനുസരിച്ച് ഞാൻ ക്രമത്ത് 5 ലേക്കു തിരിഞ്ഞു. ഭവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പായി ഞാൻ സംശയാലുവായിരുന്നു. മുമ്പ് ഈ ഭവനം ദൈവവേലക്കാരാൽ നിറഞ്ഞിരുന്നു. എന്നാൽ ഇപ്പോഴങ്ങനെയല്ല. മിക്കവാറും Rev. പോർമെസ് ഇവിടെന്നും മാറിയിരിക്കും. എന്നിരുന്നാലും Rev. പോർമെസ് എന്നെ കാണുകയും മുൻവശത്തെ കതകിനടുത്തുവന്ന് എന്നെ സ്വീകരിച്ചു ഇപ്രകാരം പറയുകയും ചെയ്തു. "ഹലോ Mr. അംബ്രി! ഇന്നലെ മുതൽ ഞാൻ താങ്കളെ കുറിച്ചു വിചാരപ്പെടുകയും താങ്കളുമായി ഒരു കാര്യം

ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുകയും ചെയ്യുകയായിരുന്നു. “ഞാൻ താങ്കളെ പ്രതീക്ഷിക്കുകയായിരുന്നു - ഒരു പക്ഷെ നമുക്കൊരുമിച്ചു പ്രവർത്തിക്കാം”. എനിക്കു കൂടുതൽ ആശ്ചര്യം തോന്നി. എങ്ങനെയാണ് Rev. ഐസ് പൊർമസ്സിന് എന്നെക്കുറിച്ചു ഓർമ്മവന്നത്? ഞങ്ങൾ നന്നായി പരിചയപ്പെട്ടിട്ടില്ലായിരുന്നു. പക്ഷെ എന്റെ മിനിഞ്ഞാന്നത്തെ പ്രാർത്ഥന ഞാൻ ഓർത്തു. ഒരു പക്ഷെ ഇവിടെ പുതിയ പ്രവർത്തനത്തിൽ പ്രവേശിക്കുവാൻ ആത്മാവ് എന്നെ വഴി നടത്തിയതാവാം.

ഈ സംഭാഷണത്തിൽ എന്റെ ഹൃദയത്തെയും വികാരങ്ങളെയും നവീകരിക്കുന്ന പല സംഗതികളും ഉണ്ടായിരുന്നു. ദൈവീകവേലയിൽ തന്നോടൊത്ത് സഹകരിക്കുവാൻ Rev. പോർമെസ് ആഗ്രഹിച്ചു. ആ സമയത്ത് മോശമായിരുന്ന എന്റെ ശരീരസ്ഥിതിയെയും അദ്ദേഹം സംരക്ഷിച്ചു.

അവസാനം Rev. പോർമെസ് തന്റെ ഒരു കത്ത് സോലോ സ്ട്രീറ്റ് 4 ലുള്ള ഭൂമി ആശിഷിന്റെ ഡയറക്ടറായ എം.കെ.സിനാഗക്ക് കൊടുക്കുവാനായി തന്നു. അതെടുത്ത് ഞാൻ വ്യക്തിപരമായി തന്നെ അദ്ദേഹത്തിന് നല്കി. വെള്ളിയാഴ്ച രാവിലെ ഹോട്ടൽ ഇന്തോനേഷ്യയിലേക്കു പോകുവാൻ കെ.എം.സിൻഗായുടെ വീട്ടിൽ നിന്നും നിർദ്ദേശിച്ചു. ധാരാളം സുവിശേഷകർ എന്നെ പരിചയപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു.

C.B.M.C. എന്നറിയപ്പെടുന്ന ജക്കാർത്തയിലെ ക്രിസ്തീയ വ്യാപാരികളുടെ ഒരു പ്രാർത്ഥനാ യോഗത്തിൽ സംബന്ധിക്കാനായി 1978, ഫെബ്രുവരി മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ ഞാൻ ഇൻഡോനേഷ്യൻ ഹോട്ടലിൽ പോയി. ആമുഖത്തിൽ നിന്നുതന്നെ ഈ ആളുകളിൽ ചിലർക്ക് എന്റെ പേർ അറിയാമെന്നും അന്നുതന്നെ എന്നെ വ്യക്തിപരമായി കാണുവാൻ ആഗ്രഹിച്ചെന്നും മനസ്സിലായി. ആ സമയം

മുതൽ ധാരാളം ഭവനകൂട്ടായ്മയിലേക്ക് പങ്കെടുക്കുന്നതിന് എനിക്കു ക്ഷണം ലഭിച്ചു. അങ്ങനെ ഇതൊക്കെ ചേർന്നു അവ സാനം ഒരു സഭാ ആരാധനയായും തീർന്നു. ജക്കാർത്തക്കും ബൺണ്ടങ്ങിനും ചുറ്റുമുള്ള ധാരാളം സഭകളിൽ എനിക്കു സാക്ഷ്യം പറയേണ്ടി വന്നു. തെക്കെ കെലിമൻറ്റാൻ (ബഞ്ചാർ മസിൻ, അമുൾടായി) മദ്ധ്യകലിമൻററായിൽ (പലൻകരയ) കിഴക്കേ ജാവ (സുരഭയും മലങ്ങും) ബൻതുങ്ങും തുടങ്ങി ജക്കാർത്തക്കു വെളിയിൽ മറ്റു രാജ്യങ്ങളിലും ഞാൻ സേവനം അനുഷ്ഠിച്ചു.

ഇതായിരുന്നു എന്റെ പുതിയ പ്രവർത്തനമണ്ഡലം. എല്ലാവിധത്തിലും യോഗങ്ങളിൽ പങ്കെടുത്തും സഭാ ശുശ്രൂഷ നിർവഹിച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരെ അറിയിച്ചുകൊണ്ടുള്ള എന്റെ പ്രവർത്തനം ഞാൻ വിശ്വസ്ത തയോടെ നിർവഹിക്കും.

ഭവനത്തിന് വെളിക്കുള്ള എന്റെ ഈ പുതിയ ശുശ്രൂഷ നിമിത്തം കറസ്പോണ്ടൻസ് ഞാൻ നിറുത്തിയിരുന്നില്ല. അവ കൂടുതൽ വർദ്ധിച്ചുവന്നു. ദൈവത്തിന് സ്തുതി! കത്തുക ളെല്ലാം എനിക്കു ഒരു അനുഗ്രഹമായി തീർന്നു. ധാരാളം അന്വേഷകരെ സന്തോഷത്തോടെ സേവിക്കുവാൻ എനിക്കു കഴിഞ്ഞു.

## ദൈവം എന്റെ സേവനത്തെ വളരെ അധികം വർദ്ധിപ്പിച്ചു.

ജക്കാർത്തയിലെ ബൻണ്ടഗാരി തെരുവിലുള്ള ദാറു സ്സലാം പള്ളിയിൽ വച്ചു ലംബഗാ പെൻഗജ്യൻ ഇല്ലാം അൽഫുർഖാനിൽ ചേർന്നിട്ടുള്ള മുസ്ലീം യുവാക്കളുടെ ഗ്രൂപ്പി നോട് 1979 മെയ് 13-ന് ഒരു പ്രസംഗം ചെയ്യണമെന്ന് ആവശ്യ പ്പെട്ടുകൊണ്ടുള്ള ഒരു ക്ഷണക്കത്ത് എനിക്കു ലഭിച്ചു. “യേശുക്രിസ്തുവിന്റെ ദൈവീകത്വം” എന്നതായിരുന്നു ചർച്ചാ

വിഷയം. Drs. അബു നിയാമിൻ റോഹവും, സാനി ആർദിയും ആയിരുന്നു പ്രധാന താർക്കികർ. ഇസ്ലാമിക വിദ്യാർത്ഥികളും അദ്ധ്യാപകരുമായി ശ്രോതാക്കൾ നൂറ് പേരോളമായിരുന്നു. ഞാൻ മാത്രമായിരുന്നു ഉത്തരം നല്കുവാനായി വന്നത്. അവസാന പ്രതികരണം നന്നായിരുന്നു. സൗഹാർദ്ദപരമായി ഹസ്തദാനത്തോടെ മീറ്റിങ്ങ് അവസാനിക്കുകയും ചെയ്തു.

1979 ജൂലൈയ് 22 മുതൽ മുസ്ലീം ദൈവശാസ്ത്ര സമിതി മജിലിസെ ഉലമയിലെ വിവിധ പണ്ഡിതന്മാരുമായി എന്റെ പ്രസംഗങ്ങൾ തുടർന്നുകൊണ്ടിരുന്നു. "സർവ്വശക്തനായ ദൈവം - ത്രിത്വത്തിൽ ഏകനോ?" എന്നതായിരുന്നു ചർച്ചാവിഷയം. വാദപ്രതിവാദത്തിൽ പങ്കെടുക്കുവാനായി അവർ 10 പേരുടെ പേര് നിർദ്ദേശിച്ചു. അവരിൽ പ്രഫസർ. ഡോക്ടർ. H.M. റാഷിദി, ഡോക്ടർ ഹുൻയാമിൻ റോഹൻ, ഡോക്ടർ ടാഗോർ, ഡോക്ടർ അസ്മുനി ഇവരായിരുന്നു. നിയന്ത്രകൻ ഡോക്ടർ മർമൻസ്യാ റഹ്മാൻ ആയിരുന്നു. ബുദ്ധിശാലികളും ഇസ്ലാമികാദ്ധ്യാപകരും നേതാക്കളുമായി 150 ഓളം സന്ദർശകരും ഉണ്ടായിരുന്നു.

ആഗസ്റ്റ് 15 ന് ശേഷം രണ്ടു മാസത്തിനുള്ളിൽ ജക്കാർത്തക്ക് വെളിയിലായി കിഴക്കും, പടിഞ്ഞാറും ജാവയുടെ പല സ്ഥലങ്ങളിലും ഞാൻ സന്ദർശനത്തിന്നായി പോയി. സെപ്റ്റംബർ ഒന്നിന് ഞാൻ മെനാഡോ, ഉജ്ജുങ്ങ്, വൻതങ്ങ്, തനാ, തോർജ, പലോപോബലി കപൻ, ബഞ്ചർമസിൻ, കാപുആസ് എന്നിവിടങ്ങളിൽ ഒരു സുവിശേഷ ദൗത്യ സന്ദർശനവും നടത്തി.

✳ ✳ ✳ ✳ ✳

# ഉപസംഹാരം

ഓരോ മനുഷ്യന്റെയും പരമപ്രധാനമായ ലക്ഷ്യം രക്ഷയാണ്. ഇതിൽ തന്റെ രക്ഷ, തന്റെ കുടുംബത്തിന്റെ രക്ഷ, തന്റെ വസ്തുവകകളുടെ രക്ഷയും മറ്റുവിധത്തിലുള്ള രക്ഷയും ഉൾപ്പെടുന്നു. ഈ ഉദ്ദേശ്യങ്ങളെല്ലാം തന്റെ ജീവന്റെ സന്തുഷ്ടിയുടെ നിർണ്ണായകമായ ലക്ഷ്യമായി തീരുന്നു.

ഒരു മതത്തിൽ വിശ്വാസമുള്ള മനുഷ്യനെ സംബന്ധിച്ചിടത്തോളം രക്ഷ ഈ ലോക ജീവിതത്തിൽ മാത്രമല്ല. പാപത്തിന്റെ സ്വാധീനതയിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള തന്റെ ആത്മാവിന്റെ രക്ഷയും കൂടി അതിൽ ഉൾപ്പെട്ടിരിക്കുന്നു. അവന്റെ ആത്മീക ജീവിതം സ്വർഗ്ഗീയ ജീവിതത്തിന്റെ അടിത്തറയായ സ്നേഹത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ആദമും ഹവ്വയും പാപത്തിൽ വീണിട്ടില്ല എങ്കിൽ ഇന്നും മനുഷ്യർ അനശ്വരരായി ജീവിക്കുമായിരുന്നു. ദൈവകല്പന ലംഘിച്ച ആദാമിന്റേയും ഹൗവ്വായുടേയും ജന്മപാപത്താൽ അവരോടൊപ്പം മുഴുമനുഷ്യവർഗ്ഗവും നിത്യജീവനിൽ നിന്നും ഒഴിവാക്കപ്പെട്ടു. നാശകരമായ ഒരു ജീവിതം അനുഭവമാകയും ആത്മീകവും ശാരീരികവുമായ മരണത്തിന് വിധേയപ്പെടുകയും ചെയ്തു.

ആദമിന്റേയും ഹവ്വയുടെയും പാപഫലമായി നമുക്കു പൈതൃകമായി ലഭിച്ചതാണ് ഭൗതീകവും ആത്മീയവുമായ മരണവും ഈ അധഃപതിച്ച ജീവിതവും. നമ്മുടെ ലോകത്തിലെ സർവ്വമനുഷ്യരിലും എന്നിലും നിങ്ങളിലും ഇത് വ്യാപിച്ചിരിക്കുന്നു.

എന്നാൽ പരമകാരുണ്യകനും കരുണാനിധിയുമായ ദൈവം നാം മരിച്ചവരായും ദൈവത്തിൽ നിന്നും വേർപെട്ടവരായും ഇരിപ്പാൻ തുടർന്ന് ആഗ്രഹിക്കുന്നില്ല. തന്നിമിത്തം

ആദമും ഹവ്വയും ആദ്യം സൃഷ്ടിക്കപ്പെട്ടതിലും മേന്മയേറിയ നിത്യജീവൻ നമുക്കു നല്കുവാൻ അവൻ വാഗ്ദത്തം നല്കുകയുണ്ടായി.

## ഒന്നാംഘട്ടം

വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ദൈവം പ്രവാചകന്മാർ മുഖാന്തരം, നാം മാനസാന്തരപ്പെടണമെന്നും, തന്നിലേക്കു തിരിച്ചു വരണമെന്നും, അവനെ അനുസരിക്കണമെന്നും പ്രവാചകരുടെയും മോശെയുടെയും കല്പനകൾ അനുസരിക്കണമെന്നും കല്പിച്ചു. (എബ്രാ. 1:1 a)

## രണ്ടാംഘട്ടം

"ജീവന്റെ വചനം" എന്നും പിതാവിന്റെ ഏകജാതൻ എന്നും ഉള്ള വചനം ദൈവം യേശുക്രിസ്തുവിൽ ജനിപ്പിച്ചു. (എബ്രാ. 1, 1 b; യോഹ. 1:1, 14; 1 യോഹ 1. 1).

## മൂന്നാംഘട്ടം

വേദപുസ്തകത്തിൽ എഴുതപ്പെട്ട ദൈവവചനം അനുസരിക്കുവാൻ കഴിയേണ്ടതിന്നായി നമ്മുടെ ഈ ലോകത്തെ ധാരാളം ആളുകളെ സഹായിക്കേണ്ടതിന്നായും അവർക്കു ദിവ്യമായ മാർഗ്ഗദർശനം നല്കേണ്ടതിന്നായും ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ തന്റെ ആത്മാവിനാൽ തന്നെ ജനങ്ങളെ വഴി നടത്തുന്നു. അത് കൊണ്ട് ദിവ്യമായ പ്രമാണങ്ങളും അത്ഭുതകരമായ വാഗ്ദത്തങ്ങളും അനുസരിക്കുന്ന ഏവർക്കും നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

അത് മനസ്സിലാക്കിയേ തീരൂ:

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു! യോഹ. 3:16.

"വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്ന വൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാ വിധിയിൽ അകപ്പെടും" മാർക്കൊസ് 16:16.

യേശു പറയുന്നു.

"മോഷ്ടിപ്പാനും അറപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല". യോഹന്നാൻ 10:10.

"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങ ളോടുകൂടെ ഉണ്ട്" മത്തായി 28:20.

യേശുക്രിസ്തുവിന്റെ ശിഷ്യരോട് ദൈവദൂതൻ പറഞ്ഞു:

"ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടത്പോലെതന്നെ അവൻ വീണ്ടും വരും." അപ്പൊ 1:1.

ഇക്കാര്യത്തെക്കുറിച്ചു യേശു തന്നെ പറഞ്ഞു:

"അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജ സ്സോടും കൂടെ മേഘത്തിൽ വരുന്നത് അവർ കാണും" ലൂക്കൊസ് 21: 27.

യേശുക്രിസ്തുവിന്റെ രണ്ടാംവരവ് വേദപുസ്തക ത്തിൽ മാത്രമല്ല ഇതിന്റെ യാഥാർത്ഥ്യത്തെ മുസ്ലീംകളും വിശ്വ സിക്കുകയും പിൻതാങ്ങുകയും ചെയ്യുന്നു. മുഹമ്മദിന്റെ വച നങ്ങളായ ഹദീസിന്റെ പ്രസ്താവന ഈ പുസ്തകത്തിന്റെ 33-ാം പേജിൽ കാണാം. അവിടെ നീതിമാനായ ന്യായാധിപ നായി യേശു രണ്ടാമതും വരുന്നത് കാണാം.

ദൈവത്തിന്റെ മക്കൾക്കു നാല് വാഗ്ദത്തങ്ങൾ ഉറപ്പ് ചെയ്യപ്പെട്ടിരിക്കുന്നു.

1. സ്വർഗ്ഗത്തിൽ നിത്യജീവൻ ആദമിനും ഹവ്വയ്ക്കും തങ്ങളുടെ ആദ്യ സൃഷ്ടിപ്പിൽ ലഭിച്ചതിലും മഹനീയമായ ജീവിതം. സ്വർഗ്ഗീയ രക്ഷയുടെയും അനശ്വര ജീവിതത്തിന്റെയും അവകാശം പ്രാപിക്കേണ്ടതിന് മനുഷ്യർ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും തന്റെ വിശ്വസ്ത ശിഷ്യരായി സ്നാനം ഏല്ക്കുകയും വേണം.

2. സ്വർഗ്ഗത്തിൽ നിന്നുള്ള അനുഗ്രഹമായി ഭൗതീകമായും ശാരീരികമായും ആത്മീകമായും ഉള്ള ഒരു സമ്പൂർണ്ണ ജീവിതം. യേശുക്രിസ്തുവിന്റെ അനുഗാമികൾക്ക് ഒന്നിനും കുറവില്ലാത്തവരായി സമൃദ്ധമായി എല്ലാം ഉള്ളവരായുള്ള അനുഭവം ഉണ്ടായിരിക്കും.

3. യേശുക്രിസ്തുവിനെ ഏറ്റുപറയുകയും ഭക്തിയോടെ അവനെ പിൻതുടരുകയും ചെയ്യുന്നവൻ എവിടെ ആയിരുന്നാലും എന്നേക്കും ദൈവാത്മാവ് അഥവാ പരിശുദ്ധാത്മാവ് അന്ത്യംവരെ അവനോട് വസിക്കും.

എന്റെ പ്രിയ വായനക്കാരേ! ഞാൻ നിങ്ങൾക്ക് നിർദ്ദേശം നൽകട്ടെ!

ഇപ്പോൾ തന്നെ നിങ്ങളുടെ തീരുമാനം എടുക്കുക! വാഗ്ദത്തം ചെയ്യപ്പെട്ടതും ഇപ്പോൾ തന്നെ ഒരുക്കപ്പെട്ടതുമായ രക്ഷ സ്വീകരിക്കുവാൻ തീരുമാനിക്കുക. നിന്റെ ഹൃദയത്തിൽ വാഴുവാൻ യേശുവിനെ സ്വീകരിക്കുക. എങ്കിൽ നിങ്ങളുടെ പുതുജീവിതത്തിൽ നിങ്ങൾ നിർഭയരും സമാധാനം പ്രാപിച്ചവരും ആയിത്തീരും. എങ്കിൽ ദൈവത്തോടൊത്ത് അനശ്വരരായി നാം ഒരുമിച്ചു വസിക്കും.

ഈ അവസരം ഉപേക്ഷിക്കരുത്. നാളെത്തേക്കായി കാത്തിരിക്കരുത്. താങ്കൾ ഇന്നു ചെയ്യേണ്ടത് ചെയ്യുക. നാളെ ഒരു പക്ഷെ കൂടുതൽ താമസിച്ചെന്നുവരും. മാനസാന്തര ത്തിന്റെ വാതിൽ ഒരു പക്ഷെ അടക്കപ്പെടുകയും താങ്കൾക്ക് നിത്യമായ ശിക്ഷയും ദുഃഖവും അനുഭവിക്കുകയും ചെയ്യേണ്ടി വരും. നിങ്ങളുടെ ആത്മാർത്ഥ ഹൃദയത്തോടെ വരിക, നിത്യ മായ സ്വർഗ്ഗീയ രക്ഷയുടെ വാതിലിലൂടെ പ്രവേശിക്കേണ്ടതിന് യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക.

* * * * *

# Quiz

**പ്രിയ വായനക്കാരാ,**

പ്രചോദനപരമായ ഈ ജീവചരിത്രം ശ്രദ്ധാപൂർവ്വം നിങ്ങൾ വായിക്കുകയാണെങ്കിൽ താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നല്കുവാൻ കഴിയും. 24 ചോദ്യ ങ്ങൾക്ക് ശരിയായ ഉത്തരം നല്കുവാൻ കഴിഞ്ഞാൽ സമ്മാന മായി ഞങ്ങളുടെ തന്നെ മറ്റൊരു പുസ്തകം നിങ്ങൾക്കയച്ചു തരുന്നതാണ്. ദൈവത്തെക്കുറിച്ച് കൂടുതലായി പഠിക്കുവാനും തന്നെ അനുസരിക്കുന്നവരുടെ ജീവിതത്തിൽ ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുവാനും അത് നിങ്ങളെ സഹായിക്കും.

1. തൗറാത്തും ഇഞ്ചീലും തന്നെയാണ് ഇപ്പോൾ ലഭിക്കുന്ന ബൈബിൾ എന്നു കാണിക്കുന്ന ഖുർ ആനിലെ അടി സ്ഥാന വാക്യങ്ങൾ എഴുതുക?

2. ദൈവഹിതപ്രകാരം തൗറാത്തും ഇഞ്ചീലും സത്യമാണെ ന്നു കാണിക്കുന്ന ഖുർ ആനിലെ 4 പ്രധാന ഭാഗങ്ങൾ ഏതെല്ലാം ?

3. മോശെയും ക്രിസ്തുവും തമ്മിലുള്ള അതുല്യവും അസാ ധാരണവുമായ സാദൃശ്യങ്ങൾ എന്തെല്ലാം?

4. ആവർത്തനം 18-ൽ പ്രസ്താവിച്ചിരിക്കുന്ന അതുല്യപ്രവ ചനമായ ദൈവവചനത്തിന്റെ അവതാരമാണ് യേശു ക്രിസ്തു എന്നു സൂചിപ്പിക്കുന്ന പ്രധാന തെളിവുകൾ കാണിക്കുക?

5. ദൈവത്തിന്റെ സത്യവചനം തന്നെയാണ് ബൈബിൾ എന്ന് മനസ്സിലാക്കിയതിനുശേഷവും ഉടൻ തന്നെ യേശുക്രിസ്തു വിനെ സ്വീകരിക്കുവാൻ ഹംറാൻ അംബ്രിയ്ക്ക് കഴിഞ്ഞില്ല എന്തുകൊണ്ട്?

6. സുവിശേഷകരുടെയും പ്രഭാഷകരുടെയും മറുപടികളും വിവരണങ്ങളും അംബ്രി പൂർണ്ണമായും അംഗീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്?

7. ഹംറാൻ അംബ്രിക്ക് ഉണ്ടായിരുന്ന 3 പ്രധാന പ്രതിബന്ധങ്ങളെ അദ്ദേഹം എങ്ങിനെയാണ് അതിജീവിച്ചത്?

8. ഈ പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിന് ഹംറാൻ അംബ്രിയെ ദൈവം ഏതുവിധത്തിലാണ് സഹായിച്ചത്?

9. എന്തുകൊണ്ടാണ് യേശുവിനെ കർത്താവ് എന്നുവിളിക്കുന്നത്?

10. അംബ്രി ക്രിസ്ത്യാനിയായതിന് ശേഷവും ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിന് മാറ്റം വന്നില്ല. എന്തുകൊണ്ട്?

11. ദൈവത്തിന്റെ ഏകത്വസിദ്ദാന്തത്തെ ക്രിസ്തീയ ഉപദേശം സംശുദ്ധമാക്കുന്നതെങ്ങനെ?

12. ബഹുദൈവവിശ്വാസത്തിന്റെ അർത്ഥമെന്ത്?

13. ക്രിസ്ത്യാനികളെ ബഹുദൈവ വിശ്വാസികളായി കണക്കാക്കാൻ കഴിയുന്നില്ല എന്തുകൊണ്ട്?

14. ദൈവീകത്രിത്വം മുസ്ലീംങ്ങൾക്ക് ഒരു തടസ്സമായി നില്ക്കുന്നത് എന്തുകൊണ്ടാണ്?

15. വിശുദ്ധത്രിത്വത്തിന്റെ ഐക്യതയെ ക്രിസ്തീയ വീക്ഷണത്തിലൂടെ വിവരിക്കുക?

16. യേശുക്രിസ്തു യഥാർത്ഥമായി ക്രൂശിൽ തറയ്ക്കപ്പെട്ടുവെന്ന് നമുക്ക് എങ്ങനെ പറയുവാൻ കഴിയും?

17. യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവെന്ന് നമുക്കെങ്ങനെ അറിയാം?

18. ഏതെല്ലാം വിധത്തിൽ ഉള്ള മരണത്തിൽ നിന്നാണ് നാം ഉയിർത്തെഴുന്നേല്ക്കേണ്ടത്?

19. യേശുവിന്റെ ക്രൂശിന്റെ അർത്ഥത്തെക്കുറിച്ച് ചുരുക്കി എഴുതുക?

20. യെശയ്യാവ് 53:4-12 അഞ്ചുപ്രാവശ്യമെഴുതി മനഃപാഠമാക്കുക?

21. വാളെടുക്കുന്നവർക്കെല്ലാം എന്തു സംഭവിക്കും?

22. യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ ഖുർആൻ നിഷേധിക്കുന്നുണ്ടോ?

23. യേശു ലോകത്തിലേക്ക് മടങ്ങിവരുമ്പോൾ എന്തു ചെയ്യും?

24. ബൈബിൾ മാറ്റിത്തിരുത്തപ്പെട്ടു എന്നു കാണിക്കുന്നതിനായി ഖുർആൻ വാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്തിരിക്കുന്നത് എങ്ങനെയാണ്?

25. ബൈബിൾ അതിന്റെ യഥാർത്ഥ സത്യത്തിൽ നിന്ന് മാറ്റിത്തിരുത്തപ്പെട്ടു എന്നോ, ദുഷിപ്പിക്കപ്പെട്ടു എന്നോ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്ന ഒരു വചനമെങ്കിലും ഖുർആനിൽ ഉണ്ടോ?

26. നാം ക്രിസ്തുവിനെ പിൻതുടർന്നാൽ എന്തൊക്കെ കഷ്ടതകളാണ് അഭിമുഖീകരിക്കേണ്ടി വരിക?

27. ഹംറാനും കുടുംബവും തങ്ങളുടെ ജീവിതം യേശുവിനായി സമർപ്പിച്ചശേഷം എന്തൊക്കെ മാറ്റങ്ങളാണ് അവരുടെ ജീവിതത്തിൽ ഉണ്ടായത്?

28. ദൈവമക്കൾക്കായി ഉറപ്പ് ചെയ്യപ്പെട്ടിരിക്കുന്ന 3 വാഗ്ദത്തങ്ങൾ എന്തെല്ലാം?

29. യോഹന്നാൻ 3:16 ഉം അ. പ്ര. 4:12 ഉം 5 പ്രാവശ്യം എഴുതി മനഃപാഠമാക്കുക?

30. ജീവിക്കുന്ന ക്രിസ്തുവിനെ പിൻതുടരുവാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ?

* * * * *